**വിമർശനത്തിലെ മര്യാദ**

എന്തിനെയും ഏതിനെയും വിമർശിക്കുകയും നിരൂപണം നടത്തുകയും ചെയ്യുന്നത് പുതിയകാല പ്രവണതയാണ്. സോഷ്യൽമീഡിയയുടെ വരവോടുകൂടി ഇന്റർനെറ്റ് കണക്ഷൻ ഉള്ളവരെല്ലാം നിരൂപകരും വിമർശകരുമായി മാറിയ അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. വിമർശനവും നിരൂപണവുമൊക്കെയാവാം; ആരോഗ്യപരവും ഗുണകാംക്ഷയിൽ അധിഷ്ഠിതവുമായിരിക്കണം എന്നുമാത്രം.

VOL NO: 03 | ISSUE 46

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 NOVEMBER 16 | ₹12



# വാളയാർ മോഡൽ പീഡനങ്ങൾ: കാരണങ്ങൾ കാണാതെ പോകുന്നുവോ?

വാളയാറിൽ പറക്കമുറ്റാത്ത രണ്ട് പെൺകുരുന്നുകളുടെ മാനവും ഉയിരും പിച്ചിച്ചീന്തിയ നരാധമന്മാർക്കെതിരെയുള്ള നിയമനടപടികളിലെ അപര്യാപ്തതയെ കുറിച്ചുള്ള ചർച്ചകൾ മീഡിയകളിൽ സജീവമാണ്. എന്നാൽ പെണ്ണുടലിനെ കാമപൂർത്തീകരണത്തിനുള്ള ഉപാധിയായി മാത്രം കാണുന്ന മനോരോഗത്തെ സൃഷ്ടിച്ച പോണോഗ്രഫിയെന്ന മഹാമാരിയെ കുറിച്ച് ഇവർ മൗനത്തിലാണ് താനും. ലൈംഗികാതിക്രമ ചിന്തകളുടെ നാരായവേര് ചികയുമ്പോൾ പ്രതിക്കൂട്ടിലേക്ക് വഴികാണിക്കേണ്ടി വരുന്നത് ആർക്കൊക്കെ?

- സുന്നത്ത്: തെളിമയാർന്ന മാതൃക
- ബിദ്അത്തുകളെ ജീവിപ്പിക്കുന്നവർ
- കരുണയുള്ള പ്രവാചകൻ കരഞ്ഞ സന്ദർഭങ്ങൾ

# നാലാം വയസ്സിലേക്ക്...

WISDOM
ISLAMIC ORGANIZATION

## എഞ്ചിനിയറിങ് പഠനം; പാഴാക്കുന്ന ഭാവിയും പണവും

"ഉന്നത വിദ്യാഭ്യാസരംഗത്തെ മാർക്ക്ദാനവുമായി ബന്ധപ്പെട്ട വിവാദങ്ങൾ കെട്ടടങ്ങിയിട്ടില്ല. വിദ്യാർഥി ജീവിതത്തിലെ ഏറ്റവും നിർണായകഘട്ടമാണ് ഉന്നത വിദ്യാഭ്യാസം. അത് വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ വർഷങ്ങളുടെ അധ്വാനവും സമ്പത്തും നിഷ്ഫലമാകും. ഉന്നത വിദ്യാഭ്യാസരംഗത്ത് വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, ഭരണാധികാരികൾ... തുടങ്ങി മുഴുവൻ പേരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശകലനം ചെയ്യുന്നു."




ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

പ്രചാരണ മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

## വരി ചേരുക, വായിക്കുക...

## പ്രചാരണ മാസം

## 2019 നവംബർ: 15 - ഡിസംബർ: 15

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

# നേർപഥം
വാരിക

0148 / 2019 നവംബർ 16 / 1441 റബിഉൽ അവ്വൽ 19 / പുസ്തകം 3 / ലക്കം 46





## വാളയാർ മോഡൽ പീഡനങ്ങൾ: കാരണങ്ങൾ കാണാതെ പോകുന്നുവോ?


റസ്റ്റം ഉസ്മാൻ / 10

**മുഖമൊഴി**
വിമർശനത്തിലെ മര്യാദ / 05
എഡിറ്റർ

**വിമർശനം**
സുന്നത്തുകളെ മരവിപ്പിച്ച് ബിദ്അത്തുകളെ ജീവിപ്പിക്കുന്നവർ / 07
മൂസ സ്വലാഹി, കാര

**ക്വുർആൻ ദർശനം**
മആരിജ് (കയറുന്ന വഴികൾ), ഭാഗം: 4 / 16
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ലേഖനം**
കരുണയുള്ള പ്രവാചകൻ കരഞ്ഞ സന്ദർഭങ്ങൾ / 18
റിയാസ് സ്വലാഹി
സുന്നത്ത്: തെളിമയാർന്ന മാതൃക / 22
സയ്യിദ് സഅ്ഫർ സ്വാദിഖ്

**ഹദീസ് പാഠം**
എന്നെന്നും ബാക്കിയാകുന്നത് / 26
അബൂതൻവീൽ

**കൂട്ടായ്മ**
ഓൺലൈൻ ചർച്ചകളും പ്രബോധകന്റെ സൂക്ഷ്മതയും / 27
ടി.കെ അശ്റഫ്


**പുനർവായന**
ഉമർകുട്ടി ഹാജി: ഉത്പതിഷ്ണുത്വത്തിന്റെ പോരാളി / 30
കെ.പി.മുഹമ്മദ്ബിൻ അഹ്മദ്(റഹ്)

**കാഴ്ച**
നന്മനിറഞ്ഞ അയൽക്കാരാവുക / 34
സലാം സുറുമ എടത്തനാട്ടുകര



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു



### ലക്ഷ്യബോധമുള്ളവരാകണം വിദ്യാർഥികൾ

'നേർപഥം' ലക്കം 176ലെ എഞ്ചിനിയറിംഗ് പഠനവുമായി ബന്ധപ്പെട്ട് നബീൽ പയ്യോളി എഴുതിയ ലേഖനം ശ്രദ്ധേയമായി. വിഷയത്തിന്റെ നാനാവശങ്ങളിലേക്ക് വെളിച്ചം വീശുന്നതായിരുന്നു ലേഖനം.

'വിദ്യാഭ്യാസ രംഗത്ത് വിദ്യാർഥിസമൂഹത്തിന് ദിശാബോധം നൽകുകയും അവരെ ഉന്നതിയിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്യുക എന്നതാവണം നമ്മുടെ ലക്ഷ്യം. വിദ്യാർഥിത്വം ഉയർത്തിപ്പിടിക്കാൻ നമുക്ക് സാധ്യമാകണം. സക്രിയമായ ഇടപെടലുകൾക്ക് കളമൊരുക്കണം. പഠനകാലാം പഠിക്കാനുള്ളതാണെന്നും പഠനത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രവർത്തനങ്ങൾ തങ്ങളുടെ അജണ്ടയിൽ ഉണ്ടാവാൻ പാടില്ലെന്നും വിദ്യാർഥികളെ ബോധ്യപ്പെടുത്താൻ സാധിക്കണം.' വിദ്യാർഥി പ്രസ്ഥാനങ്ങളോടുള്ള ഈ നിർദേശം നിത്യപ്രസക്തമാണ്.

ഉന്നതവിദ്യാഭ്യാസം ഇന്ന് സാമ്പത്തികശേഷിയില്ലാത്തവർക്ക് കിട്ടാക്കനിയാണ്. ഈ അവസ്ഥക്ക് മാറ്റമുണ്ടാകേണ്ടതുണ്ട്. ലക്ഷങ്ങൾ നൽകി പ്രവേശനം നേടുന്ന വിദ്യാർഥികൾ പലരും രാഷ്ട്രീയ പാർട്ടികളുടെ കൈകളിലെ പാവകളായി ഭാവി തുലച്ചുകളയുന്നതും നാം കണ്ടുകൊണ്ടിരിക്കുന്നു. ലക്ഷ്യബോധമുള്ള പ്രൊഫഷണലുകളെ വളർത്തിയെടുക്കുവാൻ രക്ഷിതാക്കളും സർക്കാരും ശ്രദ്ധപുലർത്തേണ്ടതുണ്ട്.

**-യഹ്യ പി.കെ, കാസർകോഡ്**

### സാന്ത്വനമേകുന്നവനാകണം പ്രബോധകൻ

'സാന്ത്വനമേകുന്നവനാകണം പ്രബോധകൻ' എന്ന ടി.കെ അശ്റഫിന്റെ ലേഖനമാണ് ഈ കുറിപ്പിനാധാരം. രോഗികളെ സന്ദർശിക്കൽ മുസ്‌ലിമിന്റെ ബാധ്യതയിൽ പെട്ടതാണ്. പ്രബോധനരംഗത്തുള്ളവർ അതിൽ കൂടുതൽ ശ്രദ്ധയും താൽപര്യവും പുലർത്തേണ്ടതുണ്ട്.

പലരും ഒരു ചടങ്ങ് തീർക്കൽ എന്ന രൂപത്തിലാണ് രോഗികളെ സന്ദർശിക്കാറുള്ളത്. അല്ലാഹുവിങ്കൽനിന്ന് പ്രതിഫലം ലഭിക്കുന്ന ഒരു പുണ്യകർമമാണ് അത് എന്ന് അവർ ഓർക്കാറില്ല.

രോഗികളെ സന്ദർശിക്കുന്നവർ രോഗിക്കും കുടുംബത്തിനും ബുദ്ധിമുട്ടുണ്ടാക്കരുത്. ഒറ്റപ്പെടലിൽ നിന്ന് ആശ്വാസം പകരാൻ നമ്മുടെ സന്ദർശനത്തിനാവണം. രോഗിക്കു വേണ്ടി ആത്മാർഥമായി പ്രാർഥിക്കണം. ചികിത്സയെക്കുറിച്ചും കഴിക്കുന്ന മരുന്നുകളെ സംബന്ധിച്ചും രോഗിക്ക് ആശയക്കുഴപ്പമുണ്ടാക്കുന്ന രീതിയിൽ സംസാരിക്കരുത്. ചികിത്സ സംബന്ധിച്ച കാര്യമാത്ര പ്രസക്തമായ നിർദേശങ്ങൾ, കുടുംബത്തിലെ ബന്ധപ്പെട്ടവരോട് മാത്രം പങ്കുവയ്ക്കുന്നതാണ് നല്ലത്. ഡോക്ടർമാർ സന്ദർശനം വിലക്കിയ രോഗിയാണെങ്കിൽ സന്ദർശിക്കാതിരിക്കുകയാണ് നന്മ. എന്നാലും വിവരങ്ങൾ അറിഞ്ഞാൽ പ്രാർഥിക്കാൻ സാധിക്കും. അഭാവത്തിലുള്ള പ്രാർഥനയ്ക്ക് ഉത്തരം ലഭിക്കുമെന്ന് നബിﷺ പഠിപ്പിച്ചിട്ടുണ്ട്. രോഗവിവരം അറിഞ്ഞാൽ സന്ദർശിക്കുന്നതിനു മുമ്പ് തന്നെ പ്രാർഥനയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

ഇത്തരം നിർദേശങ്ങൾ പാലിച്ചുകൊണ്ടുള്ള സന്ദർശനം രോഗികൾക്കും അവരുടെ ബന്ധുക്കൾക്കും ഏറെ ആശ്വാസം നൽകുമെന്നതിൽ സംശയമില്ല.

**-അബ്ദുൽ സത്താർ.പി.പി, ഒറ്റപ്പാലം**

### ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# വിമർശനത്തിലെ മര്യാദ

എന്തിനെയും ഏതിനെയും വിമർശിക്കുകയും നിരൂപണം നടത്തുകയും ചെയ്യുന്നത് പുതിയകാല പ്രവണതയാണ്. സോഷ്യൽമീഡിയയുടെ വരവോടുകൂടി ഇന്റർനെറ്റ് കണക്ഷൻ ഉള്ളവരെല്ലാം നിരൂപകരും വിമർശകരുമായി മാറിയ അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. വിമർശനവും നിരൂപണവുമൊക്കെയാവാം; ആരോഗ്യപരവും ഗുണകാംക്ഷയിൽ അധിഷ്ഠിതവുമായിരിക്കണം എന്നുമാത്രം.

മുഹമ്മദ് നബിﷺയുടെ പ്രബോധനമാരംഭിച്ചത് നിലവിലുള്ള വിശ്വാസങ്ങളെയും ആചാരങ്ങളെയും അന്ധമായി നിഷേധിച്ചുകൊണ്ടല്ല. മറിച്ച്, കാര്യകാരണാടിസ്ഥാനത്തിൽ നിരൂപണം ചെയ്തുകൊണ്ടാണ്. കാര്യം ബോധിപ്പിക്കുന്നതിൽ ക്വുർആൻ സ്വീകരിച്ച ശൈലിക്ക് ഒരു ഉദാഹരണം കാണുക:

"(നബിയേ,) ചോദിക്കുക: ആരാണ് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ്? പറയുക: അല്ലാഹുവാണ്. പറയുക: എന്നിട്ടും അവന്നു പുറമെ അവരവർക്കു തന്നെ ഉപകാരമോ ഉപദ്രവമോ ചെയ്യാൻ സ്വാധീനമില്ലാത്ത ചില രക്ഷാധികാരികളെ നിങ്ങൾ സ്വീകരിച്ചിരിക്കുകയാണോ? പറയുക: അന്ധനും കാഴ്ചയുള്ളവനും തുല്യരാകുമോ? അഥവാ ഇരുട്ടുകളും വെളിച്ചവും തുല്യമാകുമോ? അതല്ല, അല്ലാഹുവിന് പുറമെ അവർ പങ്കാളികളാക്കി വെച്ചവർ, അവൻ സൃഷ്ടിക്കുന്നത് പോലെത്തന്നെ സൃഷ്ടി നടത്തിയിട്ട് (ഇരു വിഭാഗത്തിന്റെയും) സൃഷ്ടികൾ അവർക്ക് തിരിച്ചറിയാതാവുകയാണോ ഉണ്ടായത്? പറയുക: അല്ലാഹുവത്രെ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവ്. അവൻ ഏകനും സർവാധിപതിയുമാകുന്നു" (ക്വുർആൻ 13:16).

ഇതാണ് ക്വുർആനിന്റെ ശൈലി. നന്മ ഉപദേശിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക എന്നത് ഇസ്‌ലാം അടിസ്ഥാനപരമായ സാമൂഹ്യബാധ്യതയായി നിശ്ചയിച്ചതാണ്. മറ്റുള്ളവരുടെ ചെയ്തികളിലുള്ള തിന്മകളെ കണ്ണടച്ച് അടിച്ചൊതുക്കാനല്ല ഈ കൽപന. മറിച്ച് തിന്മക്കു നേരെ ക്രിയാത്മക പ്രതികരണത്തിനാണ് കൽപിക്കുന്നത്. ആ മാർഗം സംവാദമവുമാകാം. പക്ഷേ, നല്ലരീതിയിൽ മാത്രമാകണമെന്ന് മാത്രം.

വിമർശനങ്ങൾ സത്യസന്ധമായിരിക്കണം. ഒരു തിന്മയെ കൈകൊണ്ടോ വാക്കുകൊണ്ടോ മനസ്സുകൊണ്ടോ കഴിയുംവിധം തടുത്തുനിർത്തുവാൻ സത്യവിശ്വാസി ബാധ്യസ്ഥനാണ്. അക്കാര്യത്തിൽ അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയപ്പെടേണ്ടതുമില്ല. തിന്മക്ക് നേരെയുള്ള ഇത്തരം വിമർശനാത്മക സമീപനം ഭദ്രമായ ഒരു സമൂഹത്തിന്ന് അത്യാവശ്യവുമാണ്. എന്നാൽ യാഥാർഥ്യത്തിന്റെ പിന്തുണയില്ലാത്ത എതിർപ്പുകൾ വിമർശനമല്ല; വൈരാഗ്യമാണ്. സത്യനിരാസമാണ്. കപടവിശ്വാസികൾ നബിﷺയെയും മുസ്‌ലികളെയും ഇടിച്ചുതാഴ്ത്തുവാനും അപകീർത്തിപ്പെടുത്തുവാനും വേണ്ടി വ്യാജാരോപണങ്ങൾ ഉന്നയിച്ച സംഭവങ്ങൾ വിശുദ്ധ ക്വുർആൻ പ്രതിപാദിച്ചത് ശ്രദ്ധേയമാണ്:

"നിങ്ങൾ നാട്ടിൽ കുഴപ്പമുണ്ടാക്കാതിരിക്കൂ എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ, ഞങ്ങൾ സൽപ്രവർത്തനങ്ങൾ മാത്രമാണല്ലോ ചെയ്യുന്നത് എന്നായിരിക്കും അവരുടെ മറുപടി. എന്നാൽ യഥാർഥത്തിൽ അവർ തന്നെയാകുന്നു കുഴപ്പക്കാർ. പക്ഷേ, അവരത് മനസ്സിലാക്കുന്നില്ല" (2:11,12).

"തീർച്ചയായും ആ കള്ളവാർത്തയും കൊണ്ട് വന്നവർ നിങ്ങളിൽ നിന്നുള്ള ഒരു സംഘം തന്നെയാകുന്നു. അത് നിങ്ങൾക്ക് ദോഷകരമാണെന്ന് നിങ്ങൾ കണക്കാക്കേണ്ട. അല്ല, അത് നിങ്ങൾക്ക് ഗുണകരം തന്നെയാകുന്നു. അവരിൽ ഓരോ ആൾക്കും താൻ സമ്പാദിച്ച പാപം ഉണ്ടായിരിക്കുന്നതാണ്. അവരിൽ അതിന്റെ നേതൃത്വം ഏറ്റെടുത്തവനാരോ അവന്നാണ് ഭയങ്കര ശിക്ഷയുള്ളത്..." (24:11,12).

പ്രവാചക പത്നി ആഇശ(റ)യെയും സ്വഫ്‌വാൻ(റ) എന്ന സ്വഹാബിയെയും കുറിച്ച് കപടവിശ്വാസികൾ പ്രചരിപ്പിച്ച ദുരാരോപണത്തെപ്പറ്റിയാണ് ആ വ്യാജവാർത്ത എന്നു പറഞ്ഞത്. ഈ അധ്യായത്തിന്റെ തുടർന്നുള്ള ഒമ്പത് സൂക്തങ്ങളിലും ഈ സാമൂഹ്യദ്രോഹികളുടെ ചെയ്തികളെയാണ് പരാമർശിക്കുന്നത്. പ്രവാചകൻﷺ ജീവിച്ചിരിക്കെ അവിടുത്തെ നേതൃത്വത്തിൽ ഒന്നിച്ച് ഒരാദർശത്തിൽ ജീവിക്കുന്ന ആ വിശുദ്ധ തലമുറയിൽ പോലും സാമൂഹ്യഭദ്രതക്ക് ഇളക്കം തട്ടിക്കാൻ കാപട്യത്തിന്റെ ശക്തികൾക്ക് സാധിച്ചിട്ടുണ്ടെങ്കിൽ ആ സാമൂഹ്യനാശം എക്കാലത്തും പ്രതീക്ഷിക്കാവുന്നതാണന്ന കാര്യത്തിൽ സംശയമില്ല. ●

വിമർശനം

മൂസ സ്വലാഹി, കാര
moosakara001@gmail.com

അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ: 8




# സുന്നത്തുകളെ മരവിപ്പിച്ച് ബിദ്അത്തുകളെ ജീവിപ്പിക്കുന്നവർ

യഥാർഥ സത്യവിശ്വാസികൾ ജീവിതത്തിൽ കഴിയുന്നത്ര നബിചര്യയെ സജീവമാക്കിയും അതിന് പ്രേരണ നൽകിയും ബിദ്അത്തുക്കളെ (നൂതനാചാരങ്ങൾ) സമൂഹത്തിൽ നിന്ന് തുടച്ചുനീക്കാൻ പ്രയത്നിച്ചും ജീവിക്കുന്നവരാണ്. എന്നാൽ പുത്തനാചാരങ്ങൾക്ക് വിത്ത് പാകി വെള്ളവും വളവും നൽകി അതിനെ വളർത്തി വലുതാക്കുന്ന ചിലരുണ്ട്. 2019 സെപ്തംബർ മാസത്തെ 'സുന്നത്ത്' മാസികയിലെ 'അഹ്‌ലുസ്സുന്നഃ അടിത്തറയുള്ള വിശ്വാസധാര' എന്ന തലക്കെട്ടിലുള്ള ലേഖനം അതിനുള്ള ഏറ്റവും പുതിയ ഒരു ഉദാഹരണമാണ്. കഴിഞ്ഞ ലക്കം 'നേർപഥ'ത്തിൽ അതിലെ ഏതാനും കാര്യങ്ങൾ നാം വിശകലനം ചെയ്തു.

ലേഖകൻ എഴുതുന്നു: "നബിﷺ നിസ്കാരത്തിൽ സുന്നികൾ കൈകെട്ടിയിരുന്നത് പോലെയാണ് കൈകെട്ടിയിരുന്നതെന്നും ഹദീസിലുണ്ട്" (പേജ് 31).

നബിﷺ എപ്രകാരമാണോ നമസ്കരിച്ചു കാണിച്ചത് അതു പ്രകാരം നമസ്കരിക്കണമെന്നത് ഹദീഥിൽ സ്ഥിരപ്പെട്ടതാണ്. കൈകെട്ടുക എന്നത് നമസ്കാരത്തിലെ ചെറിയൊരു കാര്യമാണെങ്കിലും അതിൽ തന്നിഷ്ടം പ്രവർത്തിക്കാനുള്ള വാതിൽ തുറന്നിട്ടിട്ടില്ല. അത് എങ്ങനെ, എവിടെ ആകണമെന്നത് നബിﷺ പഠിപ്പിച്ചിട്ടുണ്ട്.

വാഇൽ ഇബ്നു ഹുജ്ർ(റ) വിൽ നിന്ന്: "ഞാൻ നബിﷺയുടെ കൂടെ നമസ്കരിച്ചു. അദ്ദേഹം തന്റെ വലതുകൈ ഇടത് കൈയിന്മേലായി നെഞ്ചത്ത് വെച്ചു" (ഇബ്നു ഖുസൈമ).

അബൂദാവൂദ്(റഹ്), തിർമിദി(റഹ്), അഹ്മദ്(റഹ്) എന്നിവർ റിപ്പോർട്ട് ചെയ്ത ഹദീഥുകളിലും ഇതിലേക്കുള്ള സൂചനകളുണ്ട്. ഈ വിഷയത്തിൽ വന്ന തെളിവുകളിൽ പ്രബലവും സ്വീകാര്യയോഗ്യവുമായത് ഇതായിരിക്കെ മുസ്‌ലിയാർ വയറിന്മേൽ കൈ കെട്ടുന്നതിനെ സുന്നത്തും അത്തരക്കാരെ സുന്നികളുമാക്കിയത് എന്തടിസ്ഥാനത്തിലാണ്? സ്വഹാബികൾ ശീലിച്ച ഒരു

സുന്നത്തിനെ തമസ്കരിക്കുന്നതെന്തിനാണ്? സുന്നത്തിനെ സ്നേഹിക്കുന്നവരെ പുത്തൻവാദികളാക്കി മുദ്രകുത്താൻ മതിയായ തെളിവല്ല ഇതെന്നും സ്വയം പുത്തൻവാദികളായി മാറുകയാണ് ഇതിലൂടെ എന്നും സാമാന്യബുദ്ധിയുള്ളവർ തിരിച്ചറിയും.

ലേഖകൻ തുടരുന്നു: "സുന്നികൾ തറാവീഹിന് ഇരുപത് റക്അത് നിസ്കരിക്കുന്നു. സ്വഹാബികളും ഇങ്ങനെയാണ് നിസ്കരിച്ചിരുന്നതെന്ന് ഹദീസുകളിലുണ്ട്" (പേജ്: 31).

തറാവീഹിന്റെ റക്അതുകളുടെ എണ്ണം സംബന്ധിച്ചുള്ള ചർച്ചകൾ വിശാലമാണ്. എന്നാൽ നബിﷺയുടെ രാത്രിനമസ്കാരം എല്ലായ്പോഴും ഒരു രീതിയിലായിരുന്നു എന്നത് ഹദീഥുകളിൽ നിന്ന് വ്യക്തവുമാണ്. അബൂസലമഃൣവിൽ നിന്ന്: "ഞാൻ ആഇശൣയോട് ചോദിച്ചു: 'നബിﷺയുടെ റമദാനിലെ രാത്രി നമസ്കാരം എങ്ങനെയായിരുന്നു?' അപ്പോൾ ആഇശൣ പറഞ്ഞു: 'നബിﷺ റമദാനിലും അല്ലാത്തപ്പോഴും പതിനൊന്ന് റക്അതിൽ കൂടുതൽ വർധിപ്പിക്കാറില്ല" (ബുഖാരി, മുസ്ലിം).

ഈ ഹദീഥ് കേൾക്കുമ്പോൾ മുസ്ലിയാക്കന്മാർ പറയാറുള്ളത് 'അത് വിത്ർ നമസ്കാരത്തെപ്പറ്റിയാണ്, തറാവീഹിനെപ്പറ്റിയല്ല' എന്നാണ്. ഇമാം ബുഖാരിൣ തന്റെ ഗ്രന്ഥത്തിൽ 'കിതാബു സ്വലാതുത്തറാവീഹ്' എന്ന അധ്യായത്തിലാണ് 2013ാം നമ്പർ ഹദീഥായി ഇത് ഉദ്ധരിക്കുന്നത് എന്ന വസ്തുത ഇവർ മറച്ചുവെക്കുകയും ചെയ്യും.

ഇരുപത് റക്അതിനെ സുന്നത്താക്കാൻ മുസ്ലിയാർ എഴുതിക്കൂട്ടിയ തെളിവുകൾ നോക്കാം:

"വാഇലുബ്നു യസീദ്ൣവിൽ നിന്ന് നിവേദനം: ഉമർൣ മഹാനായ ഉബയ്യ്ൣവിന്റെ നേതൃത്വത്തിൽ തറാവീഹ് ഇരുപത് റക്അത് നിസ്കരിക്കാറുണ്ടായിരുന്നു.(സുനനുൽ കുബ്റാ). നബിﷺ റമളാനിൽ ഇരുപത് റക്അതും പുറമെ വിത്റും നിസ്കരിക്കാറുണ്ടായിരുന്നുവെന്ന ഹദീസ് ഇബ്നു അബ്ബാസ്ൣവിൽ നിന്നുള്ള നിവേദനത്തിലും നബിﷺയുടെ കാലത്ത് നിർവഹിക്കപ്പെട്ടത് പോലെത്തന്നെ സിദ്ദീഖ്ൣവിന്റെ കാലത്തും നിർവഹിക്കാറുണ്ടായിരുന്നുവെന്ന ഹദീസ് അബൂഹുറയ്റൣവിന്റെ നിവേദനത്തിലും കാണാം. ഉസ്മാൻൣവിന്റെ കാലത്തും ഇരുപത് റക്അത് തന്നെയാണ് തറാവീഹ് നിർവഹിച്ചിരുന്നത്. അലിൣ റമദാനിൽ ദരിദ്രരെ ക്ഷണിച്ചുവരുത്തി സദ്യനടത്തുകയും ശേഷം അവരിലൊരാളെ ഇമാമാക്കി ഇരുപത് റക്അത് തറാവീഹും ശേഷം വിത്റും നിസ്കരിക്കുകയും ചെയ്തിരുന്നു(സുനൻ 2/418)(പേജ്, 31,32)."

എന്താണ് ഇപ്പറഞ്ഞിലെ വസ്തുത? ഇബ്നു ഹജർ അസ്ക്വലാനി(റഹ്) പറയുന്നു: "നബിﷺ റമദാനിൽ ഇരുപത് റക്അതും വിത്റും നമസ്കരിച്ചിരുന്നു എന്ന് ഇബ്നു അബ്ബാസ്ൣവിൽ നിന്ന് ഇബ്നു അബീശൈബ ഉദ്ധരിക്കുന്ന ഹദീഥ്, അതിന്റെ സനദ് ദുർബലമാണ്. മറ്റുള്ളവരെക്കാൾ നബിﷺയുടെ രാത്രി അവസ്ഥയെ കുറിച്ച് ഏറ്റവും നന്നായി അറിയുന്ന ആഇശൣയിൽ നിന്ന് ഇമാം ബുഖാരിയും ഇമാം മുസ്ലിമും ഉദ്ധരിച്ച ഹദീഥിന് തീർച്ചയായും അത് എതിരായിട്ടുമുണ്ട്" (ഫത്ഹുൽ ബാരി, വാല്യം 5, പേജ് 2644).

സമസ്തക്കാർ ഏറെ ഇഷ്ടപ്പെടുന്ന ഇമാം സുയൂത്വിയുടെ അഭിപ്രായം കൂടി വായിക്കാം: "നിശ്ചയം, ഇരുപത് റക്അത് നബിﷺയുടെ പ്രവൃത്തിയിൽ നിന്ന് സ്ഥിരപ്പെട്ടിട്ടില്ല. ഇബ്നുഹിബ്ബാന്റെ സ്വഹീഹിൽ നിന്ന് നാം ഉദ്ധരിച്ച ഒന്ന്, അതുതന്നെയാണ് ഇമാം ബുഖാരിയുടെ, ആഇശൣയിൽ നിന്ന് വന്ന 'നബിﷺ റമദാനിലും അല്ലാത്ത സമയത്തും പതിനൊന്നിൽ കൂടുതൽ വർധിപ്പിക്കാറില്ല' എന്ന ഹദീഥ് കൊണ്ടും നാം ലക്ഷ്യമാക്കുന്നത്. അത് ഇതിനോട് യോജിക്കുന്നതാകുന്നു. എങ്ങനെയെന്നാൽ അവിടുന്ന് എട്ടും പിന്നെ വിത്റും അങ്ങനെ പതിനൊന്ന് റക്അതാണ് തറാവീഹ് നമസ്ക്കരിച്ചത്"(അൽഹാവി ലിൽ ഫതാവ, വാല്യം 2, പേജ് 75).

വസ്തുത ഇതിൽനിന്നും വ്യക്തമാണ്. എന്നിട്ടും അഭിപ്രായ വ്യത്യാസങ്ങൾക്കു പിന്നാലെ ഓടുവാനാണ് ചിലർക്ക് താൽപര്യം.

ലേഖകൻ എഴുതുന്നു: "പൈശാചിക ശല്യങ്ങളിൽ നിന്നും രോഗങ്ങളിൽ നിന്നും രക്ഷ നേടാനായി സുന്നികൾ നടത്തുന്ന മന്ത്രവും അവർ ഉപയോഗിക്കുന്ന ഏലസ്സും പിഞ്ഞാണമെഴുത്തും മുൻഗാമികളുടെ മാതൃക തന്നെയാണ്" (പേജ് 32).

ക്വുർആൻകൊണ്ടും സ്ഥിരപ്പെട്ട പ്രാർഥനകൾകൊണ്ടും മന്ത്രിച്ച് പ്രാർഥിക്കുക എന്നത് പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടതും നബിﷺ ചെയ്ത് കാണിച്ചതുമാണ്. ഇതിൽ അഹ്ലുസ്സുന്നക്ക് തർക്കമോ, സംശയമോ ഇല്ല. എന്നാൽ ഇതിന് മന്ത്രവാദമെന്ന് പേരിട്ട്, ചില പ്രത്യേക വേഷത്തിൽ ഒഴിഞ്ഞിരുന്ന്, കനത്ത വരുമാനമാർഗമാക്കി കച്ചവടവത്കരിച്ച്, തനിച്ച ശിർക്കും ബിദ്അത്തും അതുവഴി പ്രചരിപ്പിക്കുന്ന രീതി ഇസ്ലാം പഠിപ്പിച്ചിട്ടില്ല, പ്രോത്സാഹിപ്പിച്ചിട്ടുമില്ല.

ഉത്ബതുബ്നു ആമിർ ﷺവിൽ നിന്ന്; "നബിﷺ പറഞ്ഞു: 'നിശ്ചയം, വല്ലവനും ഏലസ്സ് കെട്ടിയാൽ അവൻ ശിർക്ക് ചെയ്തു" (അഹ്മദ്).

ഔഫ്ബ്നു മാലിക്ﷺ പറഞ്ഞു: "ഞങ്ങൾ ജാഹിലിയ്യത്തിൽ മന്ത്രിക്കാറുണ്ടായിരുന്നു. ഞങ്ങൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, എന്താണ് താങ്കളുടെ അഭിപ്രായം?' അവിടുന്ന് പറഞ്ഞു: 'നിങ്ങളുടെ മന്ത്രം എനിക്ക് കാണിച്ചുതരിക. ശിർക്കില്ലാത്ത മന്ത്രത്തിന് കുഴപ്പമില്ല" (ബുഖാരി).

മുസ്‌ലിയാർ തന്റെ വാദത്തിന് എടുത്ത തെളിവുകൾ പരിശോധിക്കാം:

"ആയിശﷺയിൽ നിന്ന് നിവേദനം: 'നബിﷺ മന്ത്രിക്കാറുണ്ടായിരുന്നു'(സ്വഹീഹുൽ ബുഖാരി). മഹതി തന്നെ പറയട്ടെ: 'നബിﷺ ഭാര്യമാരിൽ ആർക്കെങ്കിലും രോഗമുണ്ടായാൽ മുഅവ്വിദതൈനി ഓതി രോഗിയെ ഊതാറുണ്ടായിരുന്നു. അവിടുന്ന് രോഗബാധിതനായപ്പോൾ സ്വയം ഇവ കൈയിൽ ഊതുകയും ശരീരത്തിൽ തടവുകയും ചെയ്തിരുന്നു'(സ്വഹീഹ് മുസ്‌ലിം)(പേജ്, 32)."

ഇസ്‌ലാം അനുവദിച്ചതും വിശ്വാസികൾ അംഗീകരിക്കുന്നതുമായ മന്ത്രമാണിത്. അല്ലാഹുവിൽ നിന്ന് രോഗശമനം ആഗ്രഹിച്ച് ക്വുർആനിലെ അവസാനത്തെ മൂന്ന് സൂറത്തുകൾ(മുഅവ്വിദാത്ത്) ഓതി രോഗികൾക്ക് മന്ത്രിച്ചു കൊടുക്കാമെന്ന് പഠിപ്പിക്കുന്ന പ്രബലമായ തെളിവുകളാണിത്. ഈ ഹദീഥുകൾ ഉദ്ധരിച്ച ഇമാം ബുഖാരി(റഹ്), ഇമാം മുസ്‌ലിം(റഹ്) എന്നിവർ ശിർക്കില്ലാത്ത മന്ത്രമാകാം എന്നതിന് തെളിവെടുത്തതും ഇതിൽ നിന്നു തന്നെയാണ്. മുസ്‌ലിയാരുടെ ശിർക്കൻ വിശ്വാസത്തിന് സഹായമാകുന്ന ഒരു വാക്കുപോലും ഇതിലില്ല.

ലേഖകൻ തുടരുന്നു: "അബ്ദുല്ലാഹിബ്നു ഉമർﷺ ഉറുക്കെഴുതി തന്റെ കുട്ടിയുടെ കഴുത്തിൽ കെട്ടി കൊടുത്തിരിന്നു (റാസി 1/82)(പേജ് 32)."

അബ്ദുല്ലാഹിബ്നു ഉമർﷺവിന്റെതായി മുസ്‌ലിയാർ ഉദ്ധരിച്ച സംഭവം സ്വഹീഹല്ലെന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. കാരണം ഇതിന്റെ പരമ്പരയിലെ മുഹമ്മദ്ബ്നു ഇസ്ഹാക് എന്നയാൾ മുദല്ലസ്സായ(ന്യൂനത മറച്ചുവെക്കുന്ന) റിപ്പോർട്ടറാണ്.

ലേഖകന്റെ അടുത്ത വ്യാജവാദം കാണുക: "പരപുരുഷന്മാരോടൊന്നിച്ച് സ്ത്രീകൾ ജുമുഅ ജമാഅത്തുകളിൽ സംബന്ധിക്കുന്നത് നിഷിദ്ധമാണെന്ന സുന്നീ വിശ്വാസം സ്വഹാബികളുടെ ആദർശം തന്നെയാണ്" (പേജ് 32).

മതനിയമങ്ങൾ പാലിച്ച് ജുമുഅ ജമാഅത്തുകളിൽ സ്ത്രീകൾക്ക് പങ്കെടുക്കാം എന്നത് ഇസ്‌ലാം അനുവദിച്ചതും അവർക്കുള്ള അവകാശവുമാണ്.

അബ്ദുല്ലാഹ് ഇബ്നു ഉമർﷺവിൽ നിന്ന്: "നബിﷺ പറഞ്ഞു: 'അല്ലാഹുവിന്റെ അടിമകളായ സ്ത്രീകൾക്ക് നിങ്ങൾ അല്ലാഹുവിന്റെ ഭവനം തടയരുത്''(ബുഖാരി, മുസ്‌ലിം).

ആഇശﷺയിൽ നിന്ന്: "സത്യവിശ്വാസിനികളായ സ്ത്രീകൾ അവരുടെ പുതപ്പ് മൂടിപ്പുതച്ചു കൊണ്ട് നബിﷺയുടെ കൂടെ സ്വുബ്ഹി നമസ്കാരത്തിൽ പങ്കെടുക്കാറുണ്ടായിരുന്നു. നമസ്കാരം കഴിഞ്ഞ് അവർ വീടുകളിലേക്ക് മടങ്ങുമ്പോൾ ഇരുട്ടുകാരണം അവരെ തിരിച്ചറിയാറുണ്ടായിരുന്നില്ല" (ബുഖാരി, മുസ്‌ലിം).

ശാഫിഈ മദ്ഹബിന്റെ നിലപാടും ഈ വിഷയത്തിൽ വ്യക്തമാണ്. ഇമാം ശാഫിഈ(റഹ്) തന്റെ മുസ്നദിൽ ഇതു സംബന്ധിച്ച് ധാരാളം ഹദീഥുകൾ ചേർത്തിട്ടുണ്ട്. ഇമാം നവവി(റഹ്) പറയുന്നു: "ഇബ്നുൽ മുൻദിറും മറ്റുള്ളവരും ഇജ്മാആയി ഉദ്ധരിച്ചിരിക്കുന്നു: 'ഒരു സ്ത്രീ പള്ളിയിൽ ഹാജറായി ജുമുഅ നമസ്കരിക്കുന്ന പക്ഷം അത് അനുവദനീയമാണ്. പുരുഷന്മാരുടെ പിന്നിൽ നബിﷺയുടെ പള്ളിയിൽ നബിﷺയുടെ പിന്നിൽ സ്ത്രീകൾ നമസ്കരിച്ചു എന്നത് തീർച്ചയായും നിരന്തരമായി വന്നിട്ടുള്ള നിരവധി സ്വഹീഹായ ഹദീഥുകൾ കൊണ്ട് സ്ഥിരപ്പെട്ടിരിക്കുന്നു" (ശറഹുൽ മുഹദ്ദബ്: 4/484).

കാര്യം ഇതായിരിക്കെ മുസ്‌ലിയാർ എന്തിനാണിങ്ങനെ വ്യാജം എഴുതിവിടുന്നത്? നിഷിദ്ധമല്ലാത്ത ഒന്നിനെ നിഷിദ്ധമാക്കുന്നതെന്തിന്? പുരുഷന്മാരോടൊന്നിച്ചാണോ ഇന്ന് കേരളത്തിൽ സ്ത്രീകൾ പള്ളികളിൽ നമസ്കരിക്കുന്നത്? സ്വഹാബത്തിനില്ലാത്ത വിശ്വാസം അവരുടെ മേൽ കെട്ടിവെക്കുന്ന് കടുത്ത അപരാധമല്ലേ? പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട മതവിധിയെ മൂടിവെക്കുന്നത് എന്തിനാണ്?

ലേഖകൻ സ്ത്രീകളെ പള്ളികളിൽനിന്ന് തടയാനായി അവതരിപ്പിക്കുന്ന തെളിവുകൾ നോക്കാം:

"അബ്ദുല്ലാഹിബ്നു മസ്ഊദ്ﷺ ജുമുഅ ദിവസം പള്ളിയിൽ നിന്ന് സ്ത്രീകളെ എറിഞ്ഞ് ഓടിക്കാറുണ്ടായിരുന്നു' (മുസ്വന്നഫ് ഇബ്നി അബീശൈബ). ഇബ്നു അബ്ബാസ്ﷺവിൽ നിന്ന് നിവേദനം: ജുമുഅ ദിവസം പള്ളിയിൽ വെച്ച് നിസ്കാരം നിർവഹിക്കു

ന്നതിനെക്കുറിച്ച് ഒരു സ്ത്രീ അന്വേഷിച്ചപ്പോൾ അവർ പറഞ്ഞു: 'വീടിന്റെ അകത്തളത്തിലുള്ള നിസ്കാരമാണ് മറ്റു എത് സ്ഥലത്തുള്ള നിസ്കാരത്തെക്കാളും നിങ്ങൾക്ക് ശ്രേഷ്ഠമായത്' (മുസ്വന്നഫ് ഇബ്നി അബീശൈബ). ഉമ്മു ഹുമൈദിനി സ്വാഇദി ﵄ നബി ﷺ യോട് പള്ളിയിൽ വെച്ചുള്ള നിസ്കാരത്തിന് അനുമതി ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞതും വീടിന്റെ ഉള്ളറയിൽ വെച്ച് നിസ്കരിക്കാനാണ്.(മുസ്നദ് അഹ്മദ്)(പേജ്,32)."

ഈ ഹദീഥുകളുടെ സത്യാവസ്ഥ മുസ്‌ലിയാർ മറച്ച് വെക്കുകയാണ് ചെയ്യുന്നത്.സ്ത്രീകൾ അണിഞ്ഞൊരുങ്ങി സൗന്ദര്യം പ്രകടമാകുന്ന രീതിയിൽ വന്ന സന്ദർഭത്തിൽ ഇബ്നു മസ്ഊദ് ﵁ എടുത്ത നിലപാടിനെയാണ് പള്ളിയിൽ പോകാനേ പാടില്ല എന്നതിന് തെളിവാക്കുന്നത്. അങ്ങനെ പള്ളിയിൽ പോകുന്ന സ്ത്രീകളോട് ഇന്നും ആ നിലപാട് തന്നെയാണെടുക്കേണ്ടതെന്നതിൽ സംശയമില്ല. നബി ﷺ യും ഇബ്നുഅബ്ബാസ് ﵁ വും ചോദ്യകർത്താക്കളുടെ അവസ്ഥക്കനുസരിച്ച് പറഞ്ഞ മേൽ മറുപടികളിൽ എവിടെയാണ് അനുവദനീയം എന്ന വിധിയെ തടഞ്ഞ് നിഷിദ്ധമാക്കിയതായുള്ളത്?

കെ.കെ സദഖത്തുല്ല മൗലവി ഈ വിഷയകമായി കൊടുത്ത മറുപടി കൂടി വായിച്ചാൽ കാര്യം എളുപ്പത്തിൽ വ്യക്തമാണ്.

"ചോ: സ്ത്രീകൾ പള്ളിയിൽ ജമാഅത്തിന് പോയിരുന്നത് ഹിജാബിന്റെ ആയത്ത് ഇറങ്ങിയതിന്റെ മുമ്പ് മാത്രമോ അതല്ല പിന്നെയും പോയിരുന്നോ? ആഇശ ﵂ യുടെയും ഇബ്നു ഉമർ ﵁ വിന്റെയും വാക്കിൽ നിന്ന് റസൂലിന്റെ അവസാനം വരെ പോയിരുന്നുവെന്നു വരുമോ?"

ഉത്തരം: ഹിജാബിന്റെ ആയത്ത് ഇറങ്ങിയ ശേഷവും സ്ത്രീകൾ പള്ളിയിൽ ജമാഅത്തിന് പോകാറുണ്ടായിരുന്നു. ഉമർ ﵁ വിന്റെ ഭാര്യ സ്വുബ്ഹ് നമസ്കാരത്തിനും ഇശാ നമസ്കാരത്തിനും പള്ളിയിൽ ജമാഅത്തിന് ഹാജരായിരുന്നു. ഉമർ ﵁ വിന് ഇത് വിമ്മിട്ടമാണെന്നറിഞ്ഞിരിക്കെ നിങ്ങളെന്തുകൊണ്ട് പള്ളിയിൽ പോയി നമസ്കരിക്കുന്നുവെന്ന് അവരോട് ചോദിക്കപ്പെട്ടു. എന്നെ തടയുന്നതിന് അദ്ദേഹത്തിന്(ഉമറിന്) എന്താണ് തടസ്സമെന്നാണവർ അതിന് മറുപടി പറഞ്ഞത്. അല്ലാഹുവിന്റെ ദാസിമാരെ പള്ളിയിൽ നിങ്ങൾ തടയരുത് എന്ന് റസൂൽ ﷺ പറഞ്ഞതാണ് തടയുന്നതിന് ഉമർ ﵁ വിനെ നിരോധിച്ചതെന്ന് ഇബ്നു ഉമർ ﵁ പറഞ്ഞിട്ടുണ്ട്.(സ്വഹീഹുൽ ബുഖാരി). ഉമർ ﵁ വിന് കുത്ത് തട്ടിയപ്പോൾ പ്രസ്തുത സ്ത്രീ പള്ളിയിലുണ്ടായിരുന്നുവെന്ന് ഫത്ഹുൽബാരി പ്രസ്താവിച്ചിട്ടുണ്ട്(2/306)."

'റസൂലി ﷺ ന്റെ ശേഷം സ്ത്രീകൾ ഉണ്ടാക്കിയ പേക്കൂത്തുകൾ റസൂൽ ﷺ കണ്ടിരുന്നെങ്കിൽ ഇസ്രായീലി സന്തതികളിൽ പെട്ട സ്ത്രീകളെ പള്ളിയെ തൊട്ട് തടയപ്പെട്ടതുപോലെ റസൂൽ ﷺ തടയുമായിരുന്നു എന്ന് ആയിശ ﵂ യിൽ നിന്ന് ബുഖാരി രിവായത്ത് ചെയ്ത ഹദീസിൽ നിന്ന് ഹിജാബിന്റെ ആയത്ത് ഇറങ്ങിയ ശേഷം സ്ത്രീകൾ പള്ളിയിൽ ജമാഅത്തിന് വരാറുണ്ടായിരുന്നുവെന്ന് വ്യക്തമാകും. എന്തുകൊണ്ടെന്നാൽ ഹിജാബിന്റെ ആയത്ത് ഇറങ്ങുന്നതിനുമുമ്പ് സ്ത്രീകൾ വന്നിരുന്നുവെന്ന് അവിതർക്കിതമാണ്. ഹിജാബിന്റെ ആയത്തിന്റെ ശേഷം റസൂൽ ﷺ വഫാത്താകുന്നത് വരെ തടഞ്ഞിട്ടുമില്ല. റസൂലി ﷺ ന്റെ ശേഷം സ്ത്രീകൾ ഉണ്ടാക്കുന്ന പേക്കൂത്തുകൾ അല്ലാഹു അറിഞ്ഞിട്ടും സ്ത്രീകളെ വിലക്കണമെന്ന് അല്ലാഹു അവന്റെ റസൂലിന് വഹ്‌യ് അറിയിച്ചിട്ടുമില്ല' (ഫത്ഹുൽ ബാരി, 2/279)(സമ്പൂർണ്ണ ഫതാവ, പേജ്,142)."

വിശദീകരണം ആവശ്യമില്ലാത്തവിധം കാര്യം വ്യക്തമായല്ലോ.

യാത്രക്കാരികളായ സ്ത്രീകൾക്ക് നമസ്കരിക്കാൻ പ്രത്യേക സ്ഥലമൊരുക്കിയതിന്റെയും പ്രഭാഷണ സദസ്സുകളിലേക്ക് പെണ്ണുങ്ങൾ അണിഞ്ഞൊരുങ്ങി വരുന്നതിന്റെയും അനിസ്‌ലാമിക ആഘോഷങ്ങളായ ഉറൂസ്, ആണ്ട് നേർച്ച, മീലാദ്, ഖുതുബിയ്യത്ത് എന്നിവക്ക് സ്ത്രീകൾ ഹാജറാകുന്നതിന്റെയുമെല്ലാം വകുപ്പ് എന്താണാവോ? അവിടെ ഫിത്‌ന പേടിക്കേണ്ടതില്ലേ? പള്ളിയിൽ വരുന്നത് മാത്രമാണോ അപകടകരം? ആലോചിക്കുക.

ലേഖകൻ പറയുന്നു: "ചുരുക്കത്തിൽ സുന്നികൾ അനുവർത്തിച്ചുവരുന്ന വിശ്വാസങ്ങളെല്ലാം തൗഹീദിന്റെ പരിധിയിൽ നിലകൊള്ളുന്നതും തിരുനബി ﷺ യും സ്വഹാബത്തും പ്രവർത്തിച്ചുകാണിച്ചു തന്നവയുമാണ്. പ്രാമാണികമായി സ്ഥിരപ്പെട്ട ഇത്തരം വിഷയങ്ങളിൽ ആധികാരിക പഠനം നടത്തുന്നവർക്കെല്ലാം ഇക്കാര്യം ബോധ്യമാകും (പേജ് 32).

ഇത് വായിക്കുന്നവർക്ക് ഉള്ളിൽ ചിരിയും സഹതാപവുമൊക്കെ ഉയർന്നേക്കാം. ശിർക്കൻ വിശ്വാസങ്ങളെ തൗഹീദായും ബിദ്അത്തുകളെ സുന്നത്തായും കണക്കാക്കുന്നവർ എങ്ങനെ അഹ്‌ലുസ്സുന്നയുടെ വക്താക്കളാകും? ●

റസ്റ്റം ഉസ്മാൻ
rustumu@gmail.com



# വാളയാർ മോഡൽ പീഡനങ്ങൾ: കാരണങ്ങൾ കാണാതെ പോകുന്നുവോ?

**വാളയാറിൽ പറക്കമുറ്റാത്ത രണ്ട് പെൺകുരുന്നുകളുടെ മാനവും ഉയിരും പിച്ചിച്ചീന്തിയ നരാധമന്മാർക്കെതിരെയുള്ള നിയമനടപടികളിലെ അപര്യാപ്തതയെ കുറിച്ചുള്ള ചർച്ചകൾ മീഡിയകളിൽ സജീവമാണ്. എന്നാൽ പെണ്ണുടലിനെ കാമപൂർത്തീകരണത്തിനുള്ള ഉപാധിയായി മാത്രം കാണുന്ന മനോരോഗത്തെ സൃഷ്ടിച്ച പോണോഗ്രഫിയെന്ന മഹാമാരിയെ കുറിച്ച് ഇവർ മൗനത്തിലാണ് താനും. ലൈംഗികാതിക്രമ ചിന്തകളുടെ നാരായവേര് ചികയുമ്പോൾ പ്രതിക്കൂട്ടിലേക്ക് വഴികാണിക്കേണ്ടി വരുന്നത് ആർക്കൊക്കെ?**

വാളയാറിലെ ആ രണ്ടു പെൺകുട്ടികൾക്ക് നിഷേധിക്കപ്പെട്ട നീതിയെ കേവലം പൊലീസ് അന്വേഷണത്തിലെ വീഴ്ചയിലും നീതിന്യായ വ്യവസ്ഥയുടെ അപചയത്തിലും മാത്രമൊതുക്കുന്നതാണ് നമ്മുടെ മാധ്യമ സാംസ്കാരിക സാമൂഹിക രാഷ്ട്രീയ ചർച്ചകൾ. പിറന്നുവീഴുന്ന കുഞ്ഞിൽ പോലും കാമം തിരയുന്ന ഒരു മനോനിലയെ പരിശോധിക്കാനോ അതു പടർത്തുന്ന അപകടകാരിയെ തിരിച്ചറിയാനോ ഇവർ ശ്രമിക്കുന്നുണ്ടോ?

കൗമാരക്കാർ മുതൽ വയോവൃദ്ധർ അടക്കമുള്ള പുരുഷലോകം സഹജീവിയും സഹവർത്തിയുമായി കാണേണ്ട സ്ത്രീയെ കേവലം ലൈംഗികോപകരണമായി കണ്ട് 'മൂല്യവർധനം' നടത്തുന്നു. പുരുഷ തലച്ചോറിൽ രതിജന്യമായ ഉത്തേജനം സാധാരണ നിലയിൽ ഉണർത്താത്ത കുട്ടികളെപോലും

കേവലം കാമപൂർത്തീകരണ ഉൽപന്നമായി കാണുന്നുവെങ്കിൽ അതിനു പിന്നിലെ മനോവ്യതിയാനം പരിശോധിക്കപ്പെടേണ്ടതു തന്നെയാണ്.

ഈ മനോവ്യതിയാനത്തിന്റെ കാരണങ്ങൾ എണ്ണുമ്പോൾ പോണോഗ്രഫി ആദ്യ സ്ഥാനങ്ങളിൽ ഒന്ന് അപഹരിച്ചിരിക്കുന്നതായി കാണാം. പോണോഗ്രഫി ഇന്ത്യയിൽ നിരോധിക്കണമെന്നാവശ്യപ്പെട്ട് കമലേഷ് വസ്വാണി നൽകിയിരുന്ന പൊതുതാൽപര്യ ഹർജി ഈ വിഷയത്തെ മുഖ്യധാരാ മാധ്യമങ്ങളിലെ ചർച്ചയ്ക്ക് കാരണമാക്കി. രണ്ട് സംഭവങ്ങൾ പോണോഗ്രഫി ലൈംഗികതയെ വികലമാക്കുന്നുവെന്നുള്ള നിഗമത്തിന്റെ പ്രാധാന്യം വർധിപ്പിച്ചിരിക്കുന്നു. ഡൽഹിയിൽ അഞ്ചുവയസ്സുകാരിയെ പീഡനത്തിനിരയാക്കിയ രണ്ട് യുവാക്കളും പോണോഗ്രഫി ആസ്വദിച്ചതിനുശേഷമാണ് ഈ ക്രൂരകൃത്യം നിർവഹിച്ചത്. 2012ൽ ഇന്റർനെറ്റ് സെർച്ച് എഞ്ചിനായ ഗൂഗ്ളിൽ പോൺ എന്ന വാക്ക് ലോകത്തിലേറ്റവുമധികം സെർച്ച് ചെയ്ത സ്ഥലം ഡൽഹിയാണ്. 2012ൽ ആ ഡൽഹിയിൽ 706 ബലാത്സംഗങ്ങൾ നടന്നു എന്നാണ് നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നത്. ഇത് 2002ൽ റിപ്പോർട്ട് ചെയ്ത ബലാത്സംഗങ്ങളുടെ ഇരട്ടിയിലധികമാണ്. പത്തുവർഷംകൊണ്ട് ഇരട്ടിയിലധികം 'പ്രബുദ്ധമായി' സമൂഹം! 2019ലെ ഗൂഗ്ൾ ട്രെൻഡിൽ പോപ്പുലറായി നിൽക്കുന്നതാണ് കുട്ടികളുടെ പോർണോഗ്രഫിയുമായി ബന്ധപ്പെട്ട വാക്കുകൾ.

പോണോഗ്രഫി നിർവചിക്കപ്പെട്ടിരിക്കുന്നത് ലൈംഗിക ചോദന ഉത്തേജിപ്പിക്കുന്ന മാധ്യമം എന്നാണ്. ഇതിൽ അശ്ലീല സാഹിത്യം മുതൽ ചിത്രങ്ങളും വീഡിയോയും ലൈവ് ഷോയും ഉൾപ്പെടുന്നു. കേരളത്തിൽ 'ചന്ദ്രോത്സവം' അടക്കമുള്ള മണിപ്രവാള കൃതികളിലെ അച്ചിമാരുടെ വൈശിക തന്ത്രങ്ങൾ 'ആഭിജാതമായ' പോണോഗ്രഫി എന്ന് വിശേഷിപ്പിക്കപ്പെടാവുന്ന സാഹിത്യരൂപങ്ങളായിരുന്നു. എന്നാൽ ഈ ലേഖനത്തിൽ പോണോഗ്രഫി എന്ന് അഭിസംബോധന ചെയ്തിരിക്കുന്നത് അടിസ്ഥാനപരമായി പോണോഗ്രഫിക് ചിത്രങ്ങളെയും വീഡിയോകളെയുമാണ്. പോണോഗ്രഫിയുടെ വിശാലമായ മാർക്കറ്റിൽ ലൈംഗികതയെ ഡിമാന്റുള്ള കച്ചവടച്ചരക്കാക്കുന്ന സമകാലിക ലോകത്ത് അതുമായി ബന്ധപ്പെട്ട ശാസ്ത്ര ഗവേഷണങ്ങൾ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. കാതറിൻ ഇറ്റ്സിൻ എഡിറ്ററായുള്ള 'പോണോഗ്രഫി: വുമൺ വയലൻസ് ആന്റ് സിവിൽ ലിബർട്ടീസ്'[1] എന്ന പുസ്തകത്തിൽ ഈ സീഡൽന്റെയും[2] വീവറിന്റെയും[3] റസ്സലിന്റെയും[4] ഗവേഷണ പ്രബന്ധങ്ങൾ ചർച്ചചെയ്യപ്പെടുന്നുണ്ട്. ഇവർ റിവ്യൂ ചെയ്ത 300ൽ പരം ഗവേഷണങ്ങളിൽ ഭൂരിഭാഗവും പോണോഗ്രഫിയുടെ അപകടം അംഗീകരിക്കുന്നവയാണ്. പോണോഗ്രഫി എല്ലായ്പോഴും അപകടവുമായി ബന്ധിതമാണെന്ന് കാതറിൻ ഇറ്റ്സിൻ അവരുടെ പ്രബന്ധത്തിലൂടെ സമർഥിക്കുന്നു.[5] പോണോഗ്രഫി കുറ്റവാളികളിലും അല്ലാത്തവരിലും അവരുടെ സാമൂഹ്യവിരുദ്ധ നിലപാട്, ലൈംഗിക ഉത്തേജനം, ഹിംസാത്മക ലൈംഗികത എന്നിവയെ എത്ര തോതിൽ സ്വാധീനിക്കുന്നു എന്ന് ഡ്രൂ. എ കിംഗ്സ്റ്റണും സഹപ്രവർത്തകരും തങ്ങളുടെ പ്രബന്ധത്തിൽ രേഖപ്പെടുത്തുന്നു. വ്യത്യസ്ത സാഹചര്യത്തിലും പരീക്ഷണാടിസ്ഥാനത്തിലും അല്ലാതെയും (എക്സ്പിരിമെന്റൽ ആന്റ് നോൺ എക്സ്പെരിമെന്റൽ) വ്യത്യസ്ത സമൂഹങ്ങളിലും നടത്തിയ പഠനഫലം സ്ഥായിയായിരുന്നുവെന്നും പുരുഷന്മാരിൽ ലൈംഗിക അതിക്രമങ്ങൾ പുറത്തുവരാനുള്ള അപകട ഘടകമാണ് പോണോഗ്രഫി എന്നും ഈ പ്രബന്ധം ഉപസംഹരിക്കുന്നു.[6]

അക്കാദമിക ജേർണലുകളിൽ പ്രസിദ്ധപ്പെടുത്തിയ 46 പഠനങ്ങളിലൂടെ 12,323 ആളുകളെ പഠിച്ചതിന്റെ ആകെത്തുക ക്രോഡീകരിച്ച ഒഡോൺ പൗലോസ് ഇ. യുടെയും സഹപ്രവർത്തകരുടെയും പ്രബന്ധം പോണോഗ്രഫി ഒരു വ്യക്തിയിൽ ചെലുത്തുന്ന സ്വാധീനം എണ്ണമിട്ട് നിരത്തുന്നു.[7] (എ) ലൈംഗിക വ്യതിചലനം (സെക്ഷ്വൽ ഡെവിയൻസി) ഉദാ: അതിമാത്രമായ/ കേവലം ചടങ്ങായ സ്വയംഭോഗം. (എക്സസീവ് ഓർ റിട്ടുലിസ്റ്റിക് മാസ്റ്റർ



ബേഷൻ) (ബി) ലൈംഗിക അപരാധം. (സെക്ഷ്വൽ പെർപെട്രേഷൻ) ഉദാ: ബലാത്സംഗം (സി) ഗാഢമായ ബന്ധങ്ങളുമായി ബന്ധപ്പെട്ട നിലപാട്/മനോഭാവം. ഉദാ: വ്യക്തികളെ ലൈംഗികോപകരണമായി കാണുന്നു. (ഡി) ബലാത്സംഗ മിഥ്യയുമായി ബന്ധപ്പെട്ട നിലപാട് (റേപ്പ് മിത്ത്). ഉദാ: ബലാത്സംഗത്തിനു കാരണം സ്ത്രീയാണ് എന്ന നിലപാട്, ബലാത്സംഗം ചെയ്യുന്ന വ്യക്തി ദയാർദ്രമായ ശിക്ഷ മാത്രമെ അർഹിക്കുന്നുള്ളൂ.

പോണോഗ്രഫി ആസ്വദിക്കുന്നവരിൽ മേൽപ്പറഞ്ഞ ഓരോന്നിലേക്കുമുള്ള സാധ്യത (ശതമാനക്കണക്കിൽ):[8] (എ) ലൈംഗിക വ്യതിചലനം 31% (ബി) ലൈംഗിക അപരാധം 22% (സി) ഗാഢമായ ബന്ധങ്ങളുമായി ബന്ധപ്പെട്ട നിലപാടുകൾ/ മനോഭാവം 20% (ഡി) ബലാത്സംഗ മിഥ്യയുമായി ബന്ധപ്പെട്ട നിലപാട് 31%.

പോണോഗ്രഫിയും ലൈംഗികാക്രമണവുമായുള്ള ബന്ധം അവലോകനം ചെയ്ത മലാമത്തിന്റെയും സഹപ്രവർത്തകരുടെയും കണ്ടെത്തൽ പോണോഗ്രഫി ഉപയോഗവും ലൈംഗികാക്രമണവുമായി വിശ്വസനീയ കൂട്ടുകെട്ടുണ്ട് എന്നാണ്. പ്രധാനമായും ഈ കൂട്ടുകെട്ട് അതിശക്തമാകുന്നത് ഹിംസാത്മക പോണോഗ്രഫി ഉപയോഗിക്കുന്നവരിലാണ്. ഈ പഠനം ശരിവെക്കുന്നതാണ് 14നും 19നും ഇടയിൽ പ്രായമുള്ള 804 ഇറ്റാലിയൻ ഹൈസ്കൂൾ വിദ്യാർഥി വിദ്യാർഥിനികളിൽ നടത്തിയ ഗവേഷണം പോണോഗ്രഫി ആസ്വദിക്കുന്ന സ്ത്രീകൾ ലൈംഗികാക്രമണത്തിന് വിധേയരാകാനുള്ള സാധ്യത വളരെയേറെയാണ് എന്നായിരുന്നു. പുരുഷന്മാരിലാകട്ടെ, തന്റെ സുഹൃത്തിനെ ബലാത്സംഗം ചെയ്യുവാനോ നിർബന്ധിത ലൈംഗിക ബന്ധത്തിൽ ഏർപ്പെടുവാനോ ഉള്ള പ്രവണത അധികമാണ്.[10]

ലൈംഗിക കുറ്റകൃത്യങ്ങളിൽ കുട്ടികൾ പ്രതിചേർക്കപ്പെടുന്ന സമകാലിക സാഹചര്യത്തിൽ ബർട്ടം ഡിഎൽന്റെയും സഹപ്രവർത്തകരുടെയും പഠനം വളരെ പ്രാധാന്യമർഹിക്കുന്നു. പഠന വിധേയരാക്കിയത് നിയമവുമായി സംഘർഷത്തിലുള്ള 312 കുട്ടികളെയാണ്. (ജെ.സി.എൽ: ജുവനൈറ്റ് ഇൻ കോൺഫ്ലിക്റ്റ് വിത്ത് ലോ). 10 വയസ്സിനുള്ളിൽ ത്തന്നെ പോണോഗ്രഫി ആസ്വദിക്കാൻ അവസരം ലഭിച്ചവരായിരുന്നു ഇവരിൽ 50 ശതമാനത്തിനു മുകളിൽ. ഏകദേശം മുഴുവൻ കുട്ടികളും 10 വയസ്സിനുശേഷം പോണോഗ്രഫിയിൽ അഭിരമിച്ചവരുമായിരുന്നു. പോണോഗ്രഫി ആസ്വദിക്കുന്ന കുട്ടികളിൽ സാഡിസവും മസോക്കിസവും പീഡാനുഭവാഹ്ലാദവും ഇണയുടെ മേൽക്കോയ്മയിലും ക്രൂരതയിലും ആനന്ദിക്കുന്ന രതിവൈകൃതവും വളരെയധികം കണ്ടുവരുന്നു. ക്രൂരതയും ആത്മനികൃഷ്ടീകരണവും ചേർന്ന മാനസികാവസ്ഥയാണ് ഇതിനു പിന്നിൽ. 10 വയസ്സിൽ താഴെയുള്ള കുട്ടികളിലെ പോണോഗ്രഫി ഉപയോഗം കൊലപാതകം, മോഷണം, മയക്കുമരുന്നു കച്ചവടം, മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ഉപയോഗം, പൊതുമുതൽ നശീകരണം എന്നിവക്ക് കാരണമാകുന്നുണ്ടെന്നും കണ്ടെത്തി.[11] ഇതുമായി കൂട്ടിവായിക്കപ്പെടേണ്ടതാണ് ഡൽഹിയിൽ ഓടുന്ന ബസ്സിൽ നടന്ന കൂട്ട ബലാത്സംഗം. ഇരയായ പെൺകുട്ടിയോട് അതിക്രൂരമായി പെരുമാറിയവരിലെ ആറാം പ്രതി പ്രായപൂർത്തിയാവാത്ത പയ്യനായിരുന്നു. അവൻ പോണോഗ്രഫിക്കും മദ്യത്തിനും അടിമയായിരുന്നെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. സ്ത്രീ അർഹിക്കുന്നതും അവരുടെ ആന്തരാഭിനിവേശങ്ങളിലൊന്നുമാണ് ബലാത്സംഗം എന്ന ചിന്തയെയാണ് ബലാത്സംഗ മിഥ്യ (റേപ്പ് മിത്ത്) എന്ന് പറയുന്നത്. ഹിംസാത്മകമായ പോണോഗ്രഫികൾ ഈ ചിന്ത പ്രചരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.[12] ലൈംഗിക കുറ്റവാളികളിൽ പോണോഗ്രഫി ചെലുത്തുന്ന സ്വാധീനം കുറ്റവാളികളല്ലാത്ത സമൂഹത്തെക്കാൾ വളരെയധികമാണ്. ലൈംഗിക കുറ്റവാളികളിൽ പോണോഗ്രഫി ആസ്വദിച്ചതിനുശേഷം ലൈംഗിക പ്രവർത്തനത്തിൽ ഏർപ്പെടാനുള്ള ത്വര മറ്റുള്ളവരെ അപേക്ഷിച്ച് വളരെ കൂടുതലാണ്.[13]

ജീവശാസ്ത്രപരമായി പോണോഗ്രഫി എങ്ങനെ മനുഷ്യനെ സ്വാധീനിക്കുന്നു എന്ന് കണ്ടെത്താൻ പൂർണാർഥത്തിൽ ശാസ്ത്രലോകത്തിന് കഴിഞ്ഞിട്ടില്ല. എന്നാൽ അതിലേക്ക് വെളിച്ചം വീശുന്ന കണ്ടെത്തലുകൾ ധാരാളം. ലൈംഗിക വളർച്ചയിലും ലൈംഗികത രൂപപ്പെടുന്നതിലും പ്രധാന പങ്കു വഹിക്കുന്നത് സ്റ്റീറോയ്ഡ് ഹോർമോൺ വിഭാഗത്തിൽ പെട്ട ആൺട്രോജനുകളാണ്. ഇവയിൽ സുപ്രധാന പങ്കു വഹിക്കുന്നത് ടെസ്റ്റോസ്റ്റീറോണും ആക്റ്റീവ് മെറ്റബോളിക് ഡീഹൈഡ്രോ ടെസ്റ്റിസോണുമാണ്. ടെസ്റ്റോസ്റ്റീറോണിന്റെ ഉത്പാദനം ആരംഭിക്കുന്നത് ഹൈപ്പോതലാമസ് എന്ന തലച്ചോറിന്റെ ഭാഗം ഗൊണാഡോട്രോപ്പിൻ റിലീസിങ് ഹോർമോൺ പുറത്തുവിടുമ്പോഴാണ്.[14] ജി.എൻ.ആർ.എച്ച് ല്യൂട്ടിനൈസിംഗ് ഹോർമോണിനെയും ഫോളിക്കിൾ സ്റ്റിമുലേഷൻ ഹോർമോണിനെയും പുറത്തുവിടുവാൻ അന്റീരിയർ

**ലൈംഗിക വളർച്ചയിലും ലൈംഗികത രൂപപ്പെടുന്നതിലും പ്രധാന പങ്കു വഹിക്കുന്നത് സ്റ്റീറോയ്ഡ് ഹോർമോൺ വിഭാഗത്തിൽപെട്ട ആൺട്രോജനുകളാണ്. ഇവയിൽ സുപ്രധാന പങ്കു വഹിക്കുന്നത് ടെസ്റ്റോസ്റ്റീറോണും ആക്റ്റീവ് മെറ്റബോളിക് ഡീഹൈഡ്രോ ടെസ്റ്റിസോണുമാണ്. ടെസ്റ്റോസ്റ്റീറോണിന്റെ ഉത്പാദനം ആരംഭിക്കുന്നത് ഹൈപ്പോതലാമസ് എന്ന തലച്ചോറിന്റെ ഭാഗം ഗൊണാഡോട്രോപ്പിൻ റിലീസിങ് ഹോർമോൺ പുറത്തുവിടുമ്പോഴാണ്. ജി.എൻ.ആർ.എച്ച് ല്യൂട്ടിനൈസിംഗ് ഹോർമോണിനെയും ഫോളിക്കിൾ സ്റ്റിമുലേഷൻ ഹോർമോണിനെയും പുറത്തുവിടുവാൻ അന്റീരിയർ പിറ്റിയൂറ്ററി ഗ്ലാന്റിനെ പ്രേരിപ്പിക്കും. വൃഷണത്തിലെ ലെയ്ഡിഗ് അഥവാ ഇന്റസ്റ്റീഷ്യൽ സെൽസിലെ എൽ.എച്ച് റിസപ്ട്ടേഴ്സ് എൽ.എച്ചിനെ ആഗീകരിക്കുകയും തുടർന്ന് നടക്കുന്ന സങ്കീർണ രാസ പ്രക്രിയയിലൂടെ പ്രിഗ്നെനോലോൺ മാറി ടെസ്റ്റോസ്റ്റീറോൺ ആകുകയും ചെയ്യുന്നു. പുരുഷനിൽ ലൈംഗിക അക്രമണ പ്രവണതയും ടെസ്റ്റോസ്റ്റീറോൺ സ്വാധീനിക്കുന്നു.**

പിറ്റിയൂറ്ററി ഗ്ലാന്റിനെ പ്രേരിപ്പിക്കും. വൃഷണത്തിലെ ലെയ്ഡിഗ് അഥവാ ഇന്റസ്റ്റീഷ്യൽ സെൽസിലെ എൽ.എച്ച് റിസപ്ട്ടേഴ്സ് എൽ.എച്ചിനെ ആഗീകരിക്കുകയും തുടർന്ന് നടക്കുന്ന സങ്കീർണ രാസ പ്രക്രിയയിലൂടെ പ്രിഗ്നെനോലോൺ മാറി ടെസ്റ്റോസ്റ്റീറോൺ ആകുകയും ചെയ്യുന്നു.(15) ഗർഭാശയത്തിൽ തുടങ്ങി കുട്ടിക്കാലത്തിലൂടെ, കൗമാരത്തിലൂടെ, പ്രായപൂർത്തിയും കടന്ന്(16) മനുഷ്യവളർച്ചയിലുടനീളം ടെസ്റ്റോസ്റ്റീറോൺ വ്യത്യസ്ത രീതികളിൽ സ്വാധീനം ചെലുത്തുന്നു. സ്വഭാവവും സീറം ടെസ്റ്റോസ്റ്റീറോണും തമ്മിൽ അതിശക്തമായ ബന്ധമുണ്ടെന്ന് പ്യഗെറ്റിന്റെയും സഹപ്രവർത്തകരുടെയും പഠനങ്ങൾ തെളിയിക്കുന്നു.(17)

പുരുഷനിൽ ലൈംഗിക അക്രമണ പ്രവണതയും ടെസ്റ്റോസ്റ്റീറോൺ സ്വാധീനിക്കുന്നു. ശിക്ഷിക്കപ്പെട്ട പ്രായപൂർത്തിയായ 501 പുരുഷ ലൈംഗിക കുറ്റവാളികളിൽ ലിയ എച്ച് സ്റ്റഡറിന്റെയും സഹപ്രവർത്തകരുടെയും നടത്തിയ പഠനത്തിൽ ഏറ്റവും നിന്ദ്യമായ ലൈംഗിക കുറ്റകൃത്യം ചെയ്യുവാൻ പുരുഷന്മാരിലെ ഉയർന്ന ടെസ്റ്റോസ്റ്റീറോൺ അളവ് പ്രേരണയാകും എന്ന് കണ്ടെത്തുകയുണ്ടായി.(18) ക്രിസ് എൽ.ഇയുടെയും എറൻക്രാൻസ് ജെയുടെയും സ്വതന്ത്ര പഠനങ്ങൾ തെളിയിക്കുന്നത് അക്രമ സ്വഭാവചരിത്രവും ഉയർന്ന ടെസ്റ്റോസ്റ്റീറോണുമായി അന്യോന്യം ബന്ധിതമാണ് എന്നാണ്.(19)(20)

അതുപോലെ തന്നെ വസ്തുതകളാൽ തെളിയിക്കപ്പെട്ട ബന്ധമാണ് ടെസ്റ്റോസ്റ്റീറോൺ അളവും പുരുഷ ലൈംഗിക രൂപീകരണവും. 52 ബലാത്സംഗകരിലെയും 12 കുട്ടികളെ ലൈംഗിക പീഡനം നടത്തിയവരിലെയും ടെസ്റ്റോസ്റ്റീറോൺ അളവ് റിച്ചാർഡ് ടി റാദായും സഹപ്രവർത്തകരും നിരീക്ഷിക്കുകയുണ്ടായി. ഇവരുടെ കുറ്റകൃത്യങ്ങളുടെ ക്രൂരതകൾക്കനുസൃതമായി നാലു സംഘങ്ങളാക്കി ഇവരെ തരം തിരിച്ചു. അതിക്രൂര സംഘത്തിന്റെ ശരാശരി പ്ലാസ്മ ടെസ്റ്റോസ്റ്റീറോൺ അളവ് 852.8 എൻ.ജി/100എം.എൽ ആണെങ്കിൽ ഇതര മൂന്നു സംഘങ്ങളുടെ ശരാശരി പ്ലാസ്മ ടെസ്റ്റോസ്റ്റീറോൺ അളവ് 938.7, 600.8, 543.9 എൻ.ജി/100എം.എൽ എന്നീ തോതുകളിലാണ്. എന്നാൽ ഇവരുടെ പ്രായത്തിനോ വർഗത്തിനോ പ്ലാസ്മ ടെസ്റ്റോസ്റ്റീറോണിന്റെ അളവുമായി ബന്ധമില്ല എന്ന് പഠനം അടിവരയിടുന്നു. പഠനഫലം ഇങ്ങനെ സംഗ്രഹിക്കാം:

ഇരകളെ അതിക്രൂരമായി ലൈംഗികമായി പീഡിപ്പിക്കുന്ന കുറ്റവാളികളിൽ പ്ലാസ്മാ ടെസ്റ്റോസ്റ്റീറോണിന്റെ അളവ് വളരെ കൂടുതലാണ്.(21) ഉയർന്ന ടെസ്റ്റോസ്റ്റീറോൺ അളവ് പുരുഷന്മാരിൽ അക്രമവാസന, ലൈംഗിക വ്യതിയാനങ്ങൾ, കുറ്റവാസന തുടങ്ങിയവ ജനിപ്പിക്കാനുള്ള സാധ്യത പഠനങ്ങൾ മുന്നോട്ടുവെക്കുന്നു. എന്നാൽ അതിന്റേതായ നിലയിൽ ടെസ്റ്റോസ്റ്റീറോൺ മെക്കാനിസം മനുഷ്യരിൽ സ്വഭാവ ഗുണങ്ങൾ സൃഷ്ടിക്കുന്നില്ല. ഉയർന്ന ടെസ്റ്റോസ്റ്റീറോൺ അളവ് ചില അനുകൂല സാഹചര്യങ്ങളിൽ ചില സ്വഭാവങ്ങൾ പ്രകടമാക്കിയേക്കും. ടെസ്റ്റോസ്റ്റീറോൺ ഉയരുവാനും താഴാനുമുള്ള അനേകം കാരണങ്ങൾ ശാസ്ത്ര പഠനം മുന്നോട്ടുവെക്കുന്നു. ഇവയിൽ രണ്ടു പഠനങ്ങൾ പോണോഗ്രഫിയുമായി ബന്ധപ്പെട്ടതാണ്. വ്യത്യസ്ത തരം സിനിമകൾ കാണുന്ന 20 യുവാക്കളിൽ സിനിമ കാണുന്നതിനു മുമ്പും സിനിമ കണ്ടുകൊണ്ടിരിക്കുമ്പോഴും കണ്ടതിനുശേഷവുമുള്ള ഉമിനീരിലെ ടെസ്റ്റോസ്റ്റീറോണിന്റെ അളവ് ഹെൽഹാമ്മറും സഹപ്രവർത്തകരും പരിശോധിക്കുകയുണ്ടായി. രതിജന്യമായതും ലൈംഗികാതിപ്രസരമുള്ളതുമായ സിനിമ കണ്ടവരിൽ ടെസ്റ്റോസ്റ്റീറോണിന്റെ അളവ് വളരെ കൂടുതലായിരുന്നു. (എഫക്റ്റീവ് സൈസ്

d=1.0.7, d=0.72). എന്നാൽ രതിജന്യമോ ലൈംഗികാതിപ്രസരമുള്ളതോ അല്ലാത്ത സിനിമകൾ ടെസ്റ്റോസ്റ്റീറോണിന്റെ അളവ് പറയത്തക്കവിധം ഉയർത്തിയില്ല.[22] സ്റ്റോളർ തന്റെ സഹപ്രവർത്തകർക്കൊപ്പം പൊസിഷൻ എമിഷൻ ടോമോഗ്രഫി സ്കാൻ ഉപയോഗിച്ച് രതിജന്യമായ സിനിമ കണ്ടുകൊണ്ടിരിക്കുന്ന 8 പുരുഷന്മാരുടെ തലച്ചോറ് അന്വേഷണവിധേയമാക്കി. ഇവരുടെ ടെസ്റ്റോസ്റ്റീറോണിന്റെ അളവ് പരിശോധിച്ചതിൽ 8 പുരുഷന്മാരിലും ചിത്രം കണ്ടുകഴിഞ്ഞപ്പോൾ ടെസ്റ്റോസ്റ്റീറോണിന്റെ അളവ് വളരെ ഉയർന്നതായി കണ്ടെത്തി.[23] ഈ ജീവശാസ്ത്ര പഠനങ്ങൾ നൽകുന്ന സന്ദേശം വളരെ വ്യക്തമാണ്. പോണോഗ്രഫി പുരുഷന്മാരുടെ ശരീരത്തിൽ ടെസ്റ്റോസ്റ്റീറോൺ ഉയർത്താൻ കാരണമാകുമെന്നും ഉയർന്ന ടെസ്റ്റോസ്റ്റീറോൺ അളവ് അക്രമത്തിലേക്കും ലൈംഗികാക്രമണത്തിലേക്കും ഹിംസാത്മക ലൈംഗികതയിലേക്കും നയിച്ചേക്കാമെന്നുമാണത്.

വിവര സാങ്കേതികവിദ്യാവിപ്ലവവും കമ്പ്യൂട്ടറിന്റെയും സ്മാർട്ട് ഫോണിന്റെയും വൻതോതിലുള്ള ആഗമനവും പോണോഗ്രഫി സർവവ്യാപകമാക്കുവാൻ ഉതകി. ഗൂഗ്ൾ സെർച്ച് ബാറിൽ 'പോൺ' എന്ന് ടൈപ്പ് ചെയ്ത് നിശ്വസിക്കുന്നതിനുമുമ്പ് വന്യമായ ലൈംഗിക കേളികൾ മുന്നിൽ പ്രത്യക്ഷപ്പെടുന്നു. മൊബൈൽ ഫോണിൽ അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കാൻ കമ്പനികൾ മത്സരിക്കുകയാണ്. പോൺ വീഡിയോകൾ മൊബൈലിൽ ലോഡ് ചെയ്തുതരുന്ന കടകൾ ചെറു ഗ്രാമങ്ങളിൽ പോലുമുണ്ട്. രതിവൈകൃതങ്ങൾ പ്രായോഗികമാക്കുവാനുള്ള മനസ്സ് ഇവ പ്രദാനം ചെയ്യുന്നുവെന്നതിന്റെ ഉദാഹരണമാണ് കാമാത്തിപുരത്ത് ഇന്നലെകളിൽ സമീപിച്ചിരുന്ന സമൂഹം 'വ്യഭിചരിക്കുവാൻ എത്ര?' എന്നു ചോദിച്ചിരുന്നിടത്ത് ഇന്ന് മൊബൈൽ ഫോണുമായി സമീപിച്ച് 'ഈ ക്ലിപ്പിൽ കാണുന്നപോലെ വ്യഭിചരിക്കുവാൻ എത്ര?' എന്നു ചോദിക്കുന്നത്.[24]



വിവാഹം കഴിക്കാനും ജോലി ചെയ്യാനും, എന്തിന് സ്വന്തമായി പാസ്പോർട്ടിന് അപേക്ഷിക്കുവാൻപോലും നമ്മുടെ നാട്ടിൽ പ്രായത്തിന്റെ മതിൽ ചാടിക്കടക്കണം. എന്നാൽ തുറന്ന ലൈംഗിക വൈകൃതങ്ങൾ ആസ്വദിക്കാൻ ഒരു ചാട്ടവും വേണ്ട! കേവലം '18 വയസ്സായോ?' എന്ന ചോദ്യം. 'അതെ' എന്ന് മൗസ് ക്ലിക്ക് ചെയ്യലല്ലാതെ ശക്തമായ എന്ത് പരിഹാരമാണ് ഇതിനുള്ളത് എന്ന് സുപ്രീം കോടതി ആരാഞ്ഞിരിക്കുന്ന സാഹചര്യത്തിൽ പോണോഗ്രഫി നിരോധിക്കുകയോ ഇന്നു ലഭിക്കുന്ന സുഖ സുലഭമായ രീതി തടയുകയോ ചെയ്യുക എന്നത് സാങ്കേതികമായി ബുദ്ധിമുട്ടില്ലാത്തതാണ്. ഇതിനെ എതിർക്കുന്ന ഉദാരചിത്തന്മാർ പോണോഗ്രഫി വിൽപനക്കാരനായ ഒരുവന്റെ വാക്കുകൾ കേൾക്കുക: "രതി ഇന്ന് സദാ മനസ്സുകളിൽ മദിച്ചുനിൽക്കുന്നു. നിങ്ങളുടെ ഓട്ടോറിക്ഷക്കാരൻ നിങ്ങളെ കയറ്റുന്നതിനുമുമ്പും ടാക്സി ഡ്രൈവർ ഇടവേളകളിലും പച്ചക്കറിക്കടക്കാരൻ രണ്ട് ഉപഭോക്താവിന്റെ ഇടയിലും പോൺ ആസ്വദിച്ചുകൊണ്ടിരുന്നിരിക്കാം."[25]

അതെ, രതിവൈകൃതങ്ങൾ പ്രായോഗികമാക്കാനുള്ള മനസ്സും ഉയർന്ന ടെസ്റ്റോസ്റ്റീറോണും അക്രമണചിന്തകളും ലൈംഗികത്വരയും ഇരയെ ഒറ്റപ്പെട്ടു കിട്ടുന്ന സാഹചര്യവും.

**Ref:**

1. C. Itzin (Ed.), Pornography: Women, violence and civil liberties. pp. 248 284. New York: Oxford University Press. In United States. Senate. Committee on Judiciary. Subcommittee on The Constitution, Civil Rights And Property Rights. Hearing On Pornography s Impact On Marriage & The Family Washington, D.C. August 2005.Print

2. Einsiedel, E. (1992). The experimental research evidence: Effects of pornography on the average individual. In C. Itzin (Ed.), Pornography: Women, violence and civil liberties. pp. 248 284. New York: Oxford University Press.

3. Weaver, J. (1992). The social science and psychological research evidence: Perceptual and behavioural consequences of exposure to pornography. In C. Itzin (Ed.), Pornography: Women, violence and civil liberties. (pp.284 310). New York: Oxford University Press.

4. Russell, D. E. H. (1995). Against pornography: The evidence of harm. Berkeley, CA: Russell Publications in United States. Senate. Committee On Judiciary. Subcommittee On The Constitution, Civil Rights And Property Rights. Hearing On Pornography's Impact On Marriage & The Family Wash-

ington, D.C. August 2005.Print

5. Itzin, C. (2002). Pornography and the construction of misogyny. The Journal of Sexual Aggression, 8(3), 4 42.

6. Drew A. Kingston , Neil M. Malamuth , Paul Fedoroff & William L. Marshall (2009): The Importance of Individual Differences in Pornography Use: Theoretical Perspectives and Implications for Treating Sexual Offenders, Journal of Sex Research, 46:2-3, 216-232

7. Oddone-Paolucci, E., Genius, M., & Violato, C. (January 2000). A meta-analysis of the published research on the effects of pornography. The Changing Family and Child Development, 48 59.

8. Table 4.1 Ibid.

9. Malamuth, N. M., Addison, T., & Koss, M. (2000). Pornography and sexual aggression: Are there reliable effects and can we understand them? Annual Review of Sex Research, 11, 26 94.

10. Silvia Bonino , Silvia Ciairano , Emanuela Rabaglietti & Elena Cattelino (2006): Use of pornography and self-reported engagement in sexual violence among adolescents, European Journal of Developmental Psychology, 3:3, 265-288

11. Burton, D. & Leibowitz, G., Booxbaum, A. & Howard, A. Comparison by crime type of juvenile delinquents on pornography exposure: The absence of relationships between exposure to pornography and sexual offense characteristics. The Journal of Forensic Nursing. 12. Russell, D. E. H. (1998). Dangerous relationships: Pornography, misogyny, and rape. Thousand Oaks, CA: Sage Publications.

13. Allen, M., D Alessio, D., & Emmers-Sommer, T. M. (2000). Reactions of criminal sexual offenders to pornography: A meta-analytic summary. In United States. Senate. Committee on Judiciary. Subcommittee on The Constitution, Civil Rights And Property Rights. Hearing On Pornography s Impact On Marriage & The Family Washington, D.C. August 2005.Print

14. Conn, P. M., & Crowley, W. F., Jr. (1991). Gonadotropin-releasing hormone and its analogues. New England Journal of Medicine, 324, 93 103. In Lea H. Studer,A. Scott Aylwin, and John R. Reddon Testosterone, Sexual Offense Recidivism, and Treatment Effect Among Adult Male Sex Offenders. Sexual Abuse: A Journal of Research and Treatment 17, no. 2, (2005) 171-181

15. Griffin, J. E., & Wilson, J. D. (1992). Disorders of the testes and male reproductive tract. In J. D.Wilson & D. W. Foster (Eds.), Williams textbook of endocrinology (8th ed., pp. 799 852).London: Saunders. In Lea H. Studer,A. Scott Aylwin, and John R. Reddon Testosterone, Sexual Offense Recidivism, and Treatment Effect Among Adult Male Sex Offenders. Sexual Abuse: A Journal of Research and Treatment 17, no. 2, (2005) 171-181

16. Harris, J. A. (1999). Review and methodological considerations in research on testosterone and aggression. Aggression and Violent Behavior, 4, 273 291.

17. Pugeat, M., Garrel, D., Estour, B., Lejeune, H., Kurzer, M. S., Tourniaire, J., et al. (1988). Sex steroid binding protein in nonendocrine diseases. Annals of the New York Academy of Sciences, 538, 235 247.

18. Lea H. Studer, A. Scott Aylwin, and John R. Reddon Testosterone, Sexual Offense Recidivism, and Treatment Effect Among Adult Male Sex Offenders. Sexual Abuse: A Journal of Research and Treatment 17, no. 2, (2005) 171-181

19. Kreuz LE, Rose RM: Assessment of aggressive behavior and plasma testosterone in a young criminal population. Psychosom Med 34:321-332, 1972 in Rada, R., Laws, D., & Kellner, R. Plasma testosterone levels in the rapist. Psychosomatic Medicine, 38, (1976). 257 268.

20. Ehrenkranz J, Bliss E, Sheard MH: Plasma testosterone: correlation with aggressive behavior and social dominance in man. Psychosom Med 36:469-475, 1974 in Rada, R., Laws, D., & Kellner, R. Plasma testosterone levels in the rapist. Psychosomatic Medicine, 38, (1976). 257 268.

21. Rada, R., Laws, D., & Kellner, R. Plasma testosterone levels in the rapist. Psychosomatic Medicine, 38, (1976). 257 268.

22. Hellhammer, D.H., Hubert, W., Schurmeyer, T., 1985. Changes in saliva testosterone after psychological stimulation in men. Psychoneuroendocrinology 10, 77 81. In John Archer: Review Testosterone and human aggression: an evaluation of the challenge hypothesis. Neuroscience and Biobehavioral Reviews 30 (2006) 319 345

23. Stoleru, S., Gregoire, M-C., Gerard, D., Decety, J., Lafarge, E., Cinotti, L., Lavenne, F., Le Bars, D., Vernet-Maury, E., Rada, H., Collet, C., Mazoyer, B., Forest, M.G., Magnin, F., Spira, A., Comar, D., 1999. Neuroanatomical correlates of visually evoked sexual arousal in human males. Arch. Sex Behav. 28, 1 21. In John Archer: Review Testosterone and human aggression: an evaluation of the challenge hypothesis. Neuroscience and Biobehavioral Reviews 30 (2006) 319 345

24. Jayaraman, Gayathri. (2013, may 6). Rage Of Repressed. India Today , pp. 26-27.

25. Ibid.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 70, ഭാഗം: 4

# മആരിജ് (കയറുന്ന വഴികൾ)

36. അപ്പോൾ സത്യനിഷേധികൾക്കെന്തു പറ്റി! അവർ നിന്റെ നേരെ കഴുത്തു നീട്ടി വന്നിട്ട്

37. വലത്തോട്ടും ഇടത്തോട്ടും കൂട്ടങ്ങളായി ചിതറിപ്പോകുന്നു.

38. സുഖാനുഭൂതിയുടെ സ്വർഗത്തിൽ താൻ പ്രവേശിപ്പിക്കപ്പെടണമെന്ന് അവരിൽ ഓരോ മനുഷ്യനും മോഹിക്കുന്നുണ്ടോ?

39. അതു വേണ്ട. തീർച്ചയായും അവർക്കറിയാവുന്നതിൽ നിന്നാണ് അവരെ നാം സൃഷ്ടിച്ചിട്ടുള്ളത്.

40. എന്നാൽ ഉദയസ്ഥാനങ്ങളുടെയും അസ്തമയസ്ഥാനങ്ങളുടെയും രക്ഷിതാവിന്റെ പേരിൽ ഞാൻ സത്യം ചെയ്തു പറയുന്നു: തീർച്ചയായും നാം കഴിവുള്ളനാണെന്ന്.

41. അവരെക്കാൾ നല്ലവരെ പകരം കൊണ്ടുവരാൻ. നാം തോൽപിക്കപ്പെടുന്നവനല്ല താനും.

42. ആകയാൽ അവർക്ക് താക്കീത് നൽകപ്പെടുന്ന അവരുടെ ആ ദിവസത്തെ അവർ കണ്ടുമുട്ടുന്നത് വരെ അവർ തോന്നിവാസത്തിൽ മുഴുകുകയും കളിച്ചുകൊണ്ടിരിക്കുകയും ചെയ്യാൻ നീ അവരെ വിട്ടേക്കുക.

43. അതായത് അവർ ഒരു നാട്ടക്കുറിയുടെ നേരെ ധൃതിപ്പെട്ട് പോകുന്നത് പോലെ ക്വബ്റുകളിൽ നിന്ന് പുറപ്പെട്ടു പോകുന്ന ദിവസം.

44. അവരുടെ കണ്ണുകൾ കീഴ്പോട്ട് താണിരിക്കും. അപമാനം അവരെ ആവരണം ചെയ്തിരിക്കും. അതാണ് അവർക്ക് താക്കീത് നൽകപ്പെട്ടിരുന്ന ദിവസം.

فَمَالِ ٱلَّذِينَ كَفَرُوا۟ قِبَلَكَ مُهْطِعِينَ ﴿٣٦﴾
عَنِ ٱلْيَمِينِ وَعَنِ ٱلشِّمَالِ عِزِينَ ﴿٣٧﴾
أَيَطْمَعُ كُلُّ ٱمْرِئٍ مِّنْهُمْ
أَن يُدْخَلَ جَنَّةَ نَعِيمٍ ﴿٣٨﴾
كَلَّآ ۖ إِنَّا خَلَقْنَٰهُم مِّمَّا يَعْلَمُونَ ﴿٣٩﴾
فَلَآ أُقْسِمُ بِرَبِّ ٱلْمَشَٰرِقِ وَٱلْمَغَٰرِبِ إِنَّا لَقَٰدِرُونَ ﴿٤٠﴾
عَلَىٰٓ أَن نُّبَدِّلَ خَيْرًا مِّنْهُمْ وَمَا نَحْنُ بِمَسْبُوقِينَ ﴿٤١﴾
فَذَرْهُمْ يَخُوضُوا۟ وَيَلْعَبُوا۟ حَتَّىٰ يُلَٰقُوا۟ يَوْمَهُمُ ٱلَّذِى
يُوعَدُونَ ﴿٤٢﴾
يَوْمَ يَخْرُجُونَ مِنَ ٱلْأَجْدَاثِ سِرَاعًا كَأَنَّهُمْ
إِلَىٰ نُصُبٍ يُوفِضُونَ ﴿٤٣﴾
خَٰشِعَةً أَبْصَٰرُهُمْ تَرْهَقُهُمْ ذِلَّةٌ ۚ ذَٰلِكَ ٱلْيَوْمُ
ٱلَّذِى كَانُوا۟ يُوعَدُونَ ﴿٤٤﴾

36-39). സത്യനിഷേധികൾ അകപ്പെട്ട വഞ്ചനയെ വ്യക്തമാക്കി അല്ലാഹു പറയുന്നു: (അപ്പോൾ സത്യനിഷേധികൾക്ക് എന്തുപറ്റി? അവർ നിന്റെ നേരെ കഴുത്ത് നീട്ടിവരുന്നു) ധൃതിപ്പെട്ടവരായി. (വലത്തോട്ടും ഇടത്തോട്ടും കൂട്ടങ്ങളായി ചിതറിപ്പോകുന്നു) വിഭിന്ന കൂട്ടങ്ങളായി, വ്യത്യസ്ത സംഘങ്ങളായി എല്ലാവരും തങ്ങളുടെ പക്കലുള്ളതിൽ സന്തുഷ്ടരാണ്. (സുഖാനുഭൂതിയുടെ സ്വർഗത്തിൽ താൻ പ്രവേശിപ്പിക്കപ്പെടണമെന്ന് അവരിൽ ഓരോ മനുഷ്യനും മോഹിക്കുന്നുണ്ടോ?) ലോകരക്ഷിതാവിനോട് നിഷേധമല്ലാതെ മറ്റൊന്നും ചെയ്തിട്ടില്ലാത്തവർ അങ്ങനെ ആഗ്രഹിക്കാൻ അവർക്കെന്താണുള്ളത്? അതാണ് തുടർന്ന് പറയുന്നത്: (അതുവേണ്ട) കാര്യം അവർ മോഹിക്കുന്നതു പോലെയല്ല. അവരുടെ ശക്തിയാൽ അവരാഗ്രഹിക്കുന്നത് ലഭിക്കാനും പോകുന്നില്ല. (തീർച്ചയായും അവർക്കറിയാവുന്നതിൽ നിന്നാണ് നാം അവരെ സൃഷ്ടിച്ചിട്ടുള്ളത്). നെഞ്ചെല്ലിന്റെയും മുതുകെല്ലിന്റെയും ഇടയിൽ നിന്ന് തെറിച്ചുവീഴുന്ന ദ്രാവകത്തിൽ നിന്ന്. അവർ ദുർബലരാണ്. സ്വന്തങ്ങൾക്കു തന്നെ ഉപകാരമോ ഉപദ്രവമോ മരണമോ ജീവിതമോ ഉയിർത്തെഴുന്നേൽപോ അവർ ഉടമപ്പെടുത്തുന്നില്ല.

41-44). ഇവിടെ അല്ലാഹു സൂര്യന്റെയും ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും ഉദയസ്ഥാനങ്ങളെയും അസ്തമയ സ്ഥാനങ്ങളെയും സത്യം ചെയ്തു പറയുന്നു. കാരണം അതിൽ ഉയിർത്തെഴുന്നേൽപിനും അവരെ അവരായിത്തന്നെ തിരിച്ചുകൊണ്ടുവരാൻ കഴിയുമെന്നതിനും വ്യക്തമായ തെളിവുകളുണ്ട്.

عَلَىٰٓ أَن نُّبَدِّلَ أَمۡثَٰلَكُمۡ وَنُنشِئَكُمۡ فِي مَا لَا تَعۡلَمُونَ

"(നിങ്ങൾക്കു) പകരം നിങ്ങളെ പോലുള്ളവരെ കൊണ്ടുവരികയും. നിങ്ങൾക്ക് അറിവില്ലാത്ത വിധത്തിൽ നിങ്ങളെ (വീണ്ടും) സൃഷ്ടിച്ചുണ്ടാക്കുകയും ചെയ്യുന്ന കാര്യത്തിൽ" (56:61).

(നാം തോൽപിക്കപ്പെടുന്നവനല്ല താനും) മനുഷ്യനെ വീണ്ടും തിരിച്ചുകൊണ്ടുവരാൻ നാം തീരുമാനിച്ചാൽ നമ്മെ പരാജയപ്പെടുത്തുന്നവനോ നഷ്ടപ്പെടുത്തുന്നവനോ അശക്തമാക്കുന്നവനോ ആയി ഒരാളും തന്നെയില്ല.

42). പ്രതിഫലവും ഉയിർത്തെഴുന്നേൽപും സമർഥിക്കുമ്പോൾ അവർ അല്ലാഹുവിന്റെ തെളിവുകൾക്ക് വഴങ്ങാതെ നിഷേധത്തിൽ തുടരുകയാകുന്നു. (അവർ തോന്നിവാസത്തിൽ മുഴുകുകയും കളിച്ചുകൊണ്ടിരിക്കുകയും ചെയ്യാൻ നീ അവരെ വിട്ടേക്കുക) നിരർഥകമായ വാക്കുകളിലും തെറ്റായ വിശ്വാസങ്ങളിലും മതം കൊണ്ടുള്ള കളികളിലും തിന്നലും കുടിക്കലിലുമൊക്കെയായി അവർ മുഴുകട്ടെ. (അവർക്ക് താക്കീത് നൽകപ്പെടുന്ന അവരുടെ ആ ദിവസത്തെ അവർ കണ്ടുമുട്ടുന്നതു വരെ) തീർച്ചയായും അല്ലാഹു അവർക്ക് പാഠം നൽകുന്ന ശിക്ഷയും നാശവുമെല്ലാം അവരുടെ കളിയുടെയും തോന്നിവാസത്തിന്റെയും പരിണിതഫലമായി തയ്യാറാക്കിവെച്ചിട്ടുണ്ട്.

43-44). താക്കീത് ചെയ്യപ്പെട്ട ദിവസത്തെ കണ്ടുമുട്ടുമ്പോഴുള്ള സൃഷ്ടികളുടെ അവസ്ഥയാണ് തുടർന്ന് പരാമർശിക്കുന്നത്. (ക്വബ്റുകളിൽ നിന്ന് ധൃതിയിൽ പുറപ്പെട്ട് പോകുന്ന ദിവസം). (ധൃതിയിൽ) വിളിക്കുന്നവന്റെ അടുക്കലേക്ക് ഉത്തരം നൽകുന്നവരായി ധൃതിപ്പെട്ടു പോകുന്നവർ. (അതായത് അവർ ഒരു നാട്ടക്കുറിയുടെ നേരെ ധൃതിപ്പെട്ട് പോകുന്നതു പോലെ) ഒരു അടയാളത്തിലേക്ക് ലക്ഷ്യം വെച്ച് പോകുന്നതു പോലെ. വിളിക്കുന്നവന്റെ വിളിയിൽ നിന്ന് തിരിഞ്ഞുകളയാനോ അനുസരിക്കാതിരിക്കാനോ അവർക്ക് കഴിയില്ല. മറിച്ച് ലോകരക്ഷിതാവിന്റെ മുമ്പിൽ നിൽക്കാൻ കീഴ്പെടുത്തപ്പെട്ടവരായി, നിന്ദ്യരായി അവർ വരും. (അവരുടെ കണ്ണുകൾ കീഴ്പോട്ട് താണിരിക്കും. അപമാനം അവരെ ആവരണം ചെയ്തിരിക്കും. അസ്വസ്ഥതയും നിന്ദ്യതയും അവരുടെ ഹൃദയത്തെ അധീനപ്പെടുത്തിയിരിക്കും. അവരുടെ ഹൃദയങ്ങളുടെമേൽ ആധിപത്യം സ്ഥാപിച്ചിരിക്കും. അപ്പോൾ അവരുടെ കണ്ണുകൾ കീഴ്പോട്ടു താഴും. ചലനം നിലയ്ക്കും. ശബ്ദം നിന്നുപോകും. (അതാണ്) അവസ്ഥയും മടക്കസ്ഥാനവും. അതാണ് (അവർക്ക് താക്കീത് നൽകപ്പെട്ടിരുന്ന ദിവസം). അല്ലാഹുവിന്റെ കരാർ നിറവേറാതെ നിവർത്തിയില്ല.

മആരിജ് സൂറഃയുടെ വ്യാഖ്യാനം പൂർത്തിയായി.

## ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

റിയാസ് സ്വലാഹി
mail@nerpatham.com

ലേഖനം



# കരുണയുള്ള പ്രവാചകൻ കരഞ്ഞ സന്ദർഭങ്ങൾ

ലോകാനുഗ്രഹിയായ മുഹമ്മദ് നബിﷺയുടെ ജീവിതം എല്ലാവർക്കും മാതൃകയാണ്. പിതാവ്, പിതാമഹൻ, ഭർത്താവ്, നേതാവ് തുടങ്ങി ഏത് രംഗത്തും പ്രവാചകന്റെ ജീവിതം ഉൽകൃഷ്ടമാണ്. ശത്രുക്കളോടുപോലും സ്നേഹത്തോടെ പെരുമാറി; അവർക്ക് മാപ്പു കൊടുക്കാൻ സന്മനസ്സ് കാണിച്ചു. കാരുണ്യത്തിന്റെയും അനുകമ്പയുടെയും ഉറവിടമായിരുന്നു അദ്ദേഹത്തിന്റെ ഹൃദയം. മറ്റുള്ളവരുടെ പ്രയാസങ്ങൾ ആ മനസ്സിനെ വേദനിപ്പിക്കുകയും കണ്ണുകളെ ഈറനണിയിക്കുകയും ചെയ്തു. കാരുണ്യ പ്രവാചകന്റെ ഹൃദയത്തുടിപ്പുകൾ പ്രതിബിംബിക്കുന്ന എത്രയെത്ര സംഭവങ്ങളാണ് ചരിത്ര താളുകളിൽ നിറഞ്ഞുനിൽക്കുന്നത്!

ഒരിക്കൽ നബിﷺ ഉമർؓവിനും മറ്റു ചില അനുചരന്മാർക്കുമൊപ്പം ഒരിടത്ത് വിശ്രമിക്കുകയായിരുന്നു. അപ്പോൾ അവിടെയെത്തിയ ഒരു ഗ്രാമീണൻ (ബദവി) പ്രവാചകനുമായി സംസാരിക്കുന്നതിനിടയിൽ പഴയകാലത്തെ ജീവിതാനുഭവങ്ങൾ വിവരിക്കാൻ തുടങ്ങി. പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയ സംഭവവിവരണം കേട്ടപ്പോൾ പ്രവാചകൻﷺ കരഞ്ഞു പോയി. അത്രയും ഹൃദയനായിരുന്നു അദ്ദേഹം. ചിലപ്പോൾ അദ്ദേഹം കരയുന്നത് മരിച്ച

ഒരാളോടുള്ള കാരുണ്യം മൂലമായിരിക്കും. മറ്റു ചിലപ്പോൾ സ്വന്തം സമുദായത്തോടുള്ള അനുകമ്പയാലാകാം. വേറെ ചിലപ്പോൾ ദൈവഭയത്താലാകാം. ക്വുർആൻ പാരായണം ചെയ്യുന്നത് ശ്രവിക്കുമ്പോഴും അദ്ദേഹം കരയും. രോഗി സന്ദർശനവും ക്വബ്ർ സന്ദർശനവും അദ്ദേഹത്തെ കരയിച്ചു.

ആഇശ﵁ റിപ്പോർട്ട് ചെയ്യുന്നു: "ഉസ്മാനുബ്നു മദ്ഊൻ﵁ മരണപ്പെട്ടപ്പോൾ നബി ﷺ അദ്ദേഹത്തിന്റെ മൃതദേഹത്തിന്റെ അരികിൽ ചെന്നു. മുഖത്തുനിന്ന് തുണിമാറ്റി കുനിഞ്ഞുനിന്ന് അദ്ദേഹത്തെ ചുംബിച്ചു. പിന്നീട് അദ്ദേഹം പൊട്ടിക്കരഞ്ഞു. അദ്ദേഹത്തിന്റെ കവിളുകളിലൂടെ അശ്രുകണങ്ങൾ ഒഴുകുന്നത് ഞാൻ കണ്ടു" (അബൂദാവൂദ്).

പിതൃവ്യൻ ഹംസ﵁യുടെ രക്തസാക്ഷിത്വം പ്രവാചകനെ ഏറെ കരയിച്ച സംഭവമായിരുന്നു. ഉഹുദ് യുദ്ധത്തിൽ രക്തസാക്ഷിയായ അദ്ദേഹത്തിന്റെ മൃതശരീരത്തെ ശത്രുക്കൾ അംഗഭംഗം വരുത്തുകയും അബൂസുഫ്‌യാന്റെ ഭാര്യയായ ഹിന്ദ് കരൾ പുറത്തെടുത്ത് ചവച്ചു തുപ്പുകയും ചെയ്തിരുന്നു.

അബ്ദുല്ലാഹിബ്നു ഉമർ﵁ പറയുന്നു: "റസൂൽ ﷺ ഉഹുദിൽ നിന്ന് തിരിച്ചുവരുമ്പോൾ അൻസ്വാരി സ്ത്രീകൾ യുദ്ധത്തിൽ മരിച്ച ഭർത്താക്കന്മാരുടെ പേരിൽ കരയുന്നത് കേട്ടു. അപ്പോൾ തിരുമേനി പറഞ്ഞു: എന്നാൽ ഹംസ, അദ്ദേഹത്തിന്റെ പേരിൽ കരയുന്നവരില്ലല്ലോ" (ഇബ്നുമാജ).

മുഅ്ത്ത യുദ്ധത്തിൽ വധിക്കപ്പെട്ട തന്റെ അടുത്ത അനുചരന്മാരുടെ പേരിലും അദ്ദേഹം കരയുകയുണ്ടായി. അനസുബ്നു മാലിക്﵁ റിപ്പോർട്ട് ചെയ്യുന്നു: "ജഅ്ഫറുബ്നു അബീത്വാലിബ്, സൈദുബ്നു ഹാരിസ, അബ്ദുല്ലാഹിബ്നു റവാഹ എന്നിവരുടെ മരണവാർത്ത തിരുമേനി ഞങ്ങളെ അറിയിച്ചു. അപ്പോൾ തിരുദൂതരുടെ ഇരു കണ്ണുകളിൽ നിന്നും കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു" (ബുഖാരി).

ക്വബ്റുകൾ സന്ദർശിക്കുന്നത് തിരുദൂതരുടെ ഒരു ശീലമായിരുന്നു. മരണസ്മരണ നിലനിർത്തുകയും മരിച്ചവരുടെ പാപമോചനത്തിനായി പ്രാർഥിക്കുകയുമാണ് അതിന്റെ ഉദ്ദേശ്യം. ക്വബ്ർ സന്ദർശനവേളയിൽ അദ്ദേഹം കരഞ്ഞ ധാരാളം സംഭവങ്ങൾ ഉണ്ട്. അബൂഹുറയ്റ﵁ റിപ്പോർട്ട് ചെയ്യുന്നു: "നബി ﷺ ഒരിക്കൽ തന്റെ അനുചരന്മാരോടൊപ്പം മാതാവിന്റെ ക്വബ്ർ സന്ദർശിച്ചു. അപ്പോൾ അദ്ദേഹം കരഞ്ഞു. ഒപ്പമുള്ളവരും കരഞ്ഞു" (മുസ്‌ലിം).

സ്വന്തം മകൻ ഇബ്റാഹീം മരണപ്പെട്ടപ്പോൾ നബി ﷺയുടെ കണ്ണിൽനിന്ന് കണ്ണുനീരൊഴുകുന്നത് കണ്ട് അബ്ദുർറഹ്മാനുബ്നു ഔഫ്﵁ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, താങ്കളും കരയുകയാണോ?" പ്രവാചകൻ ﷺ പറഞ്ഞു: "ഔഫിന്റെ മകനേ, ഇത് കാരുണ്യമാണ്. കണ്ണ് കണ്ണുനീർ പൊഴിക്കുന്നു; ഹൃദയം ദുഃഖിക്കുന്നു. എന്നാൽ നമ്മുടെ നാഥന് അനിഷ്ടകരമായ ഒന്നും നാം പറയുന്നില്ല. ഇബ്റാഹീമേ, നിന്റെ വേർപാടിൽ ഞങ്ങൾ ദുഃഖിതരാണ്."

**ഒരിക്കൽ നബി ﷺ ഉമർ﵁വിനും മറ്റു ചില അനുചരന്മാർക്കുമൊപ്പം ഒരിടത്ത് വിശ്രമിക്കുകയായിരുന്നു. അപ്പോൾ അവിടെയെത്തിയ ഒരു ഗ്രാമീണൻ (ബദവി) പ്രവാചകനുമായി സംസാരിക്കുന്നതിനിടയിൽ പഴയ കാലത്തെ ജീവിതാനുഭവങ്ങൾ വിവരിക്കാൻ തുടങ്ങി. പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയ സംഭവ വിവരണം കേട്ടപ്പോൾ പ്രവാചകൻ ﷺ കരഞ്ഞു പോയി. അത്രയും ഹൃദയനായിരുന്നു അദ്ദേഹം. ചിലപ്പോൾ അദ്ദേഹം കരയുന്നത് മരിച്ച ഒരാളോടുള്ള കാരുണ്യം മൂലമായിരിക്കും. മറ്റു ചിലപ്പോൾ സ്വന്തം സമുദായത്തോടുള്ള അനുകമ്പയാലാകാം. വേറെ ചിലപ്പോൾ ദൈവഭയത്താലാകാം. ക്വുർആൻ പാരായണം ചെയ്യുന്നത് ശ്രവിക്കുമ്പോഴും അദ്ദേഹം കരയും. രോഗി സന്ദർശനവും ക്വബ്ർ സന്ദർശനവും അദ്ദേഹത്തെ കരയിച്ചു.**

പുത്രി റുക്വിയ്യ﵁ മരണപ്പെട്ടപ്പോഴും അവരുടെ ക്വബ്റിന് സമീപം ഇരുന്ന് തിരുമേനി കണ്ണുനീർ വാർത്തതായി അനസ്﵁ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മരണം മാത്രമല്ല, രോഗാവസ്ഥയും അദ്ദേഹത്തിന്റെ കരുണാർദ്രമായ ഹൃദയത്തെ തരളിതമാക്കുമായിരുന്നു. അനുചരന്മാരിൽ സഅ്ദുബ്നു ഉബാദ﵁ രോഗബാധിതനായി കിടന്നപ്പോൾ നബി ﷺ അദ്ദേഹത്തെ സന്ദർശിക്കാൻ ചെന്നു. അനുചരന്മാരുടെ ഒരു സംഘവും ഒപ്പമുണ്ടായിരുന്നു. സഅ്ദിന്റെ ദീനാവസ്ഥ കണ്ട പ്രവാചകൻ ﷺ കരഞ്ഞു പോയി. അതു കണ്ട് ചുറ്റുമുള്ളവരും കരഞ്ഞു (ബുഖാരി, മുസ്‌ലിം).


ഉസാമത്തുബ്നു സൈദ്﵁ റിപ്പോർട്ട് ചെയ്ത ഒരു സംഭവം കാണുക; അദ്ദേഹം പറയുന്നു: "ഞങ്ങൾ പ്രവാചകനോടൊപ്പം ഇരിക്കുകയായിരുന്നു. അപ്പോൾ, തന്റെ കുഞ്ഞ് മരണാസന്നയാണെന്നറിയിച്ചുകൊണ്ട് പ്രവാചകപുത്രിമാരിലൊരാൾ ആളെ അയച്ചു. പ്രവാചകൻ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു: 'അല്ലാഹു അവന്റെ ഉടമസ്ഥതയിലുള്ളത് തിരിച്ചെടുക്കുകയാണ്. അവന്റെയടുക്കൽ എല്ലാറ്റിനും ഒ

രു നിശ്ചിത അവധിയുണ്ടെന്നും ക്ഷമയും സഹനവും കൈകൊള്ളുകയാണ് വേണ്ടതെന്നും അവളോട് പറയുക.' അൽപം കഴിഞ്ഞ് അയാൾ തിരിച്ചുവന്ന്, പ്രവാചകൻ അങ്ങോട്ട് ചെല്ലണമെന്ന് അവൾ നിർബന്ധം പിടിക്കുന്നതായി അറിയിച്ചു. അങ്ങനെ അദ്ദേഹം സഅ്ദുബ്നു ഉബാദ ﵁, മുആദുബ്നു ജബൽ ﵁ എന്നിവരോടൊപ്പം സ്വപുത്രിയുടെ വസതിയിലെത്തി. ഒരാൾ കുഞ്ഞിനെ എടുത്തുയർത്തി പ്രവാചകന് കാണിച്ചുകൊടുത്തു. തണുത്ത വെള്ളം സ്പർശിച്ചിട്ടെന്ന പോലെ അത് വിറക്കുന്നുണ്ടായിരുന്നു. പ്രവാചകന് നിയന്ത്രണം നഷ്ടപ്പെട്ടു. അദ്ദേഹം വിതുമ്പിക്കരഞ്ഞുപോയി. 'ഇതെന്താണ് തിരുദൂതരേ!' സഅ്ദ് ﵁ ചോദിച്ചു. 'ഇത് അല്ലാഹു തന്റെ ദാസന്മാരിൽ നിക്ഷേപിച്ച കാരുണ്യമാകുന്നു. സ്വദാസന്മാരിൽ കാരുണ്യവാന്മാരോട് മാത്രമെ അല്ലാഹു കാരുണ്യം കാണിക്കുകയുള്ളൂ' അദ്ദേഹം പറഞ്ഞു" (മുസ്‌ലിം).

ബദ്ർ യുദ്ധം നടന്ന രാത്രിയിൽ മുസ്‌ലിം സൈനികരെല്ലാം സമാധാനപൂർവം ഗാഢമായുറങ്ങി. പക്ഷേ, പ്രവാചകൻ ﷺ ആ രാത്രി ധ്യാനത്തിലും പ്രാർഥനയിലുമാണ് ചെലവഴിച്ചത്. അലിയ്യുബ്നു അബീത്വാലിബ് ﵁ പറയുന്നു: "ബദ്ർ യുദ്ധ ദിനത്തിൽ ഞങ്ങളോടൊപ്പം ശേഷിച്ച അശ്വഭടൻ മിഖ്ദാദ് മാത്രമായിരുന്നു. പ്രവാചകനൊഴിച്ച് ഞങ്ങളിൽ പെട്ട എല്ലാവരും ഗാഢനിദ്രയിലാണ്ടു കിടക്കുന്നത് കണ്ടത്എനിക്കോർമയുണ്ട്. പ്രവാചകൻ പ്രാർഥിച്ചുകൊണ്ടും കണ്ണീരൊഴുക്കിയും പുലരുവോളം ഒരു മരച്ചുവട്ടിലിരിക്കുകയായിരുന്നു" (ഇബ്നുഖുസൈമ, അഹ്മദ്).

പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ച് പരിചിന്തനം നടത്തി പ്രപഞ്ച സ്രഷ്ടാവിനെ സ്മരിക്കുകയും അവന് സ്തുതികീർത്തനങ്ങളോതുകയും ചെയ്യുക പ്രവാചകന്റെ പതിവായിരുന്നു. രാവിന്റെ അന്തിമയാമങ്ങളിൽ മാനത്ത് മിന്നിത്തിളങ്ങുന്ന താരഗണങ്ങളെയും ആകാശഗംഗയെയും നോക്കി ധ്യാനനിമഗ്നനും ഭയഭക്തനുമായി പുലരുവോളം കഴിച്ചുകൂട്ടുമായിരുന്നു അദ്ദേഹം. പ്രഭാത നമസ്കാരത്തിന് ബാങ്ക് വിളിക്കാൻ പതിവായെത്താറുണ്ടായിരുന്ന ബിലാൽ ﵁ ഒരിക്കൽ കരഞ്ഞിരിക്കുന്ന പ്രവാചകനെയാണ് കണ്ടത്. അദ്ദേഹത്തിന്റെ കണ്ണുനീർ വീണ് നിലം ഈർപ്പമണിഞ്ഞിരുന്നു. ആർദ്രതയോടെ ബിലാൽ അന്വേഷിച്ചു: 'അല്ലയോ തിരുദൂതരേ, അല്ലാഹു ഭൂത, ഭാവി പാപങ്ങളെല്ലാം പൊറുത്തുതന്നിരിക്കെ താങ്കളെന്തിനാണിങ്ങനെ ആശങ്കപ്പെടുന്നത്?' അദ്ദേഹം പറഞ്ഞു: 'ഈ രാത്രി എനിക്ക് ചില സൂക്തങ്ങളവതരിച്ചു കിട്ടിയിട്ടുണ്ട്. അത് പാരായണം ചെയ്യുകയും എന്നിട്ടതിലടങ്ങിയ ആശയത്തെക്കുറിച്ച് പരിചിന്തനം നടത്താതിരിക്കുകയും ചെയ്യുന്നവർക്ക് നാശം!' ആ സൂക്തങ്ങൾ അദ്ദേഹം പാരായണം ചെയ്തു: 'ആകാശഭൂമികളുടെ സൃഷ്ടിയിലും രാപ്പകലുകൾ മാറിമാറി വരുന്നതിലും ചിന്താശേഷിയുള്ളവർക്ക് ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. നിന്നും ഇരുന്നും കിടന്നും അല്ലാഹുവെ സ്മരിക്കുന്നവരും ആകാശഭൂമികളുടെ സൃഷ്ടിയെ കുറിച്ച് ചിന്തിക്കുന്നവരുമാണവർ. അവർ സ്വയം പറയും: ഞങ്ങളുടെ നാഥാ, നീ ഇതൊന്നും വെറുതെ സൃഷ്ടിച്ചതല്ല. നീയെത്ര പരിശുദ്ധൻ! അതിനാൽ നീ ഞങ്ങളെ നരകത്തീയിൽനിന്ന് കാത്തുരക്ഷിക്കേണമേ! ഞങ്ങളുടെ നാഥാ, നീ ആരെയെങ്കിലും നരകത്തിലേക്കയച്ചാൽ അവനെ നീ നിന്ദിച്ചതുതന്നെ. അതിക്രമികൾക്ക് തുണയായി ആരും ഉണ്ടാവുകയില്ല" (3:190,192).

ക്വുർആനിലെ സൂറഃആലു ഇംറാനിലെ 190 മുതൽ അവസാനം വരെയുള്ള സൂക്തങ്ങളാണ് കരുണാനിധിയായ പ്രവാചകനെ പ്രകമ്പനം കൊള്ളിച്ചത്. ആ സൂക്തങ്ങളുടെ അവതരണത്തിൽ ദൈവത്തോടുള്ള അദമ്യമായ കൃതജ്ഞതാ വികാരം അദ്ദേഹത്തെ കോൾമയിർകൊള്ളിക്കുകയും കരയിപ്പിക്കുകയും ചെയ്തു. പ്രപഞ്ച പരിചിന്തനവും പ്രപഞ്ച നിരീക്ഷണവും എങ്ങനെ ദൈവാസ്തിത്വത്തിലേക്കും ദൈവസ്മരണയിലേക്കും നയിക്കുന്നുവെന്ന് പ്രവാചകൻ ﷺ നമ്മെ പഠിപ്പിക്കുന്നു.



**ബദ്ർ യുദ്ധം നടന്ന രാത്രിയിൽ മുസ്‌ലിം സൈനികരെല്ലാം സമാധാനപൂർവം ഗാഢമായുറങ്ങി. പക്ഷേ, പ്രവാചകൻﷺ ആ രാത്രി ധ്യാനത്തിലും പ്രാർഥനയിലുമാണ് ചെലവഴിച്ചത്. അലിയ്യുബ്നു അബീത്വാലിബ്‌ؓ പറയുന്നു: "ബദ്ർ യുദ്ധ ദിനത്തിൽ ഞങ്ങളോടൊപ്പം ശേഷിച്ച അശ്വഭടൻ മിഖ്ദാദ് മാത്രമായിരുന്നു. പ്രവാചകനൊഴിച്ച് ഞങ്ങളിൽ പെട്ട എല്ലാവരും ഗാഢനിദ്രയിലാണ്ടു കിടക്കുന്നത് കണ്ടത് എനിക്കോർമയുണ്ട്. പ്രവാചകൻ പ്രാർഥിച്ചുകൊണ്ടും കണ്ണീരൊഴുക്കിയും പുലരുവോളം ഒരു മരച്ചുവട്ടിലിരിക്കുകയായിരുന്നു"**

ക്രൈസ്തവ-ജൂത സമുദായങ്ങളിൽ ഒരു പ്രവാചകന്റെ ആഗമനത്തെക്കുറിച്ചുള്ള പ്രവചനങ്ങളും പ്രതീക്ഷകളും നിറഞ്ഞുനിന്നിരുന്നു. കുട്ടികൾക്കു പോലും അതറിയാമായിരുന്നു. പക്ഷേ, കരുണാനിധിയായ ദൈവദൂതൻ ആ സത്യം പ്രഖ്യാപിച്ചപ്പോൾ അത് സ്വീകരിക്കുന്നതിൽനിന്ന് സ്വാർഥ താൽപര്യങ്ങളും നേതൃമോഹങ്ങളും അവരെ തടയുകയായിരുന്നു. അക്കാര്യം വിശുദ്ധ ക്വുർആൻ പലയിടങ്ങളിൽ പരാമർശിച്ചിട്ടുണ്ട്.

"നാം വേദം നൽകിയ ജനത്തിന് അദ്ദേഹത്തെ (നബിയെ) സ്വന്തം മക്കളെ അറിയുന്നപോലെ അറിയാം. എന്നിട്ടും അവരിലൊരു കൂട്ടർ അറിഞ്ഞുകൊണ്ടു തന്നെ സത്യം മറച്ചുവെക്കുകയാണ്" (2:146).

"തങ്ങളുടെ വശമുള്ള വേദത്തെ സത്യപ്പെടുത്തുന്ന ഗ്രന്ഥം ദൈവത്തിൽനിന്ന് അവർക്ക് വന്നെത്തി. അവരോ, അതിനു മുമ്പ് അത്തരം ഒന്നിലൂടെ അവിശ്വാസികളെ പരാജയപ്പെടുത്താനായി പ്രാർഥിക്കാറുണ്ടായിരുന്നു. എന്നിട്ടും അവർക്ക് നന്നായി അറിയാമായിരുന്ന ആ ഗ്രന്ഥം വന്നെത്തിയപ്പോൾ അവരതിനെ തള്ളിപ്പറഞ്ഞു"(2:89).

"നാം വേദം നൽകിയവർക്ക് സ്വന്തം മക്കളെ അറിയുന്നപോലെ ഇതറിയാം. എന്നാൽ സ്വയം നഷ്ടം വരുത്തിവെച്ചവർ വിശ്വസിക്കുകയില്ല" (6:20).

മനുഷ്യനെ മനുഷ്യനായിക്കാണുന്ന മഹാമനസ്കതക്കും പ്രവാചകവര്യന്റെ ജീവിതത്തിൽ എണ്ണമറ്റ ഉദാഹരണങ്ങൾ കാണാം. ആ ഉത്കൃഷ്ട ഗുണവിശേഷങ്ങൾ അനുയായികൾ അപ്പടി പകർത്തിയതിനും ഉദാഹരണങ്ങൾ നിരവധിയാണ്. പ്രവാചക കാലശേഷം നടന്ന ഒരു സംഭവം കാണുക:

സഹ്‌ലുബ്നു ഹുനൈഫ്, ഖൈസുബ്നു സഅ്ദ് എന്നീ രണ്ട് അനുചരന്മാർ ഖാദിസിയ്യഃ (അക്കാലത്ത് പേർഷ്യാ സാമ്രാജ്യത്തിലുൾപെട്ട പ്രദേശമായിരുന്നു ഖാദിസിയ്യ) എന്ന സ്ഥലത്ത് ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു ശവമഞ്ചം അതിലൂടെ കടന്നുപോയി. അവരിരുവരും ആദരപൂർവം എഴുന്നേറ്റുനിന്നു. സമീപത്തുണ്ടായിരുന്ന ചില മുസ്‌ലിംകൾ അവരോട് പറഞ്ഞു: 'അത് ഈ നാട്ടുകാരനായ ഒരാളുടെ ജഡമാണ്' (മുസ്‌ലിമിന്റെയല്ല എന്നർഥം). അതിനെക്കുറിച്ച് അനുചരന്മാർ പറയുന്നത് ഇപ്രകാരം: "പ്രവാചകന്റെ അരികിലൂടെ ഒരു ശവമഞ്ചം കടന്നുപോയി. അപ്പോൾ അദ്ദേഹം എഴുന്നേറ്റുനിന്നു. അതൊരു 'ജൂതന്റെ ശവമാണ്' ആരോ ഒരാൾ പറഞ്ഞു. 'അത് ഒരു മനുഷ്യന്റെ ജഡമല്ലേ?' പ്രവാചകൻ ചോദിച്ചു.

നോക്കൂ, കരുണയുള്ള പ്രവാചകന്റെ പ്രസ്താവന എന്തു മാത്രം ഹൃദയസ്പൃക്കും ചിന്തോദ്ദീപകവുമാണ്! എല്ലാവരെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യാൻ അദ്ദേഹം സ്വന്തം അനുചരന്മാരെയും അവരിലൂടെ ലോകത്തെയും പഠിപ്പിക്കുകയാണ്. മനുഷ്യാവകാശങ്ങളെക്കുറിച്ച് ഇന്ന് നാം കേൾക്കുന്ന ഗീർവാണങ്ങളെവിടെ, പ്രവാചക പ്രഭുവിന്റെ മഹനീയ മാതൃകകളെവിടെ!

കാരുണ്യം സർവ മനുഷ്യർക്കും ലഭ്യമാകണമെന്ന് പ്രവാചകൻ ആഗ്രഹിച്ചു. വിശ്വാസികളും അവിശ്വാസികളും ബന്ധുക്കളും അന്യരും ഇക്കാര്യത്തിൽ തുല്യരായിരിക്കണമെന്ന് അദ്ദേഹം പഠിപ്പിച്ചു. ഒരിക്കൽ അനുചരന്മാരോട് അദ്ദേഹം പറഞ്ഞു: 'പരസ്പരം കരുണ കാണിക്കാതെ നിങ്ങൾ വിശ്വാസികളാവുകയില്ല.' അവർ പ്രതികരിച്ചു: 'ദൈവദൂതരേ, ഞങ്ങളെല്ലാം പരസ്പരം കരുണ കാണിക്കുന്നവരാണല്ലോ.' അപ്പോൾ അദ്ദേഹം വിശദീകരിച്ചു: 'നിങ്ങൾ സ്വന്തം കൂട്ടുകാരനോട് കാണിക്കുന്ന കരുണയെക്കുറിച്ചല്ല ഞാൻ പറയുന്നത്. മറിച്ച് സർവർക്കും ബാധകമാക്കുന്ന കാരുണ്യത്തെക്കുറിച്ചാണ്" (ത്വബ്റാനി).

അതെ, മനുഷ്യവംശത്തിലെ സർവ വിഭാഗങ്ങൾക്കും ആ ആർദ്ര മനസ്സിന്റെ കാരുണ്യം ലഭിച്ചു. സ്ത്രീകൾ, ശത്രുക്കൾ, കുറ്റവാളികൾ, അയൽവാസികൾ, വൃദ്ധജനങ്ങൾ, അബലർ, ദരിദ്രർ, അനാഥർ, അടിമകൾ, വിദ്യന്വേഷികൾ, യുദ്ധത്തടവുകാർ തുടങ്ങി എല്ലാ വിഭാഗങ്ങൾക്കും. ●

സയ്യിദ് സഅ്ഫർ സ്വാദിഖ്
sahfarsadik@gmail.com






# സുന്നത്ത്: തെളിമയാർന്ന മാതൃക

**അ**ല്ലാഹുവിങ്കൽ സ്വീകാര്യമായ മതം ഇസ്‌ലാം മാത്രമാണ്. അത് മനുഷ്യർക്ക് എത്തിച്ച് കൊടുക്കുവാനായി അല്ലാഹു കാലാകാലങ്ങളിൽ പ്രവാചകന്മാരെ നിയോഗിക്കുകയുണ്ടായി. അതിൽ അവസാനത്തെ പ്രവാചകനാണ് മുഹമ്മദ്ﷺ. അവസാന വേദഗ്രന്ഥമായ ക്വുർആനും അന്തിമദൂതന്റെ ചര്യയുമനുസരിച്ചാണ് ഇനി അവസാനനാൾ വരെയുള്ള മനുഷ്യർ ജീവിക്കേണ്ടത്. വിശുദ്ധ ക്വുർആൻ അനുസരിച്ച് എങ്ങനെ ജീവിക്കണമെന്നാണോ നബി(സ) തന്റെ ഇരുപത്തിമൂന്ന് വർഷ ജീവിതത്തിൽ നമുക്ക് കാണിച്ച് തന്നത്; ആ ജീവിത ചര്യക്കാണ് സുന്നത്ത് എന്ന് സാങ്കേതികമായി പറയുന്നത്. പ്രവാചകന്റെ ആ സുന്നത്ത് തെളിമയാർന്ന ഒരു മാതൃകയാണ് എന്നതിൽ യാതൊരു സംശയവുമില്ല.

### എന്താണ് സുന്നത്ത്?

കർമശാസ്ത്ര ഭാഷയിൽ 'സുന്നത്ത്' എന്ന പദം ഉപയോഗിക്കുന്നത് 'എടുത്താൽ കൂലിയുള്ളതും ഉപേക്ഷിച്ചാൽ ശിക്ഷയില്ലാത്തതുമായ' ഐഛികമായ കാര്യങ്ങൾക്കാണ്. എന്നാൽ ഹദീഥ് നിദാന ശാസ്ത്രപണ്ഡിതന്മാർ സുന്നത്തിനെ നിർവചിക്കുന്നത് 'പ്രവാചകന്റെ വാക്കുകൾ, പ്രവർത്തനങ്ങൾ, അംഗീകാരങ്ങൾ എന്നിവക്ക് മൊത്തത്തിൽ പറയുന്ന പേരാണ് സുന്നത്ത്' എന്നാണ്. ഉദാഹരണമായി പറഞ്ഞാൽ: പ്രവാചകൻﷺ തന്റെ നമസ്കാരങ്ങളിൽ പ്രാർഥിച്ച പ്രാർഥനകൾ അദ്ദേഹത്തിന്റെ വാചികമായ സുന്നത്തുകളാണ്. പ്രവാചകൻﷺ തന്റെ നമസ്കാരം എങ്ങിനെ നിർവഹിച്ചുവോ അത്പോലെ ചെയ്യൽ അദ്ദേഹത്തിന്റെ കർമപരമായ സുന്നത്താണ്. പ്രവാചകന്റെ സാന്നിധ്യത്തിൽ ചില സ്വഹാബികൾ ഉടുമ്പിന്റെ മാംസം കഴിക്കുകയുണ്ടായി (ബുഖാരി). ആ സന്ദർഭത്തിൽ പ്രവാചകൻ ആ മാംസം തിന്നുകയോ, സ്വഹാബികളോട് നിങ്ങൾ തിന്നരുതെന്ന് വിലക്കുകയോ ചെയ്തില്ല. ഇത് പ്രവാചകന്റെ അംഗീകാരമുള്ള ചര്യയിൽ പെടുന്നു. ഒരു കാര്യം ഇസ്‌ലാമിൽ അനുവദനീയമാകണമെങ്കിൽ, ഇസ്‌ലാമിക ശരീഅത്തിൽ ഉൾകൊള്ളണമെങ്കിൽ പ്രവാചകന്റെ വാക്കോ, പ്രവൃത്തിയോ, അംഗീകാരമോ വേണമെന്നർഥം.

### സനദും മത്‌നും

നബിﷺയുടെ ഹദീഥുകൾക്ക് പ്രധാനമായും രണ്ട് ഭാഗങ്ങളാണുള്ളത്. ഒന്ന്, സനദ്. രണ്ട്, മത്ന്. ഹദീഥുകൾ ഉദ്ധരിക്കുന്ന ആളുകളുടെ പരമ്പരക്കാണ് സനദ് എന്ന് പറയുന്നത്. ഹദീഥിൽ പറയപ്പെട്ട വിഷയമെന്താണോ അതിനാണ് മത്ന് എന്ന് പറയുന്നത്. പ്രവാചകൻ പറഞ്ഞുവെന്ന് പറഞ്ഞ് ആരെങ്കിലും ഏതെങ്കിലും കാര്യം പറയുകയാണെങ്കിൽ ആദ്യം ആ പറഞ്ഞ വ്യക്തിയെ സംബന്ധിച്ച് പഠിക്കുകയും അദ്ദേഹം ആരിൽനിന്ന് കേട്ടു, അയാൾ ആരിൽ നിന്ന് കേട്ടു എന്ന് വളരെ വിശദമായി പരിശോധിക്കുകയും ചെയ്ത ശേഷം എല്ലാം ശരിയാണെങ്കിൽ മാത്രമെ ഒരു ഹദീഥ് സ്വീകരിക്കപ്പെടുകയുള്ളൂ. അത്പോലെ ഹദീഥിൽ പറയപ്പെട്ട വിഷയവും ചില നിബന്ധനകൾക്ക് വിധേയമാണ്. അവയെല്ലാം ശരിയായെങ്കിൽ മാത്രമെ ഹദീഥ് സ്വീകരിക്കുകയുള്ളു. ഇല്ലായെങ്കിൽ തള്ളിക്കളയും. ഈ വിഷയത്തിൽ ഒരു വിജ്ഞാന ശാഖതന്നെ ഹദീഥ് നിദാന ശാസ്ത്ര പണ്ഡിതന്മാർ ഉണ്ടാക്കിയിട്ടുണ്ട്. ആധുനിക കാലത്ത് ഹദീഥുകൾ മുഴുവനും ക്രോഡീകരിച്ച അനേകം ഹദീഥ് ഗ്രന്ഥങ്ങൾ ലഭ്യമാണ്. ഇവയിൽ ഏറ്റവും പ്രാധാന്യമുള്ളതും പ്രശസ്തിയാർജിച്ചതും പണ്ഡിതന്മാർ കൂടുതൽ അംഗീകരിക്കുന്നതും സുനനുസ്സിത്ത എന്ന പേരിൽ അറിയപ്പെടുന്ന ആറ് ഹദീഥ് ഗ്രന്ഥങ്ങളാണ്. അവ 'ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, നസാഇ, തിർമിദി, ഇബ്നുമാജ എന്നീ ഹദീഥ് പണ്ഡിതന്മാർ ക്രോഡീകരിച്ച ഹദീഥ് സമാഹാരങ്ങളാകുന്നു.

### സുന്നത്തും സുരക്ഷിതമാണ്

വിശുദ്ധ ക്വുർആൻ സംരക്ഷിക്കപ്പെട്ടത്പോലെ പ്രവാചകന്റെ ഹദീഥുകളും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ക്വുർആനിന്റെ സംരക്ഷണം അല്ലാഹു തന്നെ ഏറ്റെടുത്തിട്ടുണ്ട്. അതുപോലെ ഹദീഥും മറ്റൊരു രൂപത്തിൽ സംരക്ഷിതമാണ്. അല്ലാഹു പറയുന്നു: "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്" (സൂറഃ അൽഹിജ്റ് 9).

ഈ വചനത്തിലെ 'ദിക്റ്' എന്ന അറബി പദത്തിനാണ് 'ഉൽബോധനം' എന്ന് അർഥം നൽകിയിട്ടുള്ളത്. ഈ ഉൽബോധനത്തിൽ പ്രവാചകന്റെ സുന്നത്തും ഉൾപ്പെടുന്നു. തിരുമേനിയുടെ ഹദീഥുകൾ സംരക്ഷിക്കുവാൻ അല്ലാഹു നിശ്ചയിച്ചിട്ടുള്ള മാർഗം 'സനദ്' (പരമ്പര) ആണ്. ഹദീഥ് റിപ്പോർട്ട് ചെയ്തവരുടെ പരമ്പര പരിശോധിക്കുകയാണെങ്കിൽ ഹദീഥ് സ്വീകാര്യമാണോ, ദുർബലമാണോയെന്ന് കണ്ടെത്തുവാൻ സാധിക്കുന്നതാണ്. ഇതിന് വേണ്ടി ഹദീഥുകൾ റിപ്പോർട്ട് ചെയ്തവരുടെ ചരിത്രം വളരെ വ്യക്തവും സത്യസന്ധവുമായി രേഖപ്പെടുത്തിയ അനേകം ഗ്രന്ഥങ്ങൾ ഇസ്‌ലാമിക ലോകത്ത് നിലവിലുണ്ട്. മഹാനായ മുഹമ്മദ് നാസിറുദ്ദീൻ അൽബാനി ഈ വിഷയത്തിൽ അവഗാഹം നേടിയ ആധുനിക പണ്ഡിതനായിരുന്നു.

### സുന്നത്തും വഹ്‌യ് തന്നെ

പ്രവാചകൻﷺ സുന്നത്തായി തന്റെ സമുദായത്തിന് നൽകിയിട്ടുള്ള മുഴുവൻ കാര്യങ്ങളും അല്ലാഹുവിങ്കൽ നിന്നുള്ള ദിവ്യസന്ദേശത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ്. അല്ലാഹു പറയുന്നു: "അദ്ദേഹം തന്നിഷ്ട പ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു" (സൂറഃ അന്നജ്മ് 3-4).

പ്രവാചകന് ക്വുർആൻ കൂടാതെ വേറെയും വഹ്‌യ് ലഭിച്ചിട്ടുണ്ടെന്നതിന് അനേകം തെളിവുകൾ പ്രമാണങ്ങളിൽ കാണാനാവും. മിക്ദാദ് ഇബ്നു മഅ്ദീ കരിബ് അൽകിൻദി പറയുന്നു: "പ്രവാചകൻﷺ പറഞ്ഞു: 'അറിയുക,

എനിക്ക് ക്വുർആനും അതിനോട് കൂടെ അതുപോലെയുള്ള വേറെയൊന്നും നൽകപ്പെട്ടു...' (അഹ്മദ്).

**സുന്നത്തുകൾ സ്വീകരിക്കൽ നിർബന്ധം**

സുന്നത്ത് സ്വീകരിക്കാതെ വെറും ക്വുർആൻ മാത്രം സ്വീകരിച്ചുകൊണ്ട് സത്യവിശ്വാസിയായി ജീവിക്കുവാൻ ലോകത്ത് ഒരാൾക്കും സാധ്യമല്ല. കാരണം വിശുദ്ധ ക്വുർആനിന്റെ വിശദീകരണമാണ് പ്രവാചക സുന്നത്ത്. ക്വുർആനിൽ പറഞ്ഞ പല കാര്യങ്ങളും വിശദമാക്കുന്നത് തിരുമേനിയുടെ സുന്നത്താകുന്നു. നിങ്ങൾ നമസ്കാരം നിലനിർത്തണം എന്ന് അടിക്കടി ക്വുർആൻ ജനങ്ങളെ ഉൽബോധിപ്പിക്കുന്നു, എന്നാൽ എങ്ങനെ നമസ്കരിക്കണമെന്നത് സുന്നത്തിൽ നിന്ന് മാത്രമെ ഒരു വിശ്വാസിക്ക് ലഭിക്കുകയുള്ളു. ഇസ്‌ലാമിന്റെ ഏകദേശമെല്ലാ ആരാധനാ കർമങ്ങളും ക്വുർആൻ മൊത്തത്തിലാണ് പറഞ്ഞിട്ടുള്ളത്. അതിന്റെ രൂപവും മറ്റും പ്രവാചകൻ തന്റെ സുന്നത്തിലൂടെയാണ് വിവരിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു:

"നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ചു തന്നിരിക്കുന്നു; ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചു കൊടുക്കുവാൻ വേണ്ടിയും അവർ ചിന്തിക്കുവാൻ വേണ്ടിയും" (സൂറഃ അന്നഹ്ൽ 44).

"അവർ ഏതൊരു കാര്യത്തിൽ ഭിന്നിച്ച് പോയിരിക്കുന്നുവോ, അതവർക്ക് വ്യക്തമാക്കി കൊടുക്കുവാൻ വേണ്ടിയും വിശ്വസിക്കുന്ന ജനങ്ങൾക്കു മാർഗദർശനവും കാരുണ്യവും ആയിക്കൊണ്ടും മാത്രമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചു തന്നത്" (സൂറഃ അന്നഹ്ൽ 64).

"നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക" (സൂറഃ അൽഹശ്ർ 7).

മേൽ വിവരിച്ച സൂക്തങ്ങളിൽ നിന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നത് പ്രവാചകന്റെ സുന്നത്ത് നാം പിൻപറ്റൽ നിർബന്ധമാണെന്ന കാര്യമാണ്. ഒന്നുകൂടി ക്വുർആൻ വ്യക്തമാക്കുന്നു:

"തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കേൾപിക്കുകയും, അവരെ സംസ്കരിക്കുകയും, അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു" (സൂറഃ ആലുഇംറാൻ 164).


ഇതിലെ 'ഹിക്മത്' (ജ്ഞാനം) എന്ന പദത്തിന് പല പണ്ഡിതന്മാരും നൽകിയിട്ടുള്ള വ്യാഖ്യാനം പ്രവാചകന്റെ സുന്നത്ത് എന്നാണ്. ഈ കാര്യം ഇബ്നുകഥീർ(റഹ്) തന്റെ തഫ്സീറിലും പറയുന്നുണ്ട്.

**സുന്നത്തിനെ അവഗണിക്കുവാൻ പാടില്ല**

ഒരു വിഷയത്തിൽ പ്രവാചകന്റെ സുന്നത്ത് സ്ഥിരപ്പെട്ടാൽ അതിനെ അവഗണിക്കാൻ ഒരു വിശ്വാസിക്ക് പാടില്ല. അത് തനിക്ക് ഇഷ്ടമില്ലെങ്കിലും ശരി; മനഃസംതൃപ്തിയോടെ സ്വീകരിക്കൽ നിർബന്ധമാണ്. തന്റെ ബുദ്ധിക്ക് യോജിക്കുന്നില്ല, അതല്ലെങ്കിൽ ആധുനിക നൂറ്റാണ്ടിന് യോജിച്ചതല്ല എന്നൊക്കെ പറഞ്ഞ്കൊണ്ട് അതിനെ അവഗണിക്കുകയോ, തള്ളുകയോ ചെയ്യുന്നവർ സൂക്ഷിക്കേണ്ടതാണ്. അതിനെപ്പറ്റി അല്ലാഹു പറയുന്നു: 'അദ്ദേഹത്തിന്റെ കൽപനയ്ക്ക് എതിര് പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചുകൊള്ളട്ടെ" (സൂറഃ അന്നൂർ:63).

**സുന്നത്ത് തെളിമയാർന്ന മാതൃക**

വിശ്വാസിയുടെ ജീവിതം തെളിമയുള്ളതാവുക പ്രവാചകന്റെ ചര്യ ജീവിതത്തിൽ പകർത്തുന്നതി



**സുന്നത്ത് സ്വീകരിക്കാതെ വെറും ക്വുർആൻ മാത്രം സ്വീകരിച്ചുകൊണ്ട് സത്യവിശ്വാസിയായി ജീവിക്കുവാൻ ലോകത്ത് ഒരാൾക്കും സാധ്യമല്ല. കാരണം വിശുദ്ധ ക്വുർആനിന്റെ വിശദീകരണമാണ് പ്രവാചക സുന്നത്ത്. ക്വുർആനിൽ പറഞ്ഞ പല കാര്യങ്ങളും വിശദമാക്കുന്നത് തിരുമേനിയുടെ സുന്നത്താകുന്നു. നിങ്ങൾ നമസ്കാരം നിലനിർത്തണം എന്ന് അടിക്കടി ക്വുർആൻ ജനങ്ങളെ ഉൽബോധിപ്പിക്കുന്നു, എന്നാൽ എങ്ങനെ നമസ്കരിക്കണമെന്നത് സുന്നത്തിൽ നിന്ന് മാത്രമെ ഒരു വിശ്വാസിക്ക് ലഭിക്കുകയുള്ളു. ഇസ്‌ലാമിന്റെ ഏകദേശമെല്ലാ ആരാധനാ കർമങ്ങളും ക്വുർആൻ മൊത്തത്തിലാണ് പറഞ്ഞിട്ടുള്ളത്. അതിന്റെ രൂപവും മറ്റും പ്രവാചകൻ തന്റെ സുന്നത്തിലൂടെയാണ് വിവരിച്ചിട്ടുള്ളത്.**

ലൂടെ മാത്രമാകുന്നു. അതുകൊണ്ട് തന്നെ അല്ലാഹു അവന്റെ അവസാന പ്രവാചകനിലൂടെ ലോകത്തിന് മുന്നിൽ തുറന്ന് വെച്ചിട്ടുള്ള മാതൃക തെളിമയുള്ളതും പ്രകാശപൂർണവുമാണ്. ആരാണോ അത് സ്വന്തം ചര്യയാക്കി മാറ്റുന്നത് അവന് ഇഹലോകത്തും പരലോകത്തും അനുഗ്രഹത്തിന്റെ തെളിമയാർന്ന മാർഗത്തിലൂടെ സഞ്ചരിക്കുവാൻ സാധിക്കുന്നതാണ്. അല്ലാഹു പറയുന്നു:

"തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്" (സൂറഃ അൽഅഹ്സാബ് 21).

ഈ ഉത്തമമായ മാതൃക പിൻപറ്റുകയാണെങ്കിൽ ഒരിക്കലും ഒരാൾ വഴിതെറ്റുകയില്ല. ഇമാം മാലിക് ഉദ്ധരിക്കുന്ന ഒരു ഹദീഥ് ശ്രദ്ധിക്കുക; പ്രവാചകൻﷺ പറയുകയുണ്ടായി: "നിങ്ങൾക്ക് ഞാൻ രണ്ട് കാര്യങ്ങൾ വിട്ടേച്ച് കൊണ്ടാകുന്നു പോകുന്നത്. അത് മുറുകെ പിടിക്കുകയാണെങ്കിൽ നിങ്ങൾ ഒരിക്കലും വഴിപിഴക്കുകയില്ല. അത് അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ പ്രവാചകന്റെ സുന്നത്തുമാകുന്നു" (മുവത്വ).

ഇബ്നുമാജ ഉദ്ധരിക്കുന്ന ഹദീഥിൽ നമുക്ക് കാണാം: നബിﷺ പറയുന്നു: "അല്ലാഹു തന്നെയാണ് സത്യം, നിങ്ങളെ ഞാൻ വിട്ടേച്ച് പോകുന്നത് തെളിമയാർന്ന ഒരു മാർഗത്തിലാകുന്നു, അതിന്റെ രാവും പകലും ഒരുപോലെയാകുന്നു."

### സുന്നത്ത് സമ്പൂർണം

ഇസ്‌ലാമിക ശരീഅത്ത് സമ്പൂർണമാക്കിയിട്ടാണ് പ്രവാചകൻﷺ ഇഹലോകത്ത് നിന്ന് വിടപറഞ്ഞിട്ടുള്ളത്. ഈ സുന്നത്തിൽ യാതൊന്നും കൂട്ടുകയോ കുറക്കുകയോ ചെയ്യുവാൻ ആർക്കും അവകാശമില്ല.

നബിﷺയിൽ നിന്ന് ആഇശാ‍ؓ നിവേദനം ചെയ്യുന്നു: "നമ്മുടെ ഈ കാര്യത്തിൽ ആരെങ്കിലും വല്ലതും പുതുതായി കൂട്ടിച്ചേർത്താൽ അത് തള്ളപ്പെടേണ്ടതാകുന്നു" (ബുഖാരി).

ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും പ്രവാചകന്റെ സുന്നത്ത് നമുക്ക് കാണാനാവും. നാം വളരെ നിസ്സാരമായി കരുതുകയും അവഗണിക്കുകയും ചെയ്യുന്നതുമായ മേഖലയിൽ പോലും പ്രവാചകന്റെ സുന്നത്ത് തെളിച്ചം നൽകുന്നതായി കാണാവുന്നതാണ്. സൽമാൻؓവിനോട് ഒരു ജൂതനായ വ്യക്തിചോദിച്ചു: 'നിങ്ങളുടെ ദൂതൻ നിങ്ങൾക്ക് എല്ലാ കാര്യങ്ങളും പഠിപ്പിച്ച് തന്നിട്ടുണ്ടോ, വിസർജന മര്യാദകൾ വരെ?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അതെ, ക്വിബ്‌ലക്ക് അഭിമുഖമായി വിസർജനം ചെയ്യുന്നതിനെയും മൂന്ന് കല്ലിനെക്കാൾ കുറഞ്ഞ എണ്ണം കൊണ്ട് ശൗച്യം ചെയ്യുന്നതിനെയും കാഷ്ഠം, എല്ല് എന്നിവകൊണ്ട് ശൗച്യം ചെയ്യുന്നതിനെയും വിലക്കിയിട്ടുണ്ട്"(മുസ്‌ലിം).

പ്രവാചകന്റെ സുന്നത്ത് ജീവിതത്തിന്റെ മുഴുവൻ മേഖലയെയും വലയം ചെയ്തിരിക്കുന്നുവെന്ന് ഈ ഹദീഥ് നമ്മെ ബോധ്യപ്പെടുത്തുന്നു. ഒരു ഹദീഥ് കൂടി ശ്രദ്ധിക്കുക: ജാബിറിൽؓ നിന്ന്: "ഉറങ്ങാൻ നേരത്ത് ജനങ്ങൾ പാലിക്കേണ്ട മര്യാദയെപ്പറ്റി നബിﷺ പറയുകയുണ്ടായി: 'നിങ്ങൾ പാത്രങ്ങൾ അടച്ച് വെക്കുക, വെള്ളപ്പാത്രത്തിന്റെ മുഖം കെട്ടിവെക്കുക, വാതിലുകൾ അടക്കുക, ഇശാഇനോട് അടുത്ത സമയത്ത് കുട്ടികളെ വീട്ടിൽ നിന്ന് പുറത്ത് വിടാതിരിക്കുക. കാരണം അപ്പോഴാണ് ജിന്നുകൾ ഭൂമിയിൽ വ്യാപിക്കുന്നതും കുട്ടികളെ തട്ടിയെടുക്കുന്നതും. വിളക്കുകൾ കെടുത്തുകയും ചെയ്യുക. കാരണം എലികൾ വിളക്ക് തട്ടിമറിച്ച് തീപിടുത്തമുണ്ടായി വീട്ടിലുള്ളവരും വീട്ടുസാധനങ്ങളും കത്തിനശിക്കുവാൻ സാധ്യതയുണ്ട്" (ബുഖാരി).

പ്രവാചകന്റെ സുന്നത്ത് എത്ര സുന്ദരവും സമ്പൂർണവും തെളിമയാർന്നതുമാണെന്ന് നമുക്ക് മേൽ ഉദ്ധരിച്ച ഹദീഥുകളിൽ നിന്നും വ്യക്തമാകുന്നു. സുന്നത്തുകൾക്ക് പകരം വേറൊരു ഉദാത്ത മാതൃക കാണിക്കുവാൻ ആർക്കും സാധ്യമല്ല. ●

അബൂ തൻവീൽ
mail@nerpatham.com

ഹദീസ് പാഠം

# എന്നെന്നും ബാക്കിയാകുന്നത്

**അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം; പ്രവാചകൻ(ﷺ) പറഞ്ഞു: "ഒരു മനുഷ്യന്റെയും അവന്റെ സമ്പത്ത്, കുടുംബം, കർമങ്ങൾ എന്നിവയുടെയും ഉപമ മൂന്ന് കൂട്ടുകാരുള്ള/സഹോദരന്മാരുള്ള ഒരാളെപ്പോലെയാണ്. അവരിൽ ഒരാൾ പറഞ്ഞു: 'ഞാൻ നിന്റെ ജീവിതകാലത്ത് നിന്റെ കൂടെയുണ്ടാകും. എന്നാൽ നീ മരണപ്പെടുന്നതോടെ ഞാനും നീയും തമ്മിലുള്ള സർവ്വ ബന്ധങ്ങളും അറ്റുപോകുന്നതാണ്.' രണ്ടാമൻ പറഞ്ഞു: 'ഞാനും നിന്നോടൊപ്പമുണ്ടാകും. എന്നാൽ ആ കാണുന്ന മരത്തിന്റെ സമീപമെത്തിയാൽ പിന്നെ ഞാനും നീയും തമ്മിൽ യാതൊരു ബന്ധവുമില്ല.' മൂന്നാമൻ പറഞ്ഞു: 'ഞാൻ സദാ നിന്റെ കൂടെത്തന്നെയുണ്ടാകും, നീ ജീവിച്ചാലും മരിച്ചാലും."**

ഐഹിക ജീവിതത്തിൽ മനുഷ്യൻ വല്ലാതെ ആഗ്രഹിക്കുന്നതാണ് സമ്പത്തും കുടുംബവും. എന്നാൽ അവ രണ്ടും നിർണിതമായ ഒരു സമയംവരെ മാത്രമെ നമ്മോടൊന്നിച്ച് ഉണ്ടാവുകയുള്ളൂ. ജീവിതാവശ്യങ്ങൾ പൂർത്തീകരിക്കാൻ സമ്പത്ത് അനിവാര്യമാണ്. ദാരിദ്ര്യവും കഷ്ടപ്പാടുകളും ജീവിതത്തെ അസ്വസ്ഥവും പ്രയാസപൂർണവുമാക്കും.

സാമൂഹ്യജീവിയായ മനുഷ്യന് വിലയേറിയ സമ്പത്ത് തന്നെയാണ് കുടുംബവും. ജനനം മുതൽ മരണം വരെ അവന്റെ ജീവിതത്തിന്റെ ഓരോ സന്ദർഭത്തിലും വ്യക്തിയുടെ കൂടെ അവന്റെ കുടുംബമുണ്ട്, ഉണ്ടാകണമെന്ന് അവൻ ആഗ്രഹിക്കുന്നു. കുടംബത്തിന്റെ താങ്ങും തണലുമാണ് ജീവിതത്തെ ശോഭനവും സമാധാനമുള്ളതും ആക്കിത്തീർക്കുന്നത്.

ജീവിതാന്ത്യത്തോടെ കുടുംബത്തിന്റെ കൂട്ടും സഹവാസവും അവസാനിക്കുന്നു. ഐഹിക ജീവിതത്തിൽ നാം സമ്പാദിച്ചു കൂട്ടിയ വിഭവങ്ങൾ നമ്മോടൊന്നിച്ച് ക്വബ്റിലേക്ക് എത്തുകയില്ല. എന്നാൽ കർമങ്ങൾ കൂടെത്തന്നെയുണ്ടാകും, നമ്മെ വിട്ടുപിരിയാതെ.

അബ്ദുല്ലാഹിബ്നു അബൂബക്കർ(റ)വിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു ഹദീഥിൽ ഇങ്ങനെ കാണാം: പ്രവചാകൻ(ﷺ) പറഞ്ഞു: "മരണപ്പെട്ട ഒരു വ്യക്തിയോടൊപ്പം മൂന്ന് കാര്യങ്ങൾ അനുഗമിക്കുന്നതാണ്. കുടുംബം, സമ്പത്ത്, കർമങ്ങൾ. പിന്നീട് അവയിൽ രണ്ടെണ്ണം തിരിച്ചുപോരും; കുടുംബവും സമ്പത്തും. കർമങ്ങൾ അവനൊടൊപ്പം ബാക്കിയാവും."

പരലോകരക്ഷ പ്രതീക്ഷിച്ചുകൊണ്ട് ചെയ്താൽ മാത്രമെ കർമങ്ങൾ ഉപകാരപ്പെടുകയുള്ളൂ. വിശ്വാസത്തിന്റെ അടിസ്ഥാനത്തിലല്ലാതെയുള്ള ഒരു പ്രവർത്തനവും അല്ലാഹുവിന്റെയടുക്കൽ സ്വീകാര്യമാവുകയില്ല. പരലോകത്തെ കളവാക്കുന്നവന്റെ പ്രവർത്തനങ്ങൾ ഒരു മിനുസമുള്ള പാറമേലുള്ളമണ്ണ് പോലെയായിരിക്കുമെന്ന് പ്രവാചകൻ(ﷺ) നമ്മെ ഓർമപ്പെടുത്തിയിട്ടുണ്ട്. ഒരു കാറ്റടിച്ചാൽ ആ പാറയിൽ ഒരു തരിമണ്ണ് പോലും ബാക്കിയാവില്ല.


പരലോകം ആഗ്രഹിക്കാത്തവരുടെ പ്രവർത്തനങ്ങൾ പ്രകടനപരതയിൽ നിന്നല്ലാതെ ഉണ്ടാവുകയില്ലല്ലോ. അത്തരത്തിൽ കർമങ്ങൾ ചെയ്യുന്നവർ സ്വന്തത്തെ തന്നെയാണ് വഞ്ചിക്കുന്നത്. അല്ലാഹുവിന്റെയടുക്കൽ അന്നേദിനം അവരുടെ കർമരേഖ ശൂന്യമായിരിക്കും. റബ്ബിന്റെ കാരുണ്യവും പ്രതിഫലവും അന്നാളിൽ അവർക്ക് തടയപ്പെടും.

പ്രവാചകൻ(ﷺ) പറഞ്ഞു: 'നിങ്ങൾക്ക് ഞാനേറ്റവും കൂടുതൽ ഭയക്കുന്നത് ചെറിയ ശിർക്കിനെയാണ്.' ഒരാൾ ചോദിച്ചു: 'ചെറിയ ശിർക്ക് എന്താണ്?' പ്രവാചകൻ(ﷺ) പറഞ്ഞു: 'ജനങ്ങൾക്കുവേണ്ടി കർമങ്ങളനുഷ്ഠിക്കലാണത്. അന്ത്യനാളിൽ അത്തരക്കാരോട് അല്ലാഹു പറയും: ആർക്ക് വേണ്ടിയാണോ ഐഹികലോകത്ത് നിങ്ങൾ കർമങ്ങൾ ചെയ്തത്, അവരോട് തന്നെ ചോദിക്കൂ നിങ്ങളുടെ പ്രതിഫലം' (അഹ്മദ്)

എന്നും കൂട്ടായി സൽകർമങ്ങളേ ഉണ്ടാകൂ. അതിനാൽ സൽകർമങ്ങളിൽ മുന്നേറാൻ മത്സരിക്കുക.

ടി.കെ.അശ്റഫ്
tkashraf100@gmail.com





# ഓൺലൈൻ ചർച്ചകളും പ്രബോധകന്റെ സൂക്ഷ്മതയും

നേരായ മാർഗത്തിലാണെങ്കിൽ മഹത്തായ നന്മയും തെറ്റായ ദിശയിലാണെങ്കിൽ തീരാത്ത ദുഃഖവും ബാക്കിവെക്കുന്നതാണ് ചർച്ചകൾ. ചർച്ചകൾക്ക് സമൂഹത്തിൽ വലിയ സ്വാധീനമുണ്ട്.

ചില വ്യക്തികൾക്കിടയിൽ നടന്ന ആരോഗ്യകരമായ ചർച്ചകളാണ് പല ബന്ധങ്ങളെയും കൂട്ടിയിണക്കിയത്. അതുപോലെ മറ്റു ചിലർക്കിടയിൽ നടന്ന വൈകാരിക ചർച്ചകളാണ് അനേകം ബന്ധങ്ങളെ ശിഥിലമാക്കിയത്. കുടുംബം, സ്ഥാപനം, സംഘടന, ഭരണസംവിധാനം എന്നിവയിൽ നടക്കുന്ന ചർച്ചകളിൽ ഇക്കാര്യം ഗൗരവപൂർവം പരിഗണിക്കേണ്ടതുണ്ട്.

ഇക്കാലത്ത് ഓൺലൈൻ സൗകര്യങ്ങൾ വർധിച്ചതിനാൽ അടുത്തിരുന്നുള്ള ചർച്ചകളെക്കാൾ കൂടുതൽ അകന്നിരുന്ന ചർച്ചകളാണ് നടക്കുന്നത്. വാട്സ്ആപ്പിലും സ്റ്റുഡിയോ റൂമുകളിലും നടക്കുന്ന നെഗറ്റീവ് ചർച്ചകൾ വർഗീയ ധ്രുവീകരണത്തിനും വിഭാഗീയതക്കും സംഘടനാ സങ്കുചിതത്വത്തിനും വൻതോതിൽ കാരണമാകുന്നുണ്ട്.


വിശ്വാസികൾക്ക് ഇക്കാര്യത്തിലും തികഞ്ഞ സൂക്ഷ്മത വേണം. ഏത് സന്ദർഭത്തിലും നല്ലത് മാത്രമെ പറയാവൂ. സംസാരശേഷി അല്ലാഹുവിന്റെ അനുഗ്രഹമാണ്. അത് ചോദ്യം ചെയ്യപ്പെടും. ജനങ്ങളോട് നല്ല വാക്ക് പറയണമെന്നത് ക്വുർആനിന്റെ (2:83) കൽപനയാണ്. നല്ല വാക്ക് ധർമമാണെന്നും നരക രക്ഷക്ക് കാരണമാകുമെന്നും നബിﷺ പഠിപ്പിച്ചിട്ടുണ്ട്.

"അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവന്റെ അടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല" (ക്വുർആൻ 50: 18) എന്ന അല്ലാഹുവിന്റെ താക്കീതും വിശ്വാസികൾ ശ്രദ്ധിക്കണം.

നന്മയുണ്ടെങ്കിൽ മാത്രമെ ഏതൊരു ചർച്ചയിലും നാം പങ്കെടുക്കേണ്ടതുള്ളൂ. 'അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ നല്ലത് പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ' എന്നാണ് പ്രവാചകാധ്യാപനം.

വാട്സ്ആപ്പ്, ഫെയ്സ്ബുക്ക് പൊതുഗ്രൂപ്പുകളിൽ നടക്കുന്ന ചർച്ചകളിൽ പങ്കെടുക്കുന്നവർ ഏതെല്ലാം തരത്തിൽ പെട്ടവരാണന്ന ബോധം നമുക്കുണ്ടാവണം. ബഹുമത സമൂഹത്തിലാണ് സംസാരിക്കുന്നതെന്ന ഉത്തമ ബോധ്യത്തോടെയാവണം ഓരോ വാക്കും ഉപയോഗിക്കേണ്ടത്. അറിവിലും അനുഭവത്തിലും പ്രായത്തിലും വിവിധ തട്ടിലുള്ളവർക്കിടയിൽ പറയുന്ന കാര്യങ്ങൾ വ്യത്യസ്ത രീതിയിലാണ് ഓരോരുത്തരും മനസ്സിലാക്കുക. ഇബ്നുമസ്ഊദ്ؓ ഒരിക്കൽ ഇപ്രകാരം പറഞ്ഞു: 'ബുദ്ധിക്ക് അപ്രാപ്യമായ കാര്യങ്ങൾ താങ്കൾ ഒരു വിഭാഗത്തിന് മുന്നിൽ അവതരിപ്പിക്കുന്നതായാൽ അത് അവരിൽ ചിലർക്കെങ്കിലും ഫിത്ന(കുഴപ്പം)യാകാതിരിക്കില്ല.'

അന്യവീട്ടിലേക്ക് പ്രവേശിക്കുമ്പോൾ അനുവാദം ചോദിക്കണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മൂന്ന് പ്രാവശ്യം സലാം പറഞ്ഞിട്ട് മടക്കിയില്ലെങ്കിൽ തിരിച്ച് പോകണമെന്ന് പഠിപ്പിച്ച പ്രവാചക അനുയായികൾക്ക് എങ്ങനെയാണ്, അനുവാദമില്ലാതെ വാട്സ് ഗ്രൂപ്പിൽ ചേർത്ത് ഒരാളുടെ സ്വകാര്യതയിലേക്ക് അതിക്രമിച്ച് കയറാൻ സാധിക്കുക?



ചർച്ചകളിലും അല്ലാത്തപ്പോഴും കാര്യങ്ങൾ ചുരുക്കിപ്പറയുകയാണ് പ്രവാചക മാതൃക. സംസാരത്തിൽ സൗമ്യതയും അവധാനതയും ഗുണകാംക്ഷയും നിറഞ്ഞ് നിൽക്കണം. എത്ര വലിയ എതിരാളിയോട് സംസാരിക്കുമ്പോഴും ഇക്കാര്യം പരിഗണിക്കണം. ഏറ്റവും വലിയ അക്രമിയായ ഫിർഔനിന്റെ അടുക്കലേക്ക് പോകുന്ന മൂസാനബിعليه السلامക്ക് അല്ലാഹു നൽകിയ ഉപദേശം ശ്രദ്ധേയമാണ്. അല്ലാഹു പറഞ്ഞു: 'നിങ്ങൾ രണ്ട് പേരും ഫിർഔനിന്റെ അടുത്തേക്ക് പോവുക. തീർച്ചയായും അവൻ അതിക്രമകാരിയായിരിക്കുന്നു. എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരു വേള ചിന്തിച്ച് മനസ്സിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടുവെന്നു വരാം' (ക്വുർആൻ 20:43,44).

'നിങ്ങൾ എളുപ്പമുണ്ടാക്കുക, പ്രയാസമുണ്ടാക്കരുത്; സന്തോഷവാർത്ത അറിയിക്കുക, അകറ്റിക്കളയരുത്' തുടങ്ങിയ പ്രവാചകാധ്യാപനവും നമുക്ക് വെളിച്ചമാകണം. ഒരു മുസ്‌ലിമിനെ ചീത്ത വിളിക്കുന്നവൻ അധർമകാരിയാണന്നും, അവനെ വഷളാക്കിയാൽ പരലോകത്ത് അല്ലാഹു തിരിച്ചും വഷളാക്കുമെന്നും പഠിച്ചവർക്ക് എങ്ങനെയാണ് ഓൺലൈനിലെ ചർച്ചകളിൽ വിശ്വാസികൾക്ക് നേരെ തെറിയഭിഷേകം നടത്താൻ സാധിക്കുക?

കുതർക്കങ്ങൾ ലക്ഷ്യത്തിലേക്ക് കുതിക്കുന്നവരെ കുഴിയിൽ വീഴ്ത്തും. ലക്ഷ്യബോധമുള്ളവർ കുതർക്കങ്ങൾക്ക് കാത് കൊടുക്കില്ല. വ്യക്തമായ ആദർശവും ഉന്നതമായ കാഴ്ചപ്പാടും ദീർഘവീക്ഷണമുള്ള പ്രവർത്തന പദ്ധതികളുമായി മുന്നോട്ട് നീങ്ങുന്ന കൂട്ടായ്മകൾക്ക് കുതർക്കത്തിന് സമയമുണ്ടാവില്ല. നയിക്കാൻ നേതൃത്വവും മുന്നോട്ട് വെക്കാൻ വ്യക്തമായ പദ്ധതികളും ഇല്ലാതെ വരുമ്പോൾ മറ്റുള്ളവരിൽ അപാകത കണ്ടെത്താനുള്ള

വ്യഗ്രത വർധിക്കും. അപരന്റെ അസ്തിത്വത്തിൽ ഇത്തിക്കണ്ണികളായി ജീവിക്കാനെ അവർക്ക് സാധിക്കൂ.

കുതർക്കങ്ങൾ പ്രവാചകൻ വിരോധിച്ചതാണ്. ഒരിക്കൽ തന്റെ വീട്ടുപടിക്കൽ ഒരു വിഭാഗം സംസാരിക്കുന്നത് നബിﷺ കേട്ടു. ഒരാൾ പറയുന്നു: 'അല്ലാഹു ഇന്നത് പറഞ്ഞിട്ടില്ലേ?' അപരൻ പറഞ്ഞു: 'അല്ലാഹു ഇന്നതും പറഞ്ഞിട്ടില്ലേ..?' നബിﷺ കോപാകുലനായി പുറത്ത് വന്നു. അദ്ദേഹം പറഞ്ഞു: 'ഇതിനാണോ നിങ്ങൾ കൽപിക്കപ്പെട്ടത്? അതല്ല, ഇതുകൊണ്ടാണോ നിങ്ങൾ നിയോഗിക്കപ്പെട്ടത്?' (അഥവാ അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ ചില വചനങ്ങളെ ചിലതുകൊണ്ട് ഈ രീതിയിൽ കൈകാര്യം ചെയ്യുവാൻ). ഇതുപോലുള്ള സംസാരങ്ങളിലാണ് നിങ്ങൾക്കു മുമ്പുള്ള സമുദായങ്ങൾ പിഴച്ചു പോയത്...'

ഈ വിഷയത്തിൽ വന്ന മറ്റു ചില പ്രവാചക വചനങ്ങൾ ഇപ്രകാരമാണ്. '...അനാവശ്യ സംസാരവും കൂടുതലായുള്ള ചോദ്യങ്ങളും സമ്പത്ത് പാഴാക്കലും നിശ്ചയം അല്ലാഹു നിങ്ങൾക്ക് വെറുത്തിരിക്കുന്നു' (ബുഖാരി).

'സത്യവിശ്വാസി കുത്തിപ്പറയുന്നവനോ ശപിക്കുന്നവനോ നീചവൃത്തി ചെയ്യുന്നവനോ നെറികെട്ടവനോ അല്ല.'

'പറയുന്നത് സത്യമാണെങ്കിലും ശരി, തർക്കം ഉപേക്ഷിക്കുന്നവന് സ്വർഗത്തിന് ചുറ്റും ഒരു വീടിന് ഞാൻ ജാമ്യം നിൽക്കുന്നു...'

മേൽവചനങ്ങളെ ആദരിക്കുന്ന ഒരു വിശ്വാസിക്ക് മതപരമായ ചർച്ചയെന്ന മേൽവിലാസം നൽകി, ഓൺലൈനിൽ അനാവശ്യങ്ങൾ വിളിച്ച് പറയാനാൻ സാധിക്കുമോ?

ചർച്ചകളിൽ കാട്കയറിപ്പോകുകയും ഞാൻ വെറുതെ പറഞ്ഞതാണെന്ന് ന്യായീകരിക്കുകയും ചെയ്യുന്നവർ പ്രവാചകന്റെ ഈ വചനം ഓർക്കുക:

'തീർച്ചയായും ഒരു അടിമ ഒരു വാചകം പറയും; ആ വാചകത്തിലെ ആശയം ആലോചിക്കുകയോ അന്വേഷിക്കുകയോ ചെയ്യാതെ, പ്രസ്തുത വാചകം കാരണത്താൽ അയാൾ കിഴക്കിനും പടിഞ്ഞാറിനുമിടയിലുള്ളതിനെക്കാൾ വിദൂരമായി നരകത്തിലേക്ക് തെന്നി വീഴും' (ബുഖാരി, മുസ്‌ലിം).

'താൻ കേട്ടതെല്ലാം പറഞ്ഞു നടക്കുകയെന്നത് ഒരു മനുഷ്യന് കളവായി അത് മതി'യെന്ന നബിവചനം കേട്ടതെല്ലാം പറഞ്ഞ് ചർച്ചക്ക് കളമൊരുക്കുന്നവർക്ക് ശക്തമായ താക്കീതാണ്.

ഞാൻ പറയുന്നത് കാര്യമല്ലേ, അൽപം പരുഷമായാലെന്താ കുഴപ്പം എന്ന് ചോദിക്കുന്നവർ താഴെ ചേർത്ത ക്വുർആനിക വചനം ഓർക്കുക.

'(നബിയേ) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞു പോയിക്കളയുമായിരുന്നു... (ക്വുർആൻ: 3:159).

കാതുകളെ അടച്ചുകളയുന്ന കുതർക്കങ്ങളല്ല നമുക്കാവശ്യം. ഹൃദയത്തെ തുറന്ന് വെക്കുന്ന ഗുണകാംക്ഷയുള്ള സംഭാഷണത്തിന്റെ വേദികളാണ് നാം അന്വേഷിക്കേണ്ടത്.

പ്രബോധന രംഗത്തുള്ള ക്രിയാത്മകമായ ചർച്ചകളും സംവാദങ്ങളും ആവശ്യമില്ലെന്ന പൊതുബോധത്തിന് തർക്കം പാടില്ലെന്ന ബോധവത്കരണം കാരണമായിക്കൂടാ. തെളിവുദ്ധരിച്ച് ബുദ്ധിയെ പ്രവർത്തനക്ഷമമാക്കുകയും ഗുണകാംക്ഷയിൽ പൊതിഞ്ഞ സദുപദേശം നൽകുകയുമാണ് പ്രബോധകന്റെ ബാധ്യത. അത്യാവശ്യമെങ്കിൽ സംശയമുന്നയിക്കുന്നവരോട് ഏറ്റവും നല്ല രീതിയിൽ സംവദിക്കാനും ഇസ്‌ലാം അനുവദിക്കുന്നുണ്ട്.

'യുക്തിദീക്ഷയോട് കൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ച് കൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക...'(ക്വുർആൻ 16:125).

അനിഷ്ടകരമായ സന്ദർഭങ്ങളിൽ നബിﷺയുടെ മുഖത്ത് അതിന്റെ നീരസം കാണാമായിരുന്നു. സത്യത്തോടുള്ള പ്രതിബദ്ധത നിമിത്തം, ഉദ്ബോധന വേളകളിൽ ശബ്ദം ഉയരുകയും മുഖം ചുവക്കുകയും സൈന്യാധിപന്റെ ധീരത പ്രകടമാവുകയും ചെയ്തിരുന്നുവെങ്കിലും അനാവശ്യ വാക്കുകൾ ഒരിക്കൽ പോലും തിരുമേനിയിൽ നിന്ന് പുറത്തുവന്നിട്ടില്ല. ഈ പുണ്യ പ്രവാചകന്റെ അനുയായികൾ, പ്രതിപക്ഷത്തുള്ളവർ എത്ര പ്രകോപിതരാക്കുവാൻ ശ്രമിച്ചാലും അനാവശ്യ പദപ്രയോഗങ്ങൾക്ക് ഒരിക്കലും അടിമപ്പെട്ടു പോകരുത്.

വാക്കിലും പെരുമാറ്റത്തിലും മാന്യതയില്ലാത്തവരിൽ നിന്ന് അകന്ന് നിൽക്കലാണ് വിശ്വാസികളുടെ വഴി. മതം ജീവിതത്തിൽ പകർത്താനും പ്രചരിപ്പിക്കാനുമായിരിക്കണം പഠിക്കേണ്ടത്; തർക്കിക്കാനാവരുത്. ●

തയ്യാറാക്കിയത്: യൂസുഫ് സാഹിബ് നദ്‌വി

ഏറനാട്ടിലെ ഓർമകളും ഇസ്‌ലാഹി പ്രസ്ഥാനവും: 11



# ഉമർകുട്ടി ഹാജി: ഉത്പതിഷ്ണുത്വത്തിന്റെ പോരാളി

കെ.പി.മുഹമ്മദ്ബിൻ അഹ്മദ്(റഹ്)

**എ**ന്റെ വന്ദ്യസുഹൃത്ത് മർഹൂം പി.വി. ഉമർകുട്ടി ഹാജിയെപ്പറ്റി ഓർക്കുമ്പോൾ സമുദായ സേവനരംഗത്ത് അദ്ദേഹം കാഴ്ചവെച്ച ത്യാഗോജ്വലമായ സേവനങ്ങളും വിവിധ മേഖലകളിലെ സ്തുത്യർഹമായ പ്രവർത്തനങ്ങളുമാണ് സ്മൃതിപഥത്തിൽ ഉണരുന്നത്. ആത്മാർഥതയുള്ള ഒരു മുജാഹിദ് പ്രവർത്തകൻ എന്ന നിലക്ക് എനിക്ക് അദ്ദേഹവുമായുള്ള സജീവ ബന്ധത്തിന് ഏതാണ്ട് അരനൂറ്റാണ്ട് പഴക്കമുണ്ട്.

തെറ്റുധാരണയിലകപ്പെട്ട പാമര മുസ്‌ലിംകളെ, ചില ദുഷ്ടബുദ്ധികളെ മുജാഹിദ് പ്രവർത്തകർക്ക് നേരെ ഇളക്കിവിട്ടതിനാൽ മുജാഹിദ് പ്രവർത്തകർ പീഡനവും ചിലപ്പോൾ മരണവും അനുഭവിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ ഉമർകുട്ടി ഹാജി അത്തരം മർദിതരായ മുജാഹിദുകൾക്ക് ഒരു അവലംബമായിരുന്നു. മുത്തന്നൂരിൽ ഒരുമയ്യിത്ത് മറവുചെയ്യാൻ അനുവദിക്കാത്ത സംഭവവും അതിനെ തുടർ

ന്നുണ്ടായ പ്രശ്നങ്ങളും പ്രസിദ്ധമാണ്. അവരുടെ രക്ഷക്ക് വേണ്ടി മുന്നിട്ടിറങ്ങിയ മുജാഹിദ് നേതാക്കളിൽ മുൻപന്തിയിലായിരുന്നു ഉമർകുട്ടി ഹാജി.

എടവണ്ണയിലും പരിസരപ്രദേശങ്ങളിലും ഉള്ള മുജാഹിദ് പ്രസ്ഥാനത്തിന്റെ വളർച്ചക്ക് അദ്ദേഹം നൽകിയ നേതൃത്വം വിലപ്പെട്ടതാണ്. പിതാവ് പി.വി. മുഹമ്മദ് ഹാജി, അത്തിക്കൽ അഹമ്മദ് കുട്ടി ഹാജി തുടങ്ങിയവരോടൊപ്പമുള്ള അദ്ദേഹത്തിന്റെ സേവനമാണ് പ്രസ്ഥാനത്തിന്റെ വളർച്ചക്ക് ആക്കം കൂട്ടിയത്. എടവണ്ണയിൽ കേരള നദ്‌വത്തുൽ മുജാഹിദീൻ നേരിട്ട് നടത്തുന്ന പ്രശസ്തമായ ജാമിഅ അന്നദ്‌വിയ്യ എന്ന ഉന്നത മതവിദ്യാപീഠത്തിന്റെ സ്ഥാപകന്മാരിൽ എടുത്ത്പറയേണ്ട പേരാണ് അദ്ദേഹത്തിന്റേത്.

കുറച്ച് വർഷങ്ങൾക്ക് മുമ്പ് ജാമിഅ നദ്‌വിയ്യയുടെ വളർച്ചയിൽ അൽപം മന്ദഗതി അനുഭവപ്പെട്ടപ്പോൾ, അതിനെ മുന്നോട്ട് കൊണ്ടുപോകാൻ വേണ്ടി ജനാബ് എ.പി.അബ്ദുൽ ഖാദിർ മൗലവിയും ഈയുള്ളവനും കൂടി ഒരു ശ്രമം ആരംഭിച്ചു. ആ പരിശ്രമങ്ങൾക്ക് പിന്തുണ നൽകിയവരിൽ പ്രമുഖരായിരുന്നു ഡോ. ഉസ്മാൻ സാഹിബും ഉമർകുട്ടി ഹാജിയും. ജാമിഅയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഞങ്ങൾ പലേയിടത്തും യാത്ര ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ തലസ്ഥാന നഗരിവരെ ആ യാത്ര നീണ്ടുപോയിട്ടുണ്ട്. ജാമിഅയുടെ കാര്യത്തിലെന്ന പോലെതന്നെ എടവണ്ണ യത്തീംഖാനയുടെ വളർച്ചയിലും ഉയർച്ചയിലും ഉമർകുട്ടി ഹാജി കഴിവിന്റെ പരമാവധി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

മമ്പാട് എം.ഇ.എസ്. കോളേജിലെ മുസ്‌ലിം വിദ്യാർഥികൾക്ക് പരിശുദ്ധ ക്വുർആനും തിരുസുന്നത്തുമനുസരിച്ച് മതപഠന ക്ലാസ്സുകൾ ഏർപ്പെടുത്തുവാൻ അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ ഇന്നും എന്റെ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നുണ്ട്. അതിനെക്കുറിച്ച് അദ്ദേഹം എന്നോട് വിശദമായി പറഞ്ഞിരുന്നു.

കേരള നദ്‌വത്തുൽ മുജാഹിദീൻ സംഘടനയുടെ കേന്ദ്ര ഓഫീസ് 20 കൊല്ലക്കാലം ഇടിയങ്ങരയിലെ ഒരു വാടകക്കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. അതിന് സ്വന്തമായി ഓഫീസ് കെട്ടിട മുണ്ടാക്കുവാനും സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തുവാനുമായി തീവ്രമായ പ്രവർത്തനങ്ങൾ ആരംഭിച്ചു. അതിന്റെ ഫലമായി ആനിഹാൾ റോഡിലെ സ്വന്തം ബിൽഡിങ്ങിലേക്ക് ഓഫീസ് മാറ്റുകയും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങളിലെല്ലാം ഉമർകുട്ടി ഹാജിയുടെ സജീവ പങ്കാളിത്തമുണ്ടായിരുന്നു.

ഞാൻ കെ.എൻ.എമ്മിന്റെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചുതുടങ്ങിയതു മുതൽ ഉമർകുട്ടി ഹാജി ദിവംഗതനാകുന്നതുവരെ ഇരുപതുവർഷത്തോളം അദ്ദേഹത്തിന്റെ സഹായ സഹകരണങ്ങൾ സംഘടനക്കും എനിക്കും ലഭിച്ചിരുന്നു എന്ന വസ്തുത നന്ദിപൂർവം സ്മരിക്കുന്നു. ഭരണ സമിതിയിൽ സംസ്ഥാന ട്രഷറർ തുടങ്ങിയ ഉത്തരവാദിത്തമുള്ള പല സ്ഥാനങ്ങളും അദ്ദേഹം വഹിച്ചിട്ടുണ്ട്.



പരിശുദ്ധ ക്വുർആനിനും തിരുസുന്നത്തിനും എതിരായ വാദമുഖങ്ങളെയും ചിന്താഗതികളെയും എതിർത്തു തോൽപിക്കുവാനുള്ള എല്ലാ ശ്രമങ്ങളെയും അദ്ദേഹം ശക്തമായി പിന്തുണച്ചിരുന്നു. ചേകന്നൂർ മുഹമ്മദ് മൗലവിയുടെ തെറ്റായ ആശയങ്ങൾ ചില മുജാഹിദ് മഹല്ലുകളിൽ അദ്ദേഹം പ്രചരിപ്പിക്കാൻ തുടങ്ങിയ കാലത്ത് അതിൽ ആളുകൾ ചെന്നുചാടാതിരിക്കാൻ, അതിന്റെ സത്യാവസ്ഥ മുജാഹിദ് പ്രവർത്തകർക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ ചില സംരംഭങ്ങൾ സംഘടിപ്പിക്കുന്നതിൽ അദ്ദേഹം ഉത്സുകനായിരുന്നു. പല സ്ഥലത്തും അദ്ദേഹവുമായി വദപ്രതിവാദം നടത്തിയിട്ടുണ്ട്. ഇതിൽ പലതിലും ഉമ്മർകുട്ടി ഹാജിയുടെ നേതൃത്വം തന്നെയുണ്ടായിരുന്നു.

അല്ലാഹു അദ്ദേഹത്തെയും നമ്മളെയും പരലോകത്ത് സ്വർഗത്തിൽ ഒരുമിച്ചുകൂട്ടട്ടെ എന്ന് ഹൃദയംഗമായി പ്രാർഥിക്കുന്നു.

# ഓർമകളിൽ ജീവിക്കുന്ന ബാപ്പ:

പി.വി.എം. അബ്ദുൽ വഹാബ്

1993 ഡിസംബർ 4ന് കാലത്ത് 09.45ന് കോഴിക്കോട് നാഷണൽ ഹോസ്പിറ്റലിലെ 615ാം നമ്പർ മുറിയിൽവെച്ച് ആ ഹൃദയത്തിന്റെ സ്പന്ദനം നിലച്ചു. അതിന് തൊട്ടുമുമ്പുള്ള ദിനങ്ങൾ വിടപറയലിന്റെ നാളുകളായിരുന്നു. ബന്ധുമിത്രാദികളോട് സന്ദർഭത്തിനനുസരിച്ചായിരുന്നുവെങ്കിൽ; ഭാര്യ, മക്കൾ, പേരക്കുട്ടികൾ എന്നിവർക്ക് പ്രത്യേക ദിവസങ്ങൾ നിശ്ചയിച്ചത് പോലെയായിരുന്നു. യാത്രക്കുള്ള ഒരുക്കവും അതുപോലെ തന്നെ. ഖബ്ർ, തുണി, മയ്യിത്ത് സംസ്കരണ ചടങ്ങുകളിൽ പങ്കെടുക്കാൻ വരുന്നവരുടെ ഭക്ഷണം എന്നിവ ബാപ്പതന്നെ നേരത്തെ ഏർപ്പാട് ചെയ്തതായിരുന്നു. അതുപോലെ തന്നെ ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ പ്രവർത്തനരംഗത്ത് ബാപ്പ വഹിച്ച പങ്ക്, ഒതായി പ്രദേശത്തിന്റെ നാല് പതിറ്റാണ്ടുകാലത്തെ സംക്ഷിപ്തചരിത്രം എന്നിവയടങ്ങുന്ന രണ്ടു പുസ്തകങ്ങൾ മരണപ്പെട്ടതിന്റെ ശേഷമുള്ള ആദ്യത്തെ വെള്ളിയാഴ്ച പള്ളിയിൽ വെച്ച് വിതരണം ചെയ്യുന്നതിന് നേരത്തെ തയ്യാർ ചെയ്തു വെച്ചിരുന്നു.

പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ അമിതമായി ദുഃഖിച്ചില്ല. സന്തോഷങ്ങൾ ഉണ്ടാകുമ്പോൾ അമിതമായി ആഹ്ലാദിച്ചതുമില്ല. ആവലാതികളോ വേവലാതികളോ ഒരിക്കലും ആ ജീവിതത്തെ അലട്ടിയിരുന്നില്ല. ഒരൊറ്റവഴി അത് നേർക്കുനേരെയുള്ള വഴി. ഒരൊറ്റ മുഖം; അത് മക്കളോടായാലും അല്ലാത്തവരോടായാലും. അതായിരുന്നു ബാപ്പയുടെ സ്വഭാവം. താൻ സത്യമല്ലെന്നും ന്യായമല്ലെന്നും കരുതുന്ന കാര്യങ്ങൾക്ക് നേരെ മുഖം ചുളിക്കുന്നതിനും ശക്തിയുക്തം എതിർക്കുന്നതിനും അദ്ദേഹം വലിപ്പച്ചെറുപ്പം നോക്കിയിരുന്നില്ല. ആദരിക്കേണ്ടവരെ അങ്ങേയറ്റം ആദരിക്കുന്നതിനും അവരുടെ മുന്നിൽ ഏറ്റവും എളിയവനാകുവാനും ബാപ്പക്ക് കഴിയുമായിരുന്നു. അതുപോലെതന്നെ അർഹിക്കുന്ന പരിഗണനന നൽകാൻ മടിക്കുന്നവരെ, അവർ എത്രതന്നെ വലിയവരായിരുന്നാലും നിസ്സാരന്മാരാക്കി തള്ളുവാനും ബാപ്പ ഒട്ടും പിറകിലായിരുന്നില്ല. ഇതിനെല്ലാം അതീതമായി, മുന്നിട്ടിറങ്ങുന്ന ഏത് കാര്യത്തിലും പൂർണമായ സമർപ്പണബോധം പ്രകടിപ്പിക്കുന്ന സ്വഭാവമായിരുന്നു ബാപ്പ ഉമർകുട്ടി ഹാജിക്കുണ്ടായിരുന്നത്.

ജീവിതത്തിൽ പ്രയാസങ്ങൾ നേരിടുമ്പോഴൊക്കെ അല്ലാഹുവിൽ ഭരമേൽപിക്കുന്നതിനും ക്ഷമ അവലംബിക്കുന്നതിനും കത്തുകളിലൂടെ അദ്ദേഹം ഉപദേശിച്ചിരുന്നു, സാന്ത്വനപ്പെടുത്തിയിരുന്നു. മക്കളായ ഞങ്ങളോട്പോലും എഴുത്തുകളിലൂടെ ആശയവിനിമയം നടത്തുന്നതിൽ ബാപ്പ താൽപര്യം പ്രകടിപ്പിച്ചിരുന്നു.

1980ൽ ഞാൻ ചുങ്കത്തറ വില്ലേജ് ആഫീസറായിരിക്കുമ്പോൾ അന്നത്തെ സബ്കളക്ടർ, അനധികൃതമായി ഞാൻ ഭൂമി കൈവശം വെച്ചിരിക്കുന്നു എന്ന കുറ്റം ചുമത്തി എന്നെ സർവീസിൽനിന്ന് സസ്പന്റ് ചെയ്തു. ഇവിടെ വനഭൂമി പതിച്ചുകിട്ടി, അന്യനാട്ടിൽനിന്ന് വന്നുതാമസിച്ചിരുന്ന ഒരാളായിരുന്നു പരാതിക്കാരൻ. ഞങ്ങളുടേതായിരുന്ന ഭൂമി ദേശസാൽക്കരിക്കപ്പെട്ടപ്പോൾ ഞങ്ങൾക്ക് വിട്ടുകിട്ടിയതും സർക്കാരിന്റേതും വേർതിരിച്ച ഭാഗത്ത് എന്റെ കൈവശത്തിലുണ്ടായിരുന്ന ചില ഭാഗങ്ങളെ സംബന്ധിച്ചായിരുന്നു പരാതി. നിയമവിരുദ്ധമായി ഭൂമി കൈവശംവെക്കൽ എന്ന കുറ്റം ചുമത്തിക്കൊണ്ടുള്ള സസ്പെൻഷൻ ഓർഡർ കയ്യിൽ കിട്ടിയപ്പോൾ കോടതിയെ സമീപിക്കണമെന്ന് എനിക്ക് തോന്നി. ഇടവലം നോക്കാതെ ഞാൻ എറണാകുളത്തേക്ക് വണ്ടികയറി. റിട്ട് ഫയൽചെയ്ത് വീട്ടിൽ തിരിച്ചുവന്നു. പിറ്റേദിവസം തന്നെ വീണ്ടും എറണാകുളത്തെത്തണം. ബാപ്പ വിവരം അറിയാതെ വിഷമിച്ചിരിക്കുകയായിരുന്നു. സബ്കളക്ടറുടെ ഉത്തരവിന്റെയും ഫയൽചെയ്ത റിട്ടിന്റെയും കോപ്പികൾ ഞാൻ ബാപ്പക്ക് ആൾവശം കൊടുത്തുവിട്ടു. ബാപ്പ എങ്ങനെ പ്രതികരിക്കുമെന്ന് ഞാൻ സംശയിച്ചു നിൽക്കുമ്പോൾ പേപ്പറുകൾ ഒരു കത്തോടുകൂടി തിരിച്ചയച്ചുതന്നു.

“തീർച്ചയായും വിഷമങ്ങളുടെ കൂടെ സുഖമാണ് എന്ന ക്വുർആൻ വാക്യം നമുക്ക് ആശ്വാസം നൽകുന്നു. ഇപ്പോൾ ഒരു ധർമയുദ്ധമാണ് നിന്റെ മേൽ അടിച്ചേൽപിച്ചിരിക്കുന്നത്. സ്വന്തം ദേഹവും സ്വത്തും സംരക്ഷിക്കുന്നത് അവനവന്റെ ചുമതലയാണ്. അത് ഓരോരുത്തരുടെയും കടമയും ബാധ്യതയുമാണ്. ഈ കാര്യത്തിൽ സർവശക്തനായ റബ്ബ് എല്ലാവിധത്തിലും സഹായിക്കും. അവൻ സഹായിക്കട്ടെയെന്ന് പ്രാർഥിക്കുന്നു. ആമീൻ.

ധൈര്യത്തോടെ മുന്നോട്ട് പൊയ്ക്കൊള്ളുക. അല്ലാഹു സർവസഹായങ്ങളും വിജയങ്ങളും നൽകട്ടെ...'' ഇങ്ങനെയുള്ള, ആ കത്തിലുള്ള വരികൾ യാത്രയിൽ എനിക്ക് ധൈര്യംപകർന്നു.

1972ൽ എന്റെ ഒരുവയസ്സുമാത്രം പ്രായമുള്ള കുട്ടി മരണപ്പെട്ടു. അന്ന് ഞങ്ങൾ ഒരുദിവസത്തെ വിരുന്നിനു തറവാട്ടിൽ പോയതായിരുന്നു. അവിടെ വെച്ചായിരുന്നു സംഭവം. 24 മണിക്കൂർ നേരത്തെ അസുഖം, ഛർദ്ദി-അതിസാരം. കുട്ടി മരണപ്പെട്ടു. കുറച്ചുദിവസം അവിടെ താമസിച്ചു. എന്നിട്ട് ഞങ്ങൾ സ്വന്തം വീട്ടിലേക്ക് മടങ്ങി. എന്റെ ഭാര്യ കുറച്ച് കാലത്തേക്ക് ദുഃഖത്തിലായിരുന്നു. അപ്പോൾ ബാപ്പ ഒരു കത്ത് കൊടുത്തയച്ചു. അതിലെ ചില വരികൾ: 'നിങ്ങൾ ഇപ്പോഴും ദുഃഖത്തിലും മനഃപ്രയാസത്തിലും ആണെന്ന് ഞാൻ അറിഞ്ഞു. ഈ കുട്ടി നാളെ പരലോകത്ത് അല്ലാഹുവിന്റെ അടുക്കൽ നിങ്ങൾക്ക് ഒരു വലിയ അനുഗ്രഹവും രക്ഷയും ആയിരിക്കും. നിങ്ങൾ അമിതമായി ദുഃഖവും വേവലാതിയും കാണിച്ചാൽ അത് നഷ്ടപ്പെടും. അതുകൊണ്ട് നിങ്ങൾ ക്ഷമയുള്ളവരാകുക. അല്ലാഹുവിൽ വിശ്വാസം അർപ്പിക്കുക...' സുദീർഘമായി എഴുതിയ ആ കത്ത് അന്ന് ഞങ്ങൾക്ക് വലിയ ആശ്വാസം നൽകി.

ജീവിതത്തിലെ മറ്റ് തുറകളിൽ ഉള്ളവരോടെന്നതിനെക്കാൾ മതപണ്ഡിതന്മാരോടും മതനേതാക്കന്മാരോടും ബാപ്പ സ്നേഹവും ബഹുമാനവും പ്രകടിപ്പിച്ചിരുന്നു. ഇത് കൂടുതൽ പ്രകടമായി കണ്ടത് ജീവിതത്തിന്റെ അവസാന നാളുകളിൽ ആയിരുന്നു. അവരെ ആശ്ലേഷിക്കുന്നതും കൂട്ടായി പ്രാർഥിക്കുന്നതും കാണാമായിരുന്നു.

പരാശ്രയമില്ലാത്ത ജീവിതം, അതായിരുന്നു ബാപ്പയുടെ വലിയ ആഗ്രഹവും ലക്ഷ്യവും. കോട്ടംതട്ടിയിട്ടില്ലാത്തതും ജീവിതാവസാനംവരെ പൂവണിഞ്ഞുനിന്നതുമെന്ന് ഈ ആഗ്രഹത്തെ വിശേഷിപ്പിക്കാം. മക്കളുടെ ആശ്രയംവരെ ഇല്ലാതെ കഴിയണമെന്നായിരുന്നു ആഗ്രഹം. പക്ഷേ, അവസാനത്തെ ഏതാനും നാളുകൾ മക്കളെയെങ്കിലും ആശ്രയിക്കാൻ വിധി ബാപ്പയെ നിർബന്ധിച്ചു. പിതാവിനോടുള്ള മക്കളുടെ കടമ നിർവഹിക്കാനുള്ള അവസരം വിധിനൽകിയത് മഹാഭാഗ്യമായി ഞങ്ങൾ കരുതുന്നു.

അടുത്തകാലത്ത് ബാപ്പയുടെ ഒരു പരിചയക്കാരൻ മരിച്ചു. ഞങ്ങൾ ഒന്നിച്ചാണ് മരണവീട്ടിൽ പോയി മടങ്ങിയത്. ആ സമയത്ത് ഒരുവൃദ്ധ കാറിന്റെ അരികിലേക്ക് വന്നു. അവർക്കെന്തെങ്കിലും കൊടുക്കണമെന്ന നിലക്ക് പോക്കറ്റിൽ തപ്പിയപ്പോൾ ചില്ലറയില്ല. കാറിന്റെ പിൻസീറ്റിലേക്ക് തിരിഞ്ഞുനോക്കിയപ്പോൾ ഞാൻ ഒരഞ്ചുരൂപാ നോട്ട് എടുത്തുകൊടുത്തു. വീട്ടിൽ തിരിച്ച് വന്നപ്പോൾ എന്റെ അഞ്ചുരൂപാ നോട്ട് തിരിച്ചുനൽകുവാനുള്ള ബദ്ധപ്പാടിലായിരുന്നു ബാപ്പ!.


ഒന്നിച്ചുള്ള യാത്രകളിൽ കയ്യിൽനിന്നും കാശ് ചെലവാക്കാനുള്ള അധികാരം ഞങ്ങൾക്കുണ്ടായിരുന്നില്ല. കൊച്ചുകുട്ടികളെപ്പോലെ നടക്കാനേ ഞങ്ങൾക്ക് അധികാരമുണ്ടായിരുന്നുള്ളു. ഇതിനു വിപരീതമായി എന്തെങ്കിലും സംഭവിച്ചുപോയിട്ടുണ്ടെങ്കിൽ വീട്ടിലെത്തിയാൽ ഉടൻ ആ പണം തിരിച്ച് സ്വീകരിച്ചുകൊള്ളണം.

ഇതുപോലെ തന്നെയായിരുന്നു മറ്റ് കാര്യങ്ങളിലുള്ള നിയന്ത്രണവും. ഒരിക്കൽ ഞങ്ങൾ പാലക്കാട് അനുജൻ ഹമീദിന്റെ വീട്ടിൽ ഒരു കല്യാണത്തിൽ പങ്കെടുക്കാൻ പോയിരുന്നു. താമസത്തിനായി പാലക്കാട് റസ്റ്റ് ഹൗസിൽ നാലഞ്ചു മുറികൾ ഞങ്ങൾക്കുവേണ്ടി റിസർവ് ചെയ്തിരുന്നു. റസ്റ്റ് ഹൗസിലെ പ്രത്യേകം പ്രത്യേകം മുറികളിലേക്ക് ഞങ്ങളെ പറഞ്ഞയച്ചു. ഇപ്പോൾ ദമ്മാമിൽ ജോലിചെയ്യുന്ന അനുജൻ ജലീൽ സ്വകാര്യമായി എന്റെ ചെവിയിൽ പറഞ്ഞു: 'ഗൾഫിലും ബോംബെയിലും എവിടെയും നടക്കാം, ഇവിടെ വരുമ്പോൾ ബാപ്പ പറയുന്ന വഴിയിലൂടെ മാത്രം നടക്കണം...' അത് ശരിയാണ്. അതുകൊണ്ട് ഞങ്ങൾക്ക് നന്മ മാത്രമെ ഉണ്ടായിട്ടുള്ളു.

മരണശേഷം രേഖകൾ പരിശോധിക്കുമ്പോൾ റിക്കാർഡുകളുടെ കെട്ടിനു മുകളിലായി ഒരു കാസറ്റ് കവറിലാക്കി വെച്ചത് കണ്ടു. അത് എവിടെ വെച്ച് എപ്പോൾ റിക്കാർഡ് ചെയ്തതാണെന്ന് ആർക്കും അറിയില്ല. ഇതിൽ എന്തായിരിക്കും എന്ന് ആദ്യം ഞങ്ങൾ സംശയിച്ചു. ''ഭാര്യാ മക്കളേ... ബന്ധുമിത്രാദികളേ...'' എന്ന് അഭിസംബോധന ചെയ്യുന്ന കാസറ്റ് മുഴുവൻ മരണം, മരണാനന്തര ജീവിതം, ക്വബ്ർ, നരകം, സ്വർഗം എന്നീകാര്യങ്ങളെ കുറിച്ചുള്ള ഉദ്ബോധനവും ഉണർത്തലുമായിരുന്നു. ആ ശബ്ദം ഞങ്ങൾക്കായി കരുതിവെച്ചതായിരിക്കാം.

ആ സാന്ത്വന വാക്കുകൾ ഇന്ന് ഞങ്ങൾക്ക് ഓർമകൾ മാത്രം. 1993 ഡിസംബർ 5ന് കാലത്ത് 11 മണിക്ക് ആ മയ്യിത്ത് ഒതായിലെ ക്വബ്ർസ്ഥാനിൽ മറവുചെയ്യുമ്പോൾ ഞങ്ങളുടെ കുടുംബത്തിലെ പഴയതും പുതിയതുമായ രണ്ടുതലമുറകളെ ബന്ധിപ്പിക്കുന്ന പ്രധാന കണ്ണി ഇല്ലാതാവുകയായിരുന്നു. അബോധാവസ്ഥയിലാകുന്നതിന് തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ പ്രയാസപ്പെട്ട് പറഞ്ഞൊപ്പിച്ച ഒരു പ്രാർഥന ഞങ്ങളുടെ ഹൃദയം വേവിക്കുകയും ഓർമകളിൽ ജീവിക്കുകയും ചെയ്യുന്നു: 'പടച്ചവനേ, ഞാനൊരു യത്തീംഖാന പരിപാലിച്ച് പോന്നു. ഒരു പള്ളി ഞാൻ സംരക്ഷിച്ചു പോന്നു. എന്റെ അടുക്കൽ എന്തെങ്കിലും തെറ്റു വന്നുപോയിട്ടുണ്ടെങ്കിൽ പൊറുത്തു തരണേ...' ●

സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com



# നന്മനിറഞ്ഞ അയൽക്കാരാവുക

“നിങ്ങൾ ഇന്ന് സ്കൂളിൽനിന്നും ഇടയ്ക്ക് വീട്ടിൽ വന്നുപോയോ?”

വൈകുന്നേരം നാലര മണിയോടെ സ്കൂൾ വിട്ട് വീട്ടിൽ വന്ന് കയറുന്ന എന്നോട് ഭാര്യയുടെ ആദ്യ ചോദ്യം.

ഇല്ലെന്ന് ഞാൻ മറുപടി പറഞ്ഞെങ്കിലും അവൾക്കത് വിശ്വാസമാകാത്തതുപോലെ അടുത്ത ചോദ്യം പെട്ടെന്ന് വന്നു.

“പിന്നെ ആരാണ് നമ്മൾ സ്കൂളിൽ പോയപ്പോൾ മുറ്റത്തെ അയയിൽ ഉണക്കാനിട്ട വസ്ത്രങ്ങളെല്ലാം എടുത്ത് മടക്കി സിറ്റൗട്ടിൽ വെച്ചിരിക്കുന്നത്?”

കഴിഞ്ഞ വേനൽക്കാലത്താണ് ഈ സംഭവം നടന്നത്. വൈകുന്നേരം മൂന്ന് മണിയോടെ അപ്രതീക്ഷിതമായി വേനൽമഴ പെയ്തത് അപ്പോഴാണ് ഞാൻ ഓർത്തത്. മുറ്റത്തെ അയയിൽ വിരിച്ചിട്ടിരുന്ന മുഴുവൻ വസ്ത്രങ്ങളും മഴ നനയാതെ എടുത്ത് മടക്കി ആരോ വീടിന്റെ സിറ്റൗട്ടിൽ വെച്ചിരിക്കുന്നു!

അടുത്തു തന്നെ താമസിക്കുന്ന ഉമ്മയോടും ജ്യേഷ്ഠന്റെ വീട്ടുകാരോടും ഇക്കാര്യത്തെപ്പറ്റി ചോദിച്ചുവെങ്കിലും അവരൊന്നും ആ സമയത്ത് വീട്ടിൽ വന്നിട്ടില്ല.

ഏതാനും ദിവസങ്ങൾ കഴിഞ്ഞ് ഒരു വൈകുന്നേരത്ത് സൗഹൃദ സന്ദർശനത്തിനെത്തിയ അയൽപക്കത്തെ സുഷച്ചേച്ചിയോട് മേൽ സംഭവത്തെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ അവരുടെ മുഖത്ത് ഒരു ചെറു പുഞ്ചിരി വിരിയുന്നത് കണ്ടു.

പെട്ടെന്ന് മഴക്കാറു മൂടുന്നതുകണ്ട് അവരുടെ മുറ്റത്തെ അയയിൽ വിരിച്ചിട്ടിരുന്ന വസ്ത്രങ്ങൾ എടുത്തു വെക്കാനായി വീടിനു പുറത്തിറങ്ങിയപ്പോഴാണ് നൂറുമീറ്റർ അകലെയുള്ള ഞങ്ങളുടെ വീട്ടുമുറ്റത്തെ അയയിലും ഉണക്കാനിട്ട വസ്ത്രങ്ങൾ കണ്ടത്.

സ്കൂളിൽ ജോലി ചെയ്യുന്ന ഞങ്ങൾ രണ്ട് പേരും വസ്ത്രങ്ങൾ എടുത്ത് വെക്കാൻ വരില്ലെന്നുറപ്പുള്ള അവർ വന്ന് അതെല്ലാം ആദ്യം മടക്കിവെച്ചതിനു ശേഷമാണ് അവരുടെ വസ്ത്രങ്ങൾ മടക്കിവെച്ചത് എന്ന വാചകങ്ങൾ നല്ലൊരു അയൽപക്കബന്ധത്തിന്റെ എല്ലാ സന്തോഷങ്ങളും മനസ്സിൽ നിറച്ചു.

ദിവസങ്ങൾ നീളുന്ന യാത്രകൾ പോകുമ്പോൾ വീടു പൂട്ടി താക്കോൽ ഏൽപിച്ച് ഒന്ന് ശ്രദ്ധിച്ചോളണേ എന്ന് പറയാൻ മാത്രം പരസ്പര വിശ്വാസമുള്ള അയൽപക്ക ബന്ധങ്ങൾ നമുക്ക് ആശ്വാസമാണ്.

തക്കം കിട്ടിയാൽ അയൽപക്കക്കാരന്റെ വസ്തുവകകൾ അടിച്ചു മാറ്റുന്നവരും ഒന്നോ രണ്ടോ മണിക്കൂർ വീട്ടിൽ നിന്നും വിട്ട് നിൽക്കുമ്പോഴേക്കും കള്ളൻമാർക്ക് ഒറ്റു കൊടുത്ത് കളവിന് സൗകര്യമൊരുക്കിക്കൊടുക്കുന്നവരുമായ അയൽപക്കക്കാരും നമ്മുടെ നാടുകളിലുണ്ടെന്നറിയുക.

സമൂഹത്തിന്റെ ഭദ്രതക്കും കെട്ടുറപ്പിനും അനിവാര്യമായ ഒരു ഘടകമാണ് അയൽക്കാർ തമ്മിലുള്ള നല്ല ബന്ധം. ഒരു ആപത്ത് സംഭവിച്ചാൽ അടുത്ത ബന്ധുക്കളെത്തും മുമ്പെ ഓടി വരാനുള്ള അയൽക്കാരുമായി നല്ല ബന്ധം സ്ഥാപിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. പരസ്പരം വിട്ടുവീഴ്ച ചെയ്തും പൊറുത്തു കൊടുത്തും പിണങ്ങിക്കഴിയുന്ന അയൽക്കാരെ ഇണക്കിയെടുക്കാൻ ശ്രമിക്കണം.

അയൽപക്ക ബന്ധത്തിന് ഏറെ പ്രാധാന്യം നൽകുന്ന മതമാണ് ഇസ്‌ലാം.

എല്ലാവരും നന്മ നിറഞ്ഞ അയൽക്കാരാവുക. ഊഷ്മളമായ അയൽപക്ക ബന്ധങ്ങൾക്കായി ആശിക്കുക. അതിനായി പ്രാർഥിക്കുക.

Let's scaffold to survive

Relief .......without boundaries

# WISDOM FLOOD RELIEF

## Rs.10 Crore Wisdom Project for Flood Relief

Dear Sir,

Assalamu Alaikum..!

In the wake of recent flood in Kerala, the State level meeting of Wisdom Islamic Organisation, held on 15th August 2019, has resolved to implement a Rs.10 Crore Project for Flood Relief.

We are preparing a detailed plan as per the reports recieved from different districts for Construction of houses, Repair of houses, Cleaning and repairing the wells, Supply of food, dress, home appliances, school kits and loss of business and agriculture etc.

A joint effort is very much essential for the successful implementation of the above project. You can participate in the project by taking up any of the above projects fully or partially or otherwise try to get sponsors for the same.

It is also resolved to donate the income of two days of each Wisdom member to this noble venture. The details will be available soon.

May the Almighty empower all of us for the successful implementation of all our plans... (Aameen)

The Account details for transferring the Relief fund:

Wisdom Islamic Organization
Ac/No: 37489072044
State Bank of India
Palayam Branch
IFS CODE : SBIN0008635

Mob: 9567 070 031 - Whatsapp Only

official WISDOM ISLAMIC ORGANIZATION

C.V. Complex, P.V. Swami Road,
Kozhikode - 673002, Ph: 0495 4019437

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
16 NOVEMBER 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS

PUBLISHING || DISTRIBUTION

Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി.വി.എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |